THE LAW
FREDERIC BASTIAT

# നിയമം

ഫ്രെഡറിക് ബാസ്റ്റിയാറ്റ്



# നിയമം

**The Law**

Copyright © 1998 by the Foundation for Economic Education
All rights reserved. No part of this book may be reproduced or transmitted in any form or by any means, electronic or mechanical, including photocopying, recording or by any information storage and retrieval system without permission in writing from the publisher, except by a reviewer, who may quote brief passages in a review.

Foundation for Economic Education
30 South Broadway
Irvington-on-Hudson, NY 10533
(914) 591-7230

**Publisher's Cataloging in Publication**
***(Prepared by Quality Books, Inc.)***

Bastiat, Frederic, 1801-1850
[Loi. English]
The law / Frederic Bastiat. — 2nd ed. p. cm.
Includes index
Preassigned LCCN: 98-73568
ISBN 1-57246-073-3

1. Law and socialism. 2. Law—Philosophy. 3. Socialism and liberty. I. Title.

K357.B37 1998 340.115 QBI98-1118

Second edition, August 1998
second printing, September 2000; third printing, October 2001
fourth printing, June 2004

Translated to Malayalam by Centre for Public Policy Research, India.
'Anitha', 1st floor,S.A. Road, Elamkulam
Kochi, Kerala, India- 682 020
Ph : +91 484 6469117 / 4043895
cppr@cppr.in
www.cppr.in
Follow us:
www.facebook.com/cpprindia
www.twitter.com/CPPRIndia
www.linkedin.com/company/centre-for-public-policy-research
Download Mobile App at Google Play Store**CPPR India**

This books translation is made possible with the support grant from Atlas Network, Washington DC, USA

# ആമുഖം

റിച്ചാർഡ് എബ്ലിംഗ് (Richard Ebeling)

സാമ്പത്തിക സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രതിരോധം ഒരിക്കലും ഒരു എളുപ്പമുള്ള കാര്യമല്ല. ദ വെൽത്ത് ഓഫ് നേഷ്യൻസ് (The Wealth of Nations) എന്ന ഗ്രന്ഥത്തിൽ ആദം സ്മിത്ത് ഇക്കാര്യത്തോടുള്ള ബുദ്ധിമുട്ട് വ്യക്ത മാക്കിയിട്ടുണ്ട്. പണമാണ് ഏക ധനം എന്ന പഴഞ്ചൻ സിദ്ധാന്തത്തിനെതിരെയും 18 – ാം നൂറ്റാണ്ടിലെ സർക്കാർ നിയന്ത്രണങ്ങൾക്കും പദ്ധതികൾക്കും എതിരെയും ശക്തമായ എതിർപ്പുകൾ ഉന്നയിച്ചതിനുശേഷം അദ്ദേഹം, ഗ്രേറ്റ് ബ്രിട്ടനിൽ സ്വാതന്ത്ര്യവ്യാപാരം എന്നെ ആശയം ഒരു ആദർശരാഷ്ട്രം എന്ന സ്വപ്നംപോലെ യാണ് എന്ന് പറയുവാനും മടിച്ചില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സാമ്പത്തിക സ്വാതന്ത്ര്യം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ രണ്ട് പ്രധാന തടസ്സങ്ങൾ ഉണ്ട്. ഒന്നാമതായി പൊതുജനങ്ങളുടെ ഇക്കാര്യത്തിലുള്ള മുൻവിധി. രണ്ടാമത്തേതും, മറികടക്കാൻ പറ്റാത്തതു മായ കാരണം, പല വ്യക്തികളുടെയും സ്വകാര്യ താൽ പര്യമാണ്. അവർ സാമ്പത്തിക സ്വാതന്ത്ര്യത്തെ തുടർച്ച യായി എതിർക്കുകയും ചെയ്യും. പൊതുജനങ്ങളുടെ മുൻവിധി എന്നതുകൊണ്ട് ആദം സ്മിത്ത് (Adam Smith) ഉദ്ദേശിക്കുന്നത് സാധാരണ സർക്കാർ ഇടപെടലുകളി ലൂടെയും, നിയന്ത്രണങ്ങളെയും താരതമ്യപ്പെടുത്തു മ്പോൾ സ്വാതന്ത്ര്യ വിപണന നയങ്ങളുടെ മേന്മ കാണി ക്കുന്നതിന് സാമ്പത്തിക വിദഗ്ധർ പിൻതുടർന്ന കുത്ത ഴിഞ്ഞതും മനസ്സിലാക്കാൻ പറ്റാത്തതുമായ വാദങ്ങ ളെയാണ്. പല വ്യക്തികളുടെയും സ്വകാര്യ താൽപര്യ ങ്ങൾ എന്നതുകൊണ്ട് ആദം സ്മിത്ത് ഉദ്ദേശിച്ചത് സർക്കാർ നിയന്ത്രണങ്ങൾ കൊണ്ട് ഉത്ഭവിക്കുന്ന സ്വാതന്ത്ര്യ മത്സരത്തിലുള്ള പരിമിതികൾ കൊണ്ട് ലാഭം

ഉണ്ടാക്കുന്ന പ്രത്യേക താൽപര്യക്കാരെയാണ്. അവർ സർക്കാർ നിയന്ത്രണങ്ങൾ മാറ്റാൻ സമ്മതിക്കുകയില്ല. ആദം സ്മിത്തിന്റെ അഭിപ്രായത്തിൽ മേൽ പറഞ്ഞ രണ്ട് കാര്യങ്ങളും ഒന്നിച്ചു പ്രവർത്തിച്ച്, രാഷ്ട്രീയവും ആശയപരവുമായ തലത്തിൽ സാമ്പത്തിക സ്വാതന്ത്ര്യം എന്ന സ്വാഭാവിക നീതി ഉണ്ടാക്കുവാൻ സമ്മതിക്കില്ല എന്നതാണ്. എന്നാൽ 19 – ാം നൂറ്റാണ്ടിൽ സാമ്പത്തിക സ്വാതന്ത്ര്യം എന്ന ആശയത്തെ വളരെ ലളിതവൽക്കരിച്ച് സാധാരണക്കാരന് മനസ്സിലാക്കാൻ പറ്റുന്ന വിധത്തിൽ പ്രകടിപ്പിക്കാൻ കഴിവുള്ള ഒരു വ്യക്തിയുണ്ടായിരുന്നു ആ വ്യക്തിയാണ് പ്രസിദ്ധ ഫ്രഞ്ച് ക്ലാസിക്കൽ ഉദാരീകരണ ധനതത്വശാസ്ത്രജ്ഞൻ ശ്രീ. ഫ്രെഡറിക് ബാസ്റ്റിയാറ്റ് (Frederic Bastiat) (1801-1850) സോഷ്യലിസത്തിന്റെയും, ഇടപെടൽ വത്കരണത്തിന്റെയും സംരക്ഷണ വാദത്തിന്റെയും മറ്റും ആശയങ്ങളെ എതിർക്കാനും ഇല്ലായ്മ ചെയ്യാനും ബാസ്റ്റിയാറ്റിനുണ്ടായിരുന്ന പ്രത്യേക കഴിവ് സാമ്പത്തിക ശാസ്ത്രജ്ഞരായ ഒന്നിലേറെ ചരിത്രകാരൻമാർ അടിവരയിട്ട് പറഞ്ഞിട്ടുണ്ട്. സർ അലക്സാണ്ടർ ഗ്രേ (Sir Alexander Grey) യുടെ വാക്കുകളിൽ "തന്റെ പ്രതിയോഗിയുടെ ആശയങ്ങൾ ഇത്രകണ്ട് വിഡ്ഢിത്തമാണ് എന്ന് തോന്നിപ്പിക്കുവാൻ കഴിവുള്ള മറ്റൊരാളും ഉണ്ടായിരുന്നില്ല. ഇപ്പോഴും അദ്ദേഹത്തിന്റെ ഏറ്റവും നശ്വരമായ കൃതികൾപോലും വായിക്കുന്നത് ഒരു അനുഭൂതിയാണ്. അത്തരം വ്യക്തികളിൽ കാണുന്ന ബുദ്ധി വൈഭവവും, ദയയില്ലാത്ത കളിയാക്കലും, തന്റെ എതിരാളികളെ നിഷ്പ്രഭമാക്കുന്ന ശൈലിയും അറിയേണ്ടത് തന്നെയാണ്." ലൂയിസ് ഹീനി (Lewis Haney) ബാസ്റ്റിയാറ്റിനെപ്പറ്റി പറഞ്ഞത് "എത്രയും ഉജ്ജ്വലവും ഇഷ്ടപ്പെടുന്നതുമായ ശൈലിയിൽ, എത്രയും സമർത്ഥമായതും ഭാവനാജനികവുമായതും വിപരീതാർത്ഥ പ്രയോഗം ഉപയോഗിച്ചുകൊണ്ട് ജനങ്ങളെ കൈയിലെടുക്കുന്ന രീതി എഡ്വേർഡ് ഹൈമ്മൻ (Eduard Heimann) എന്ന സ്വകാര്യ വിപണി വിമർശകനായ എഴുത്തുകാരൻ ബാസ്റ്റിയാറ്റിനെപ്പറ്റി പറഞ്ഞത് ഇപ്രകാരമാണ്. "ഒരു ധീരശാലിയായ എഴുത്തുകാരനാണ് അദ്ദേഹം. വ്യവസായങ്ങളുടെ പുരോഗതിയിലൂടെ സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കാമെന്നും ഏകപക്ഷീയമല്ലാത്ത മത്സരത്തിലൂടെയാകണം അതെന്നും സമർത്ഥിച്ച ലോക പ്രശസ്ത എഴുത്തുകാരൻ."

ചാൾസ് ജീഡ്യേയുടെയും (Charles Gide) ചാൾസ് റിസ്റ്റിന്റെയും (Charles Rist) വാക്കുകൾ ഇപ്രകാരമാണ്. "പുതുയുഗ സംരക്ഷണവാദികൾ വിദേശ വസ്തുക്കളുടെ കടന്നുകയറ്റത്തെപ്പറ്റി, അവയുടെ ഒരു രാജ്യത്തേക്കുള്ള മഴവെള്ള പാച്ചലിനെപ്പറ്റി, പറയാതിരിക്കാനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് ബാസ്റ്റിയാറ്റ് എഴുതിയിട്ടുള്ള ചെറുതും എന്നാൽ ആദരിക്കേണ്ടതുമായിട്ടുള്ള

ലഘുലേഖകൾകൊണ്ടാണ് എന്നതാണ് സത്യം. രാജ്യങ്ങൾ തമ്മിൽ വേർതിരിക്കുന്ന മലകൾക്കുള്ളിലൂടെ സാധനങ്ങൾ കൈമാറ്റം ചെയ്യാൻ വേണ്ടി ടണലുകൾ ഉണ്ടാക്കിയതിനുശേഷം, ഉണ്ടാക്കുമ്പോൾ തന്നെ ചുങ്കമൂല്യമുള്ള തടസ്സങ്ങൾ വ്യവസ്ഥ ചെയ്യുന്ന വിഡ്ഢിത്തത്തെ ഇത്ര നിന്ദ്യമായ ഭാഷയിൽ വിമർശിക്കാൻ മറ്റാർക്കും കഴിയില്ല". സംരക്ഷണവാദികളുടെയും പരിപാലനവാദികളെയും തന്റെ ശക്തമായ വാദങ്ങൾകൊണ്ട് ബാസ്റ്റിയാറ്റ് വിമർശിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ തീക്ഷ്ണമായ വിമർശനം അന്തസ്സുള്ള ഭാഷയിലും അക്ഷോഭ്യമായ വിധത്തിലുമായിരുന്നു എന്നുമാത്രം അദ്ദേഹം തന്റെ എതിരാളികളുടെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്തിരുന്നില്ല എന്നതുമാണ്. "ഇതാണ് വില്ല്യം സ്കോട്ട് (William Scott) എന്ന ഫ്രഞ്ച് പരിഷ്കരണവാദിയുടെ അഭിപ്രായത്തിൽ ബാസ്റ്റിയാറ്റ് തന്റെ എതിരാളികൾക്കുള്ള, സമൂഹത്തെ നന്നാക്കാനുള്ള ആഗ്രഹത്തെ പൂർണ്ണമായി, അംഗീകരിക്കുകയും എന്നാൽ അവരുടെ പാത ശരിയല്ലെന്ന് അവരെ ബോദ്ധ്യപ്പെടുത്തി, പറ്റുമെങ്കിൽ ശരിയായ പാതയിലേക്ക് നയിക്കുവാൻ ശ്രമിച്ചു".

അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ ഗുണങ്ങളാണ് ജോസഫ് എ. ഷുംപീറ്റർ (Joseph. A. Schumpeter) എന്നിവരെക്കൊണ്ട് ബാസ്റ്റിയാറ്റ് ആണ് "ജീവിച്ചിരുന്നതിൽവെച്ച് ഏറ്റവും മിടുക്കനായ സാമ്പത്തിക പത്രപ്രവർത്തകൻ എന്ന് പറയിച്ചത്".

ലുഡ്‌വിംഗ് വോൺ മിസസ് (Ludwing Von Mises) ബാസ്റ്റിയാറ്റിനെ പ്രകീർത്തിച്ചത് "മിടുക്കനായ ശൈലി വല്ലഭവൻ എന്നും, അദ്ദേഹം എഴുതിയതൊക്കെയും വായിക്കുന്നത് ശരിയായ സുഖം ഉണ്ടാക്കുന്നതുമാണ്" എന്നതാണ്. സംരക്ഷണവാദികൾക്കും അതുപോലെയുള്ള ചിന്താഗതിക്കാർക്കും എതിരെ അദ്ദേഹം നടത്തിയ വിമർശനത്തെക്കാൾ വലിയ വിമർശനം ഇന്നുവരെ ഉണ്ടായിട്ടില്ല എന്നു മാത്രമല്ല സംരക്ഷണവാദികളും ഇടപെടൽ വാദികൾക്കും അദ്ദേഹത്തിന്റെ വാദമുഖങ്ങൾക്കെതിരായി ബുദ്ധിപൂർവ്വമായ ഒരു മറുപടിപോലും നൽകാൻ സാധിച്ചില്ല".

മറ്റു ചില എഴുത്തുകാർ ബാസ്റ്റിയാറ്റിനെ പിൻതുടർന്നുവരുന്നുമുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജീവിച്ചിരുന്ന ഫ്രഞ്ച് സ്വാതന്ത്ര്യവിപണി ധനതത്വശാസ്ത്രജ്ഞൻ ഈവ്വ് ഗിയ്യോവിന്റെ (Yves Guyot) ചെറിയ പുസ്തകമായ 'സാമ്പത്തിക മുൻവിധികളിൽ' ഫെഡറിക് ബാസ്റ്റിയാറ്റിന്റെ കാൽപ്പാടുകൾ പിൻതുടർന്നുകൊണ്ട് രചിച്ചിട്ടുള്ളതാണെന്നും അതിന്റെ ഉദ്ദേശം തന്നെ സത്യസംഗതികൾ വളരെ ലഘുവായിട്ടുള്ളതും എളുപ്പമായതുമായ ശൈലിയിലും

വിവരിക്കാനും എളുപ്പത്തിൽ ഓർക്കാനും പറ്റുന്ന തരത്തിൽ ബാസ്റ്റിയാറ്റ് 50 കൊല്ലം മുൻപ് ചെയ്തപോലെ, തെറ്റുകൾ ആർക്കും മനസ്സിലാകുന്ന വിധത്തിൽ ചൂണ്ടികാട്ടുന്നതിനുവേണ്ടിയാണ് എന്നും പറഞ്ഞിട്ടുണ്ട്. ഹെന്റ്റി ഹാസിലെറ്റ് (Henry Hazliet) 'ഒരു പാഠത്തിൽ ധനതത്വശാസ്ത്രം' എന്ന ഗ്രന്ഥ മാണ് ബാസ്റ്റിയാറ്റിന്റെ ശൈലിയെയും ആശയത്തെയും ഉൾക്കൊണ്ടുകൊണ്ട് ഉണ്ടാക്കിയ 20-ാം നൂറ്റാണ്ടിന്റെ ഏറ്റവും പ്രസിദ്ധമായ കൃതി. അതിൽ ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. ബാസ്റ്റിയാറ്റിന്റെ "വാട്ട് ഈസ് സീൻ ആന്റ് വാട്ട് ഈസ് നോട്ട് സീൻ" (What is seen and What is not seen) എന്ന ലഘുലേഖയുടെ പുതുക്കിയ പതിപ്പായി തുടർച്ചയായും, ഏകോപന മായും ഈ കൃതിയെ കാണാവുന്നതാണ്."

ഒരു വലിയ കച്ചവടക്കാരന്റെ മകനായി ഫ്രാൻസിലെ ബയോൺ (ആമ്യീല) എന്ന സ്ഥലത്ത് 1801 ജൂൺ 30-ാം തീയതിയാണ് ക്ലോഡ് ഫെഡറിക് ബാസ്റ്റിയാറ്റ് (Cloade Frederic Bastiat) ജനിച്ചത്. അദ്ദേഹത്തിന് ഏഴ് വയ സ്സുള്ളപ്പോൾ അമ്മ മരിച്ചു. രണ്ടുകൊല്ലത്തിനുശേഷം അച്ഛനും മരിച്ചു. അദ്ദേ ഹത്തെ വളർത്തിയത് അദ്ദേഹത്തിന്റെ അമ്മായിയായിരുന്നു. അവരാണ് അദ്ദേ ഹത്തിന് പതിനാല് വയസ്സുള്ളപ്പോൾ അദ്ദേഹത്തെ കോളേജ് ഓഫ് സോർസിൽ (College of Soreze) ചേർത്തത് എന്നാൽ പഠിത്തം മുഴുവിപ്പിക്കാതെ പതി നേഴാം വയസ്സിൽ ബയോണിൽ ഉള്ള അമ്മാവന്റെ കച്ചവട സ്ഥാപനത്തിൽ ചേർന്നു. കുറച്ചു കഴിഞ്ഞപ്പോഴാണ് അദ്ദേഹത്തിന്റെ ജീവിതത്തെയും ചിന്ത യെയും മാറ്റി മറിച്ച് ഫ്രെഞ്ച് പ്രാചീന സ്വാതന്ത്ര്യ ധനതത്വശാസ്ത്രജ്ഞനായ (ജോൺ ബാപ്റ്റിസ്റ്റ് സേയുടെ (Jean Baptist Say) ഗ്രന്ഥങ്ങളെ പരിചയപ്പെട്ടത്. തുടർന്ന് അദ്ദേഹം രാഷ്ട്രീയ ധനതത്വശാസ്ത്രത്തെ ഗൗരവമായി പഠിക്കുകയും ഫ്രാൻസി ലെയും ബ്രിട്ടനിലെയും, പൗരാണിക സ്വാതന്ത്ര്യ എഴുത്തുകാരുടെ ഗ്രന്ഥങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

1825 ൽ മഗ്റിൺ (Mugron) എന്ന സ്ഥലത്ത് പിതാമഹനിൽ നിന്നും ഒരു ചെറിയ സ്ഥലം പിൻതുടർച്ചവഴി, അദ്ദേഹത്തിന് കിട്ടുകയും 1846 ൽ പാരീസി ലേക്ക് പോകുന്നതുവരെ അവിടെ തങ്ങുകയും ചെയ്തു. അവിടെയുള്ള ഇരു പത് വർഷം ബാസ്റ്റിയാറ്റ് തന്റെ മുഴുവൻ സമയവും ഉപയോഗിച്ചത് വിവിധ വിഷ യങ്ങളിലുള്ള ഗ്രന്ഥങ്ങൾ പഠിക്കാനായിരുന്നു. തന്റെ ഉറ്റ ചങ്ങാതിയായ ഫെലിക്സ് കോഡ്രോയി (Felix Coudroy) യുമായി ആശയങ്ങളും പുസ്തക ങ്ങളും കൈമാറുമായിരുന്നു. ആദ്യം സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനായ കൗഡ്രോ തന്റെ കൂട്ടുകാരൻ ബാസ്റ്റിയാറ്റിന്റെ വ്യക്തമായ ചിന്തയുടെയും

എഴുത്തുകളുടെയും, വാദങ്ങളുടെയും സ്വാധീനത്തിൽ സ്വാതന്ത്ര്യം എന്ന തത്വശാസ്ത്രത്തിലേക്ക് മാറി ചിന്തിച്ചു.

1820 ലും 1830 ലും വിവിധങ്ങളായ സാമ്പത്തിക വിഷയങ്ങളെപ്പറ്റി ബാസ്റ്റിയാറ്റ് ഉപന്യാസങ്ങളും ഏക വിഷയ പ്രബന്ധങ്ങളും രചിച്ചു തുടങ്ങി. എന്നാൽ അദ്ദേഹത്തിന്റെ പേര് യഥാർത്ഥത്തിൽ അറിയപ്പെട്ടു തുടങ്ങിയത് 1844-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച സ്വകാര്യ വിപണനത്തെ അനുകൂലിച്ചു കൊണ്ടുള്ള വലിയ ലേഖനത്താലും കോബ്ഡെൻ ആന്റ് ദ ലീഗ് (Cobden and The League) എന്ന ഇംഗ്ലീഷ് മൂവ്മെന്റ് ഓഫ് ഫ്രീ ട്രേഡ് ( English Movement for Free trade) എന്ന പ്രബന്ധത്താലുമാണ്. ഈ കൃതികൾ എഴുതി തുടങ്ങിയപ്പോൾ തന്നെ അദ്ദേഹം ബ്രിട്ടീഷ് ആന്റി കോൺ ലോ ലീഗ് (British Anti - Corn Law league) എന്ന സ്വതന്ത്ര്യ നിയമ കൂട്ടായ്മയുടെ ആദ്യകാല നേതാക്കളിൽ ഒരാളായ റിച്ചാർഡ് കോബ്ഡനുമായി കത്തിടപാടുകൾ തുടങ്ങി. സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ ഈ രണ്ടു പ്രയോക്താക്കളും വളരെ പെട്ടെന്ന് അടുത്ത സുഹൃത്തുക്കളായി. അവരിരുവരും സ്വാതന്ത്ര്യത്തിന്റെ ആശ്യങ്ങൾക്ക് പരസ്പരം പിൻതുണ നൽകി.

ഇപ്രകാരമുള്ള കൃതികളുടെ വിജയവും 1846 ബ്രിട്ടനിലെ കാർഷിക സംരക്ഷക പ്രസ്ഥാനത്തിന്റെ അന്ത്യം കുറിച്ച റിച്ചാർഡ് കോബ്ഡെന്റെ (ശരവമൃറ രീയറലി) സ്വതന്ത്ര്യ വ്യാപാര നടപടികളുടെ വിജയവും ബാസ്റ്റിയാറ്റ് പാരീസിലേക്ക് മാറാനും ഫ്രഞ്ച് സ്വകാര്യ വിപണന സംഘടന രൂപീകരിക്കാൻ അതിന്റെ ആശയങ്ങൾക്കു വേണ്ടി 'ലെ ലിബ്രേ എചേഞ്ച്' (Le libre-Hchange) എന്ന വാർത്താപത്രം തുടങ്ങാനും ഇടയായി. രണ്ടു വർഷക്കാലം അദ്ദേഹം സ്വാതന്ത്ര്യ വ്യാപാരത്തെ സംഘടിപ്പിക്കാനും പ്രചരിപ്പിക്കാനും ചിലവഴിച്ചു. ആദ്യകാലഘട്ടത്തിൽ അദ്ദേഹത്തിന്റെ നടപടികളെ പിൻതുണക്കുന്നതിനുവേണ്ടി പ്രസംഗങ്ങൾ നടത്താനും പൊതുജന അഭിപ്രായം മാറ്റാനുള്ള ലേഖനങ്ങൾ തയ്യാറാക്കാനും ഫ്രഞ്ച് സംരക്ഷണ നയങ്ങളെ ഇല്ലാതാക്കുന്ന നിയമങ്ങൾ ഉണ്ടാക്കുന്നതിനും മറ്റും വ്യാപാര വ്യവസായ മേഖലകളിൽ നിന്നും നിരവധി ആളുകളെ ആകർഷിക്കാൻ അദ്ദേഹത്തിനായി. പക്ഷെ അതിന് വലിയ പ്രയോജനം ഉണ്ടായില്ല. സർക്കാരിൽനിന്നും കിട്ടുന്ന സഹായങ്ങളുടെയും അവകാശങ്ങളുടെയും ഗുണഭോക്താക്കളായ നിരവധി പ്രത്യേക താത്പര്യ ഗ്രൂപ്പുകൾ ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ ആശയങ്ങളെ അനുസ്യൂതം പിൻതുണയ്ക്കാനുള്ള പൊതു ജനാഭിപ്രായം ഉണ്ടാക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. ആദം സ്മിത്ത് കുറ്റപ്പെടുത്തിയ പൊതുജനത്തിന്റെ മുൻവിധിയും, താത്പര്യങ്ങളുടെ ശക്തിയും ഫ്രാൻസിലെങ്കിലും വ്യക്തമായിരുന്നു.

1848 ലെ ഫ്രഞ്ച് വിപ്ലവത്തിനുശേഷം ബാസ്റ്റിയാറ്റ് രാഷ്ട്രീയത്തിൽ ഒരു കൈനോക്കി. ആദ്യം ഫ്രഞ്ച് ഭരണഘടനാ സഭയിലും പിന്നീട് നിയമസഭയിലും അദ്ദേഹം അംഗമായി. സംരക്ഷണ നയങ്ങളുടെ പാളിച്ചകൾ തന്റെ എഴുത്തുകളിൽ തുറന്നുകാട്ടിയ അദ്ദേഹം അതിനുശേഷം സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ പുതിയ ശത്രുവായ സോഷ്യലിസത്തിന്റെ നേരെ തിരിഞ്ഞു. നിയമസഭയിൽ അദ്ദേഹം പൊതുമരാമത്ത് പദ്ധതികൾക്കെതിരെയും, ദേശീയ തൊഴിൽ ഉറപ്പ് പദ്ധതികൾക്കെതിരെയും സ്വത്ത് വിഭജിച്ചുകൊടുക്കുന്നതിനെതിരെയും വ്യവസായങ്ങൾ ദേശവൽക്കരിക്കുന്നതിനെതിരെയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം സാമൂഹ്യ സാമ്പത്തിക മേഖലകളിൽ നടത്തുന്ന കടന്നുകയറ്റത്തിനെതിരെയും അദ്ദേഹം ശക്തമായി വാദിച്ചു. എന്നാൽ ക്ഷയരോഗം മൂർച്ഛിച്ചതുമൂലം ശബ്ദം കുറഞ്ഞതുമൂലമോ അദ്ദേഹം എഴുത്തിലേക്ക് തിരിഞ്ഞു. സോഷ്യലിസ്റ്റുകളുടെ വാദങ്ങളുടെ അസംബന്ധങ്ങളെ തുറന്നു കാട്ടി അദ്ദേഹം നിരവധി ഉപന്യാസങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു.

1850 ഫെബ്രുവരിയിലാണ് ബാസ്റ്റിയാറ്റ് നിയമസഭയിൽ അവസാനമായി വന്നത്. ആ കൊല്ലത്തെ വസന്തത്തോടൊപ്പം തന്നെ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വലിയതോതിൽ മോശമാവുകയും നിയമസഭയിൽ ഉത്തരവാദിത്വത്തിൽനിന്ന് അദ്ദേഹം ഒഴിവാകുകയും ചെയ്തു. ദക്ഷിണ ഫ്രാൻസിലെ പിരണീസ് മലനിരകളാണ് ആ കൊല്ലത്തെ വേനൽകാലം അദ്ദേഹം ചെലവഴിച്ചത്. ക്ഷയരോഗത്തിനുള്ള ചികിത്സയ്ക്കുവേണ്ടി ഇറ്റലിയിലേക്ക് തിരിക്കുന്നതിനുമുൻപ് സെപ്തംബർ മാസത്തിൽ ഫ്രാൻസിൽ തിരിച്ചെത്തുകയും സ്വാതന്ത്ര്യ വ്യാപാര വാദികളായ സുഹൃത്തുക്കളെ കാണുകയും ചെയ്തു. 49-ാം വയസ്സിൽ 1850 ഡിസംബർ 24-ാം തീയതി റോമാ നഗരത്തിൽ വെച്ച് അദ്ദേഹം അന്തരിച്ചു.

ഫെഡറിക് ബാസ്റ്റിയാറ്റിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ഭൗതിക പ്രബന്ധം മൂന്ന് വാല്യങ്ങളിലായി ഉൾക്കൊള്ളുന്നു. അതിൽ ഇക്കണോമിക് സോഫിസംസ്, രാഷ്ട്രീയ ധനതത്വശാസ്ത്രത്തിലെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ എന്ന പേരിലുള്ള രണ്ട് കൃതികളാണ് അദ്ദേഹത്തിന്റെതായിട്ടുള്ളത് രണ്ട് വാല്യങ്ങൾ ഇംഗ്ലീഷിൽ ലഭ്യമാണ്. ആ രണ്ട് വോള്യങ്ങളിലാണ് അദ്ദേഹത്തിന്റെ ഏറ്റവും കുറിക്ക് കൊള്ളുന്ന ഹാസ്യാത്മകവും ദീർഘവീക്ഷണവുമുള്ള ഉപഞ്ജാസങ്ങളും ലേഖനങ്ങളും ഉള്ളത്.

അദ്ദേഹത്തിന്റെ അവസാന കാലഘട്ടത്തിൽ അദ്ദേഹം സാമൂഹ്യ തത്വശാസ്ത്രത്തിലും സാമ്പത്തിക സിദ്ധാന്തങ്ങളിലും പൊതുവായി എഴുതിയ

ലേഖനങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് ഇക്കണോമിക് ഹാർമണീസ് എന്ന പുസ്തകത്തിലാണ്.

ഹെൻറി ഹാസിലെറ്റ് (Henry Hazlitt) ശരിയായി പറഞ്ഞിട്ടുള്ളതുപോലെ 1850 ൽ അദ്ദേഹം മരിക്കുന്നതിന് തൊട്ടുമുൻപ് എഴുതിയിട്ടുള്ള വാട്ട് ഈസ് സീൻ ആന്റ് വാട്ട് ഈസ് നോട്ട് സീൻ എന്ന ഉപന്യാസത്തിലാണ് അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ കേന്ദ്രബിന്ദു ഉൾക്കൊള്ളുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായ ത്തിൽ ഒരു പ്രവർത്തിയുടെയോ ആശയത്തിന്റെയോ പെട്ടെന്ന് ഉളവാക്കുന്ന ഫലവും ദീർഘകാലത്തുളവാകുന്ന ഫലവും തമ്മിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടാകും. യഥാർത്ഥത്തിൽ പദ്ധതിയിട്ടതുപോലെയായിരിക്കണമെന്നില്ല. ഇക്കാ ര്യങ്ങളിൽ ഉണ്ടാകുന്ന വിദൂരപരിണിതഫലം. ബാസ്റ്റിയാറ്റിനെ നികുതികളിലും സർക്കാർ ജോലികളിലും കാണാവുന്നതും കാണാൻ പറ്റാത്തതുമായ ആശയ ങ്ങളെ സംബന്ധിച്ച് ഉപയോഗിക്കാൻ കഴിയും. സർക്കാർ നികുതികളെകൊണ്ട് കാണുന്ന ഫലം തൊഴിലാളികൾക്ക് തൊഴിലും അവരുടെ അദ്ധ്വാനം കൊണ്ട് ഉണ്ടാകുന്ന റോഡുകളും, പാലങ്ങളും, കനാലുകളുമാണ്. എന്നാൽ അപ്രകാ രമുള്ള നികുതി പണം സ്വകാര്യ മേഖലകളിലെ വ്യക്തികളിൽ നിന്നും എടുക്കാതെ സർക്കാർ തന്നെ തൊഴിലാളികൾക്ക് തൊഴിൽ ഉണ്ടാക്കാതെ യും ഇരുന്നാൽ മേൽപ്പറഞ്ഞ പണം ഉപയോഗിച്ച് സ്വകാര്യ വ്യക്തികൾ ഉണ്ടാക്കുന്ന കാര്യങ്ങളാണ് കാണാത്ത ഫലം. സ്വകാര്യ വ്യക്തികളിൽ നിന്നും എടുക്കാതെ സർക്കാർ ഒന്നും ഉണ്ടാക്കുന്നില്ല.

സോഷ്യലിസ്റ്റുകളുടെയും സംരക്ഷണവാദികളുടെയും ആശയങ്ങളിലെ തെറ്റും വൈരുദ്ധ്യങ്ങളും തുറന്നു കാട്ടാൻ ബാസ്റ്റിറ്റ് വളരെ ലളിതമായതും എന്നാലും വളരെ പ്രാധാന്യമുള്ളതുമായ മേൽപ്പറഞ്ഞ ആശയമായ ആയുധമാണ് ഉപയോ ഗിക്കുന്നത്. അദ്ദേഹത്തിന്റെ ഉപജ്ഞാസങ്ങളായ "ധാരാളിത്തവും ദൗർലഭ്യവും, "തടസ്സങ്ങളും കാരണങ്ങളും", "പ്രയത്നങ്ങളും ഫലങ്ങളും" എന്നിവയിലെല്ലാം കൂടി അദ്ദേഹം കാണിച്ചുതരുന്നത് സ്വതന്ത്ര്യവ്യാപാരത്തിനുള്ള തടസ്സങ്ങളും, നിരോധനങ്ങളും ദാരിദ്ര്യത്തിലേക്ക് നയിച്ചു എന്നതാണ്.

അദ്ദേഹം സൂചിപ്പിക്കുന്നത് നമ്മൾ ഓരോരുത്തരും ഉപഭോക്താക്കളും ഉല്പാദകരും എന്നതാണ്. ഒരു വസ്തു നമ്മൾക്ക് ഉപയോഗിക്കണമെങ്കിൽ ഒന്നുകിൽ അത് നമ്മൾ തന്നെ ഉണ്ടാക്കുകയും അല്ലെങ്കിൽ നമ്മൾക്കാവശ്യമുള്ള വസ്തു കൈവശമുള്ള ആൾക്ക് ആവശ്യമുള്ള ഒരു വസ്തു നമ്മൾ ഉണ്ടാക്കി രണ്ടുവസ്തുക്കൾ തമ്മിൽ കൈമാറ്റം ചെയ്യുകയോ വേണം എന്ന യാഥാർ ത്ഥ്യമാണ്. ഉപഭോക്താക്കൾ എന്ന നിലയ്ക്ക് നമ്മൾക്ക് ഏറ്റവും കൂടുതൽ

വസ്തുക്കൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് കിട്ടണമെന്ന വിചാരമാണ്. വേറെ വാക്കിൽ പറഞ്ഞാൽ നമ്മുക്ക് ധാരാളിത്തം ആവശ്യമാണ്. എന്നാൽ ഉൽപാദകരായ നമ്മൾക്ക് നമ്മുടെ വസ്തുക്കൾ വിപണിയിൽ ദൗർലഭ്യമുള്ളതാകണമെന്നാണ് ആഗ്രഹം. ഒരു തുറന്ന മത്സരമുള്ള വിപണി കൈമാറ്റങ്ങൾ സ്വന്തം ഇഷ്ട പ്രകാരം മാത്രം നടക്കുന്നതാണ്. അപ്രകാരമുള്ള വിപണിയിൽ ഉപഭോക്താക്കളെ കിട്ടാനും കൂടുതൽ വരുമാനം ഉണ്ടാകാനും അതുമൂലം നമ്മൾക്കു വേണ്ട സാധനങ്ങൾ വാങ്ങുവാനും ഉള്ള ഏക മാർഗ്ഗം നമ്മളുമായി മത്സരിക്കുന്ന വരെക്കാൾ നല്ലതും വിലകുറഞ്ഞതും കൂടുതലുമായ വസ്തുക്കൾ ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുക എന്നതു മാത്രമാണ്. ഇതല്ലാതെ ഉള്ള ഒരു വഴി ഉൽപാദകരായ നമ്മൾ ഭരണകൂടത്തെ ആശ്രയിക്കും നമ്മൾക്ക് സമാധാനപരവും അക്രമരഹിതവും ആയി വിപണിയിൽ നിന്നും നേടാൻ പറ്റാത്ത വസ്തുക്കൾ നമ്മുടെ അയൽക്കാരിൽ നിന്നും ഭരണകൂടവ്യവസ്ഥ ഉപയോഗിച്ച് നേടിയെടുക്കലുമാണെന്ന് ബാസ്റ്റിയാറ്റ് നമ്മളെ താക്കീത് ചെയ്തു.

# അവതാരിക

**വാൾട്ടർ ഇ. വില്യംസ് (Walter E . Williams)**

എനിക്ക് 40 വയസ്സ് പ്രായമുള്ളപ്പോഴാണ് ഞാൻ ഫെഡറിക് ബാസ്റ്റിയാറ്റിൻെറ "നിയമം" എന്ന ക്ലാസിക്കൽ ഗ്രന്ഥം വായിച്ചത്. എനിക്ക് അറിയാത്ത ഒരാളാണ് ആ പുസ്തകം എനിക്ക് അയച്ചുതന്നത്. അദ്ദേഹത്തോട് ഞാൻ എന്നും കടപ്പെട്ടവനായിരിക്കും. ഈ പുസ്തകം വായിച്ചതിനുശേഷം ബാസ്റ്റിയാറ്റിൻെറ സിദ്ധാന്തങ്ങൾ ഇല്ലാതെ സ്വാതന്ത്ര്യ കലാ വിദ്യാഭ്യാസം പൂർണ്ണമാകില്ല എന്ന് എനിക്ക് ഉറപ്പായിട്ടുണ്ട് ബാസ്റ്റ്യാറ്റിനെ വായിച്ചതിനുശേഷം എൻെറ ജീവിതവീക്ഷണത്തെ ഒരുക്കുന്നതിനുവേണ്ടി, ഞാൻ മുമ്പ് പിൻതുടർന്ന വഴികളെല്ലാം വെറുതെയായിരുന്നു എന്ന് എനിക്ക് ബോധ്യമായി. "നിയമം" എന്ന പുസ്തകം എന്നെ താത്വികമായി മാറ്റിമറിക്കുന്നതിനുപകരം സ്വാതന്ത്ര്യത്തെയും മനുഷ്യന്റെ സ്വഭാവത്തെയും പറ്റിയുള്ള എൻെറ ചിന്തകൾക്ക് അടുക്കും ചിട്ടയും നൽകി.

സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ചർച്ചകൾ നിരവധി തത്വചിന്തകന്മാർ നടത്തിയിട്ടുണ്ട്. ബാസ്റ്റിയാറ്റ് അതിൽ ഒരാളാണ്. എന്നാൽ ബാസ്റ്റിയാറ്റിൻെറ ഏറ്റവും വലിയ സംഭാവന അദ്ദേഹം മേൽപ്പറഞ്ഞ ചർച്ചകൾ ദന്തഗോപുരങ്ങളിൽ നിന്നും പുറത്തേയ്ക്ക് കൊണ്ടുവന്നുവെന്നതും തത്വശാസ്ത്രത്തിൻെറ ഗാംഭീര്യം ഒട്ടും കുറയ്ക്കാതെ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ആശയം നിരക്ഷരനുംകൂടി മനസ്സിലാക്കാൻ സാധിക്കുംവിധം ആക്കുകയും ചെയ്തു എന്നതാണ്. വ്യക്തി സ്വാതന്ത്ര്യത്തിൻെറ ധാർമ്മിക മേൽക്കോയ്മയെപ്പറ്റി നമ്മുടെ നാട്ടുകാരെ ബോധ്യമാക്കുന്നതിന് ഏറ്റവും നിർണ്ണായകം വ്യക്തതയോടെ അതിനെപ്പറ്റി സംസാരിക്കുകയാണ്.

ബാസ്റ്റിയാറ്റിൻെറ മറ്റുള്ളവരെപ്പോലെതന്നെ ഭരണകൂടമാണ് സ്വാതന്ത്ര്യത്തിൻെറ ഏറ്റവും വലിയ എതിരാളിയെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. നിയമപരമായ കൊള്ള തുടങ്ങിയ വൃത്തികെട്ട ഭരണകൂടം നടപടികളെ നമുക്ക് മനസ്സിലാക്കി തരുവാൻ അദ്ദേഹം ആശ്രയിച്ചിട്ടുള്ള വ്യക്തത തിരിച്ചറിയേണ്ടതാണ്. ബാസ്റ്റിയാറ്റിന്റെ താഴെപറയുന്ന വാക്കുകളിൽ ഇത് വ്യക്തമാണ്. "നിയമം ഒരു വ്യക്തിയിൽ നിന്നും അയാളുടെ ഉടമസ്ഥതയിലുള്ള ഒരു സാധനം എടുത്ത് അതിൻെറ ഉടമസ്ഥതയില്ലാത്ത മറ്റൊരാൾക്ക് കൊടുക്കുന്നതു കാണുക. അതുപോലെതന്നെ ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയുടെ ചിലവിൽ ഗുണം കിട്ടുന്നത്, (നിയമംമൂലം ആണെങ്കിൽ, കിട്ടുന്ന വ്യക്തിക്ക് നിയമത്തിൻെറ പിൻബലമില്ലെങ്കിൽ കിട്ടുന്ന ഗുണം കുറ്റകരമാകുമെങ്കിലും) അത് നിയമപരമായ കൊള്ളയായി കണക്കാക്കണം. ഇപ്രകാരം നിയമപരമായ കൊള്ളയ്ക്കുള്ള കൃത്യമായ നിർവചനം നല്കുമ്പോൾ ഭരണകൂടത്തിൻെറ മിക്ക നടപടികളും നിയമപരമായ കൊള്ളയൊ പുരോഗമനത്തിൻെറ പേരിൽ നടത്തുന്ന നിയമപരമായ കളവൊ ആണെന്ന വസ്തുത നമുക്ക് നിരാകരിക്കാൻ സാധിക്കുകയില്ല.

ഫ്രെഡറിക് ബാസ്റ്റിയാറ്റിന് നമ്മുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ ഒപ്പുവച്ചവരുടെ കൂട്ടത്തിൽ എളുപ്പം ചേരാമായിരുന്നു. അപ്രകാരം സ്വാതന്ത്ര്യത്തിന്റെ വീക്ഷണത്തിൻെറയും ഭരണകൂടത്തിൻെറ യഥാർത്ഥ കടമകളുടെയും പ്രയോക്താക്കളുടെ വീക്ഷണം താഴെപറയുന്ന വാക്കുകളിൽ വ്യക്തമാണ്. "എല്ലാ മനുഷ്യരെയും തുല്യരായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും അവരിൽ നിന്നും എടുത്തുമാറ്റാൻ പറ്റാത്ത ചില അവകാശങ്ങൾ സൃഷ്ടാവ് കൊടുത്തിട്ടുണ്ടെന്നും അതിൽ ചിലത് ജീവിതം, സ്വാതന്ത്ര്യം, സന്തോഷത്തിലേക്കുള്ള യാത്ര എന്നിവയാണെന്നുള്ള സത്യത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ഇപ്രകാരമുള്ള അവകാശങ്ങൾ കിട്ടുന്നതിനുവേണ്ടി മനുഷ്യരുടെയിടയിൽ ഭരണകൂടത്തെ ഉണ്ടാക്കി ബാസ്റ്റിയാറ്റിൻെറ ഇതേ നിലപാടുകൾ തന്നെയാണ് ആവർത്തിക്കുന്നത്. "ജീവൻ, കഴിവുകൾ, ഉല്പാദനം എന്നുപറഞ്ഞാൽ വ്യക്തിത്വം, സ്വാതന്ത്ര്യം, സ്വത്തുക്കൾ അതാണ് മനുഷ്യൻ. സൂത്രക്കാരായ രാഷ്ട്രീയ നേതാക്കൾ ഉണ്ടായിട്ടുപോലും മേൽപറഞ്ഞ മൂന്ന് ദൈവദാനങ്ങൾ മനുഷ്യനിർമ്മിതമായ നിയമങ്ങൾക്ക് എപ്പോഴും മുന്നിലും മേലെയുമാണ്." നമ്മുടെ പിതാമഹന്മാർ ഭരണകൂടത്തിന് കൊടുത്ത അതേ ന്യായീകരണമാണ് ബാസ്റ്റിയാറ്റ് കൊടുക്കുന്നത്. അദ്ദേഹത്തിൻെറ വാക്കുകളിൽ "ജീവൻ, സ്വാതന്ത്ര്യം, സ്വത്തുക്കൾ എന്നിവ നിലനില്ക്കുന്നത് മനുഷ്യന് നിയമം ഉണ്ടാക്കിയത് കൊണ്ടല്ല. നേരെമറിച്ച് ജീവൻ, സ്വാതന്ത്ര്യം, സ്വത്തുക്കൾ എന്നിവ വളരെ

രേത്തെതന്നെ ഉണ്ടായതുകൊണ്ടാണ് മനുഷ്യനെ നിയമങ്ങൾ ആദ്യമായി നിർമ്മിക്കേണ്ടിവന്നത്. "നമ്മുടെ സ്വാതന്ത്ര്യത്തിൻെറ പ്രഖ്യാപനത്തിലും നിയമം" എന്ന ഈ പുസ്തകത്തിലും തന്നിട്ടുള്ളതിൽ നിന്നും മേൽത്തരം ഒരു പ്രഖ്യാപനം സ്വാഭാവികമായതും ദിവ്യവുമായ ആയ അവകാശങ്ങളെപ്പറ്റി ഇനി പറയാനില്ല.

ബാസ്റ്റിയാറ്റ് സ്വാതന്ത്ര്യത്തിനെപ്പറ്റിയുള്ള തൻെറ പ്രതീക്ഷകളെല്ലാം അമേരിക്കൻ ഐക്യനാടുകളിലാണ് കണ്ടത്. അദ്ദേഹത്തിൻെറ വാക്കുകൾ ഇപ്രകാരമാണ്. "ഐക്യനാടുകളിലേക്ക് നോക്കൂ നിയമത്തെ അതിൻെറ യഥാർത്ഥ വ്യാപ്തിയിൽ നിർത്തിയിരിക്കുന്ന മറ്റൊരു രാജ്യവും ഈ ലോകത്തില്ല. അതിനാൽതന്നെ സാമൂഹിക വ്യവസ്ഥ ഇത്രമേൽ ദൃഢമായ അടിത്തറ യുമുള്ള മറ്റൊരു രാജ്യവും ലോകത്തില്ല. എന്നാൽ ബാസ്റ്റ്യാറ്റ് 1850 – ൽ തന്നെ അമേരിക്കൽ ഐക്യനാടുകളിലെ രണ്ട് പോരായ്മകളെപ്പറ്റി പറഞ്ഞിട്ടുണ്ട്. അത് "അടിമത്തം, സ്വാതന്ത്ര്യത്തിൻെറ നിയമപരമായ ലംഘനമാണ്. സംരക്ഷണ ചുങ്കം, സ്വത്ത് അവകാശത്തിൻെറ നിയമപരമായ ലംഘനമാണ്."

ബാസ്റ്റിയാറ്റ് ഇപ്പോൾ ജീവിച്ചിരുന്നെങ്കിൽ നിയമത്തെ അതിന്റെ യഥാർത്ഥ പരിമിതിയിൽ ഒതുക്കി നിർത്താൻ നമ്മൾക്ക് സാധിക്കാത്തതിന് നിരാശനായേനെ. ഒന്നര നൂറ്റാണ്ടിനുള്ളിൽ നമ്മൾ അമ്പതിനായിരംത്തിൽ തരം നിയമങ്ങൾ ഉണ്ടാക്കി. അതിൽ പല നിയമങ്ങളും യാതൊരു അനീതിയും ചെയ്യാത്തവർ ക്കധികം പോലും അനീതി ചെയ്യാൻ ഭരണകൂടത്തിന് അധികാരം നല്കുന്നവ യാണ്. ഈ നിയമങ്ങൾ സ്വകാര്യസ്ഥാപനങ്ങളിലെ പുകവലി നിരോധിക്കുന്ന നിയമങ്ങളും സാമൂഹിക സുരക്ഷയ്ക്കുവേണ്ടി നിർബന്ധിത പിരിവു നടത്തുന്ന ലൈസൻസ് നിയമങ്ങളും അടിസ്ഥാനകൂലി ഉറപ്പാക്കുന്ന നിയമങ്ങളും മറ്റുമാണ്. ഓരോ കാര്യത്തിൽ വൈദത്തമായി തനിക്കു തന്നിട്ടുള്ള അധികാരങ്ങൾ സംരക്ഷിക്കുവാനും തൻെറ പ്രവർത്തികളെ നിയന്ത്രിക്കാതിരിക്കാൻ ആവശ്യപ്പെടുന്നതുമായ വ്യക്തികൾക്ക് ഭരണകൂട ത്തിന്റെ അടുത്തുനിന്നും അവസാനം കിട്ടുന്നത് മരണമായിരിക്കും.

ബാസ്റ്റിയാറ്റിൻെറ അഭിപ്രായത്തിൽ സമാധാനപരവും സ്വയമെയുള്ളതുമായ മനുഷ്യ പ്രവർത്തികളെ നിയന്ത്രിക്കുന്ന നിയമങ്ങളും സ്വകാര്യത അവകാശപ്പെ ടുന്നവനെ ശിക്ഷിക്കുന്ന നിയമങ്ങളും ദൈവം കളിക്കാനുള്ള സോഷ്യലിസ്റ്റു കളുടെ അഭിവാഞ്ജനയാണ്. സാമൂഹിക കൂട്ടായ്മ ഉണ്ടാക്കാനുള്ള അസംസ്കൃത പദാർത്ഥങ്ങൾ മാത്രമാണ് സോഷ്യലിസ്റ്റുകൾക്ക് പൊതുജനം എന്നതാണ്. അപ്രകാരമുള്ള മേലാളന്മാർക്ക്, കളിമണ്ണും പാത്ര നിർമ്മാതാവും തമ്മിലുള്ള ബന്ധംപോലെയാണ് വ്യക്തികളും നിയമനിർമ്മാതാക്കളും

തമ്മിലുള്ള ബന്ധം. ഇപ്രകാരമുള്ള ചിന്താഗതിക്കാരോട് ബാസ്റ്റിയാറ്റിനുള്ള ദേഷ്യം, നിയമം എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. അപ്രകാരമുള്ള മനുഷ്യരാശിയുടെ ഭാവി ഭരണാധിപന്മാരോടും നല്ലതുചെയ്യുന്നു എന്ന് പറഞ്ഞു നടക്കുന്നവരോട് അദ്ദേഹം ആക്ഷേപിക്കുന്നത് ഇപ്രകാരമാണ്. "വൃത്തികെട്ട ജീവികളെ, നിങ്ങൾ ഇത്ര വലിയവന്മാരാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നുവോ! നിങ്ങൾ മനുഷ്യരാശി വളരെ ചെറുതാണെന്ന് തീരുമാനിച്ചു കഴിഞ്ഞോ. നിങ്ങൾക്ക് എല്ലാം പരിഷ്കരിക്കണമെന്നാണോ. ആദ്യം നിങ്ങളെതന്നെ പരിഷ്കരിക്കാത്തതെന്ത്? ആ പ്രവർത്തി തന്നെ ധാരാളം മതിയാവും. 'ബാസ്റ്റിയാറ്റ് ഒരു ശുഭാപ്തി വിശ്വാസക്കാരനായിരുന്നു. സ്വാതന്ത്ര്യത്തിന്റെ രക്ഷയ്ക്കു വേണ്ടിയുള്ള അദ്ദേഹത്തിന്റെ വാഗ്‌വിലാസം ഫലം കാണും എന്ന് അദ്ദേഹം വിശ്വസിച്ചു. എന്നാൽ ചരിത്രം അദ്ദേഹത്തോടൊപ്പമല്ല. മനുഷ്യരാശിയുടെ ചരിത്രംതന്നെ പള്ളികളിലൂടെയും എന്നാൽ പ്രധാനമായും ഭരണകൂടത്തി ന്മേലൂടെയും വരേണ്യ വർഗ്ഗം സ്വന്തം കാര്യസാധ്യത്തിനായി നടത്തുന്ന കൃത്യമായ വിവേചനവും, നിയന്ത്രിക്കലുമാണ്. കോടിക്കണക്കിന് നിരപരാധി കളായ വ്യക്തികളെ മിക്കവാറും അവരുടെ ഭരണകൂടങ്ങളിൽതന്നെ അരുംകൊല ചെയ്ത സങ്കടകരമായ ചരിത്രമാണുള്ളത്. രണ്ടുമൂന്ന് നൂറ്റാണ്ടു കൾക്കുശേഷം ചരിത്രം എഴുതുന്ന ഒരു വ്യക്തി മനുഷ്യകുലത്തിലെ ഒരു ചെറിയ വിഭാഗത്തിൽ പ്രത്യേകിച്ച് പാശ്ചാത്യ ലോകത്തിൽ വളരെകുറഞ്ഞ ഒരു കാലയളവിൽ ഉണ്ടായിരുന്ന മനസ്സിലാക്കാൻ പറ്റാത്ത ചരിത്രകൗതുക മുള്ള 'സ്വാതന്ത്ര്യം'എന്ന ആശയത്തെപ്പറ്റി വിവരിക്കുമായിരിക്കും. അപ്രകാര മുള്ള ചരിത്രകാരൻ സ്വാതന്ത്ര്യം എന്ന ആശയം ഒരു താല്ക്കാലിക പ്രതിഭാസമാ ണെന്നും, മനുഷ്യരാശി അതിന്റെ വ്യവസ്ഥാപിത സ്വഭാവമായ വിവേചന രഹിതമായ നിയന്ത്രണത്തിലേക്കും തിരിച്ചുപോയി എന്നും എഴുതും.

ഇപ്രകാരമുള്ള ദോഷമിതാത്മകമായ ഒരു വിലയിരുത്തുന്നത് തെറ്റാണെന്ന് ചരിത്രം തെളിയിക്കുമെന്ന് ആശിക്കാം. ലോകത്തെമ്പാടും ഉണ്ടായിക്കൊണ്ടി രിക്കുന്ന സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ തകർച്ച പ്രതീക്ഷയു ടെ ചെറിയ വെളിച്ചം നല്കുന്നുണ്ട്. വേറെ പ്രതീക്ഷാനിർഭരമായ ഒരു സംഗതി സാങ്കേതിക വിജ്ഞാന വിസ്ഫോടനംമൂലം ഭരണകൂടങ്ങൾക്ക് അവയുടെ പൗരന്മാരെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാനും അവരെ നിയന്ത്രിക്കാനും പറ്റാത്ത വിധത്തിൽ വരുന്ന അവസ്ഥയാണ്. വിവിര സാങ്കേതികവിദ്യ നൂതന ധന കൈമാറ്റ വിദ്യകൾ എന്നിവമൂലം ഭരണകൂടത്തിന് നിയന്ത്രിക്കാനുള്ള കഴിവ് കുറഞ്ഞുവരികയും ചെലവേറിയതും ആകുന്നു. രാഷ്ട്രം വർദ്ധിച്ചു വരുന്ന ഈ വിവര സാങ്കേതിക വിദ്യ ലോകത്തിലെ പൗരന്മാർക്ക് പരസ്പരം

വിവരങ്ങൾ മറ്റും പങ്കുവെയ്ക്കാനും കൈമാറാനും അത് ഭരണ കൂടങ്ങളുടെ അറിവോ, അനുവാദമോ കൂടാതെ ചെയ്യുവാനോ സാധിക്കും. അമേരിക്കൻ ഐക്യനാടുകളിലുള്ള സ്വാതന്ത്ര്യത്തിന്‍െറ ഭാവിയെപ്പറ്റി എനിക്ക് ശുഭാപ്തി വിശ്വാസത്തോടെ ചിന്തിക്കാൻ സാധിക്കുന്നത് കമ്മ്യൂണിസത്തിന്‍െറ തകർച്ചയും സാങ്കേതിക വിദ്യയുടെ പുതിയ കണ്ടുപിടുത്തങ്ങളും അതോടൊപ്പം ബാസ്റ്റി യാറ്റിന്റെ ആശയങ്ങളെ കൂട്ടുപിടിച്ചുള്ള ബലവത്തായ സ്വകാര്യ വിപണന കേന്ദ്രങ്ങളുമാണ്. ഐക്യനാടുകളിൽ സ്വാതന്ത്ര്യം തകർന്നാൽ അത് എല്ലായി ടത്തും തകരും എന്ന് ഉറപ്പാണ്. സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ബാസ്റ്റിയാറ്റിന്‍െറ വ്യക്തമായ ആശയങ്ങളെ കൂടുതൽ പരിചയപ്പെടുത്തുക എന്നത് ബഹുമാനത്തെയും സ്നേഹത്തെയും വീണ്ടും പരിപോഷിക്കാനും അമേരിക്കയുടെ പൊതുജനങ്ങളിൽ സ്വാതന്ത്ര്യം എന്ന ആശയത്തെ വീണ്ടും ബലപ്പെടുത്താനുള്ള ഒരു പ്രധാന നടപടിയാകും എന്ന് എനിക്ക് തോന്നുന്നു.

# നിയമം

## ഫ്രെഡറിക് ബാസ്റ്റിയാറ്റ് (Frederic Bastiat)

''വൈകൃതമാക്കപ്പെട്ട നിയമവും അതോടൊപ്പം വികൃതമാക്കപ്പെട്ട രാഷ്ട്രത്തിൻെറ പോലീസ് അധികാരവും നിയമത്തെ അതിൻെറ യഥാർത്ഥ ഉദ്ദേശ്യത്തിൽ നിന്നും വ്യതിചലിപ്പിച്ചു എന്നു മാത്രമല്ല എതിർ ദിശയിലേയ്ക്ക് അതിനെ വലിച്ചുകൊണ്ടുപോവുകയും ചെയ്തു! എല്ലാത്തരം ആർത്തിയുടെയും ആയുധമായി നിയമം മാറി. കുറ്റകൃത്യങ്ങളെ നിയന്ത്രിക്കുന്നതിനു പകരം ശിക്ഷിക്കപ്പെടേണ്ട ഒരു കുറ്റകൃത്യമായി നിയമം മാറി!"

ഇത് സത്യമാണെങ്കിൽ അത് ഒരു ഗുരുതരമായ വസ്തുതയാണ് എൻെറ നാട്ടുകാരുടെ ശ്രദ്ധ ഇതിലേയ്ക്ക് ക്ഷണിക്കുന്നത് എൻെറ ധാർമ്മികമായ ബാധ്യതയാണ്.

### ജീവിതം ദൈവത്തിൻെറ ദാനം

ജീവൻ (ഭൗതികവും ബൗദ്ധികവും ധാർമ്മികവുമായ ജീവിതം) മററെല്ലാ സമ്മാനങ്ങളെയും ഉൾക്കൊള്ളുന്ന ആ സമ്മാനം ദൈവദത്തമാണ്. എന്നാൽ ജീവന് സ്വയം നിലനിൽപ്പില്ല. സ്രഷ്ടാവ് അതിനെ നിലനിർത്താനും വികസിപ്പിക്കാനും മികച്ചതാക്കാനുമുള്ള ഉത്തരവാദിത്തം നമ്മളിലാണ് അർപ്പിച്ചിട്ടുള്ളത്. അതിനുവേണ്ടി നമുക്ക് പലവിധങ്ങളായ കഴിവുകളും തന്നിട്ടുണ്ട്. വിവിധങ്ങളായ പ്രകൃതിവിഭവങ്ങളുടെ നടുവിലാണ് നമ്മെ സൃഷ്ടിച്ചിട്ടുള്ളത്. നമ്മുടെ കഴിവുകളെ പ്രകൃതി വിഭവങ്ങളിൽ പ്രയോഗിച്ച് നാം അവയെ പുതിയ ഉൽപ്പന്നങ്ങളാക്കി മാററുന്നു. ജീവിതത്തിൻെറ മുൻപോട്ടുള്ള പ്രയാണത്തിന് ആവശ്യമാണ് ഈ പ്രക്രിയ.

ജീവൻ, കഴിവുകൾ, ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ

വ്യക്തിത്വം, സ്വാതന്ത്ര്യം, സ്വത്ത് - ഇതെല്ലാം കൂടിയതാണ് മനുഷ്യൻ. രാഷ്ട്രീയക്കാരുടെ സൂത്രങ്ങൾ എന്തുമാകട്ടെ, മേൽപറഞ്ഞ മൂന്ന് ദാനങ്ങൾ, മനുഷ്യനിർമ്മിതമായ നിയമത്തേക്കാൾ പ്രധാനവും, ശ്രേഷ്ഠവുമാണ്.

ജീവൻ, കഴിവുകൾ, ഉൽപ്പന്നങ്ങൾ എന്നിവ മനുഷ്യൻ നിയമം ഉണ്ടാക്കിയതു കൊണ്ടല്ല നിലനിൽക്കുന്നത്. ജീവൻ, കഴിവുകൾ ഉൽപ്പന്നങ്ങൾ എന്നിവ ആദ്യമേ ഉണ്ടായിരുന്നതുകൊണ്ടാണ് മനുഷ്യൻ നിയമങ്ങൾ ഉണ്ടാക്കിയതെന്നാണ് വസ്തുത.

## എന്താണ് നിയമം?

എന്താണ് യഥാർത്ഥത്തിൽ നിയമം ? അത് സ്വയരക്ഷയ്ക്കുള്ള ഓരോ വ്യക്തിയുടെയും അവകാശത്തിൻെറ സംഘടിതമായ സംവിധാനമാണ്.

നമുക്ക് ഓരോരുത്തർക്കും നമ്മുടെ വ്യക്തിത്വത്തെയും, ജീവനെയും, സ്വാതന്ത്ര്യ ത്തെയും, സ്വത്തിനെയും സംരക്ഷിക്കാനുള്ള ദൈവദത്തമായ സ്വാഭാവികാവകാ ശമുണ്ട്. പരമപ്രധാനമായ മേൽപ്പറഞ്ഞ മൂന്നു കാര്യങ്ങളും അവയുടെ സംരക്ഷണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഏതെങ്കിലും ഒന്നിൻെറ സംരക്ഷണം മറ്റു രണ്ടിൻെറയും സംരക്ഷണത്തെ ആശ്രയിച്ചിരിക്കുന്നു. യഥാർ ത്ഥത്തിൽ നമ്മുടെ കഴിവുകൾ എന്നത് നമ്മുടെ വ്യക്തിത്വത്തിൻെറ തുടർച്ച മാത്രമല്ലേ? നമ്മുടെ സ്വത്തുക്കൾ ആ കഴിവുകളുടെ തുടർച്ച മാത്രമല്ലേ?

ഒരു വ്യക്തിക്ക് ബലം പ്രയോഗിച്ചു പോലും അയാളുടെ ജീവനെയും സ്വാതന്ത്ര്യ ത്തെയും സ്വത്തുക്കളെയും സംരക്ഷിക്കാൻ അവകാശം ഉണ്ടെങ്കിൽ, അതേ മാനദണ്ഡത്തിൽ ഒരു സമൂഹത്തിന് സംഘടിക്കാനും അവരുടെ അവകാശങ്ങൾ സ്ഥായിയായി സംരക്ഷിക്കാൻ ഒരു പൊതു ശക്തി രൂപാകരിക്കാനും അതിനെ പിന്തുണയ്ക്കാനും അവകാശമുണ്ട്. അതായത് സമൂഹത്തിൻെറ അവകാശം (അതിൻെറ പ്രസക്തിയും നിയമഭദ്രതയും) വ്യക്തിയുടെ അവകാശത്തിൽ നി ന്നാണ് ഉത്ഭവിക്കുന്നത്. സ്വാഭാവികമായുംപൊതുവായുള്ള അവകാശങ്ങൾ സംരക്ഷിക്കാൻ രൂപീകൃതമായ സംഘബലത്തിന് വ്യക്തിയുടെ അവകാ ശത്തിനപ്പുറം യാതൊരു ഉദ്ദേശ്യമോ ലക്ഷ്യമോ ഉണ്ടാകാൻ പാടില്ല. ഒരു വ്യക്തി ക്ക് മറ്റൊരു വ്യക്തിയുടെ ജീവനെയും സ്വാതന്ത്ര്യത്തെയും സ്വത്തിനെയും ഹനി ക്കാൻ നിയമപരമായി അവകാശം ഇല്ലാത്തതു കൊണ്ടു തന്നെ വ്യക്തികളുടെയോ, സംഘങ്ങളുടെയോ ജീവനെയോ സ്വാതന്ത്ര്യത്തെയോ, സ്വത്തിനെയോ ഹനിക്കാൻ സംഘശക്തിക്കും അവകാശം ഇല്ല.

അപ്രകാരമല്ലാതെയുള്ള ബലപ്രയോഗം വ്യക്തികളുടെയും സംഘങ്ങളുടെയും

കാര്യത്തിൽ സാധൂകരണമില്ലാത്തതാണ്. നമ്മുടെ സ്വകാര്യ അവകാശങ്ങളെ സംരക്ഷിക്കുന്നതിനു മാത്രമാണ് ബലപ്രയോഗം സമ്മതമായിട്ടുള്ളത്. നമ്മുടെ സഹോദരങ്ങളുടെ സമാനമായ അവകാശങ്ങൾ നശിപ്പിക്കുവാനാണ് നമ്മൾക്ക് ശക്തി തന്നിട്ടുള്ളത് എന്ന് ആർക്കാണ് പറയുവാൻ കഴിയുക? ഒരു വ്യക്തിക്ക് സ്വന്തമായ ബലപ്രയോഗത്തിലൂടെ മറ്റൊരു വ്യക്തിയുടെ അവകാശത്തെ ഇല്ലായ്മ ചെയ്യുവാൻ നിയമപരമായി കഴിയാത്തതുപോലെ തന്നെയാണ് സംഘബലം ഉപയോഗിച്ച് അപ്രകാരം നിയമപരമായി ചെയ്യാൻ പാടില്ല എന്നതും. സംഘബലം എന്നത് വൈയക്തിക ശക്തികളുടെ ഒരു കൂട്ടായ്മ അല്ലാതെ മറ്റൊന്നുമല്ല.

ഇത് ശരിയാണെങ്കിൽ താഴെ പറയുന്ന കാര്യം വളരെ വ്യക്തമാണ്:

നിയമം എന്നത് നിയമപരമായ സ്വയരക്ഷയ്ക്കുള്ള സംഘടിതമായ സ്വാഭാവികാവകാശമാണ്. അത് സംഘശക്തിയെ വൈയക്തിക ശക്തിക്ക് പകരം വെയ്ക്കലാണ്. വ്യക്തികൾക്ക് സ്വാഭാവികമായും നിയമപരമായും ചെയ്യാൻ അവകാശമുള്ള കാര്യങ്ങൾ മാത്രമേ സംഘശക്തി കൊണ്ട് ചെയ്യാൻ പാടുള്ളൂ. അതായത് ജീവനേയും സ്വാതന്ത്ര്യത്തേയും സ്വത്തുക്കളേയും സംരക്ഷിക്കുക ഓരോ വ്യക്തിയുടെയും അവകാശങ്ങൾ നിലനിർത്തുക, കൂടാതെ നീതിയുടെ വാഴ്ച ഉറപ്പുവരുത്തുക.

## നീതിയുക്തവും സ്ഥിരതയുള്ളതുമായ ഒരു സർക്കാർ

മേൽപ്രകാരമുള്ള അടിസ്ഥാന ആശയങ്ങളിൽ ഒരു രാജ്യം കെട്ടിപ്പടുത്താൽ അതിലെ ജനങ്ങൾക്ക് അവരുടെ ചിന്തയിലും പ്രവർത്തിയിലും ക്രമം പാലിക്കാനാകുമെന്ന് എനിക്ക് തോന്നുന്നു. അപ്രകാരമുള്ള ഒരു രാജ്യത്തിൽ ഏറ്റവും ലളിതവും സ്വീകാര്യവും, ലാഭപ്രദവും, നിയതമായതും നീതിയുക്തവും സ്ഥിരതയുള്ളതും അടിച്ചമർത്താത്തതുമായ ഒരു സർക്കാർ, അതിൻെറ രാഷ്ട്രീയ മുഖം എന്തുമാകട്ടെ, ഉണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്.

അങ്ങനെയുള്ള ഒരു ഭരണത്തിൻ കീഴിൽ, എല്ലാവരും താന്താങ്ങളുടെ ആനുകൂല്യങ്ങളെയും തങ്ങൾക്കുള്ള ഉത്തരവാദിത്തങ്ങളെയും കുറിച്ച് ബോദ്ധ്യമുള്ളവരായിരിക്കും. വ്യക്തിയെന്ന നിലയിൽ അംഗീകരിക്കപ്പെടുകയും തൊഴിലെടുക്കാനുള്ള സ്വാതന്ത്ര്യം അനുഭവിക്കുകയും അതിന്റെ ഗുണഫലങ്ങളെ നീതിരഹിതമായ ഇടപെടലിൽ നിന്നും മുക്തമായി കൈവശം ചെയ്യുകയും ചെയ്യുന്ന യാതൊരാൾക്കും സർക്കാരുമായി ഒരു തർക്കവും ഉണ്ടാകാൻ വകുപ്പില്ല.

വിജയിച്ചു നിൽക്കുമ്പോൾ നാം സർക്കാർ (സ്റ്റേററ്) സംവിധാനത്തോട് നന്ദി പറയേണ്ട ആവശ്യം ഇല്ല. കർഷകർ കാലാവസ്ഥ ചതിച്ചതിന് രാഷ്ട്രത്തെ കുറ്റം പറയുന്നതുപോലെയാകും പരാജയങ്ങൾക്ക് സർക്കാരിനെ കുറ്റം പറയുക എന്നത്. സർക്കാർ നമുക്ക് അനുഭവവേദ്യമാകുന്നത് സർക്കാർ എന്ന ഈ സംവിധാനം നൽകുന്ന സുരക്ഷിതത്വം മൂലമായിരിക്കും.

സ്വകാര്യ കാര്യങ്ങളിൽ സർക്കാരിന്റെ ഇടപെടൽ ഇല്ലാത്തതുമൂലം നമ്മുടെ ആവശ്യങ്ങളും അവയുടെ നിറവേററലും യുക്ത്യാനുസൃതമായി വികസിക്കുന്നതാണ്. അന്നത്തിനു മുമ്പേ സാഹിത്യശിക്ഷണം അന്വേഷിക്കുന്ന ദരിദ്ര കുടുംബങ്ങളെ നാം കണ്ടെന്നു വരില്ല. സാഹിത്യം (Literacy) വൻ നഗരങ്ങൾ ഗ്രാമങ്ങളുടെ ചിലവിൽ ചിറകിൽ ജനപെരുപ്പമാകുന്നത് നമുക്ക് കാണേണ്ടി വരികയില്ല. മറിച്ചും നിയമങ്ങൾ മൂലം ഇപ്പോൾ ഉണ്ടാകുന്ന മൂലധനത്തിന്റെയും തൊഴിലാളികളുടേയും ജനതതികളുടേയും വലിയ സ്ഥാനചലനങ്ങൾ അവസാനിക്കും.

നമ്മുടെ നിലനിൽപിന് ആധാരമായ കാര്യങ്ങൾപോലും അസ്ഥിരവും ദുർബലവുമാകുന്നത് രാഷ്ട്ര നിർമ്മിതമായ ഈ പലായനങ്ങൾ കൊണ്ടാണ്. അതുമൂലം സർക്കാരിനുതന്നെ ഉത്തരവാദിത്വങ്ങളുടെ ഭാരം ക്രമാതീതമായി വർദ്ധിക്കുന്നു.

## നിയമത്തിന് പരിപൂർണ്ണമായും വഴി പിഴയ്ക്കുമ്പോൾ

നിയമം അതിന്റെ യഥാർത്ഥ കടമകളിൽ ഒതുങ്ങി നില്ക്കുന്നില്ല എന്നത് നിർഭാഗ്യകരമാണ്. ഈ വ്യതിചലനം താരതമ്യേന അപ്രധാനമായതും താർക്കികവുമായ വിഷയങ്ങളിൽ മാത്രമല്ലതാനും. നിയമം അതിന്റെ യഥാർത്ഥ ഉദ്ദേശ്യങ്ങൾക്കെതിരായിട്ടുത്തന്നെ പ്രവർത്തിക്കുന്നു. അതിന്റെ തന്നെ ലക്ഷ്യങ്ങൾ നശിപ്പിക്കുന്നു. ഏതു നീതിയാണോ നിയമംകൊണ്ട് നിലനിറുത്താൻ ഉദ്ദേശിച്ചിട്ടുള്ളത് ആ നീതിയെ ഇല്ലായ്മ ചെയ്യാനും നിയമംമൂലം സംരക്ഷിക്കപ്പെടേണ്ട അവകാശങ്ങളെ പരിമിതപ്പെടുത്താനും ഇല്ലാതാക്കാനും അതേ നിയമത്തെതന്നെ ഉപയോഗിക്കുന്ന അവസ്ഥയുണ്ട്. നിയമം എന്ന സംഘടിത ശക്തി തത്ത്വദീക്ഷയില്ലാത്തവരുടെ താളത്തിനൊത്ത് തുള്ളുമ്പോൾ, അവർക്ക് മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെയും സ്വത്തിനേയും വ്യക്തിത്വത്തേയും ചൂഷണം ചെയ്യാൻ അപായമേതുമില്ലാതെ അവസരം ഒരുങ്ങുന്നു. അത് കൊള്ളയെ സംരക്ഷിക്കുകയും കൊള്ള ചെയ്യുവാനുള്ള അവകാശമായി അത് മാറുകയും ചെയ്യുന്നു. സ്വയരക്ഷയെ സംരക്ഷിക്കാനുള്ള ശ്രമത്തിനിടയിൽ അത് സ്വയരക്ഷയെത്തന്നെ ഒരു കുറ്റമാക്കി മാറ്റിയിരിക്കുന്നു.

ഈ മാർഗ്ഗഭ്രംശം എങ്ങനെ യാഥാർത്ഥ്യമായി? അതുകൊണ്ടുണ്ടായ ഭവിഷ്യത്തുകൾ എന്തെല്ലാം ?

തികച്ചും വ്യത്യസ്തങ്ങളായ രണ്ടു കാരണങ്ങളാണ് നിയമത്തിൻെറ വഴി തെററാനുള്ള രണ്ടു കാരണങ്ങൾ.

1. ബുദ്ധിശൂന്യമായ അത്യാർത്തി

2. കപടമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ

നമുക്ക് ആദ്യത്തെ കാരണത്തെപ്പറ്റി ഇപ്പോൾ സംസാരിക്കാം.

## മാരകമായ ഒരു മനുഷ്യപ്രവണത

സ്വസംരക്ഷണവും സ്വവികസനവും എല്ലാവരുടെയും പൊതുവായ ആഗ്രഹങ്ങളാണ്. എല്ലാവർക്കും തടസ്സങ്ങളില്ലാതെ അവരവരുടെ കഴിവുകൾ ഉപയോഗിക്കാനും അവരവരുടെ അദ്ധ്വാനഫലം സ്വതന്ത്രമായി വിനിയോഗിക്കാനും അവസരമുണ്ടെങ്കിൽ സമൂഹപുരോഗതി നിരന്തരവും അജയ്യവുമായി തുടർന്നേനെ.

എന്നാൽ ജനങ്ങൾക്ക് മറ്റൊരു പൊതുസ്വഭാവമുണ്ട്. തരം കിട്ടുമ്പോൾ മറ്റുള്ളവരുടെ ചെലവിൽ ജീവിക്കാനും വ്യദ്ധിപ്പെടാനുമുള്ള പ്രവണത. ഇത് വെറും ഒരു കുറ്റപ്പെടുത്തലല്ല. വിഷാദാത്മകമോ, കരുണയില്ലാത്തതോ ആയ മനസ്സിന്റെ സൃഷ്ടിയുമല്ല. ചരിത്രം ഈ സത്യത്തിനു സാക്ഷിയാണ്. നിലയ്ക്കാത്ത യുദ്ധങ്ങൾ, കൂട്ടപ്പലായനങ്ങൾ, മതത്തിൻെറ പേരിലുള്ള പീഡനം, സാർവ്വലൗകികമായ അടിമത്തം, കച്ചവടത്തിലെ കള്ളങ്ങൾ, കുത്തകകൾ എന്നിവ ഉദാഹരണങ്ങൾ. മാരകമായ ഈ ആഗ്രഹം മനുഷ്യൻെറ സ്വഭാവത്തിൽ തന്നെ ലീനമാണ്. ഏറ്റവും കുറഞ്ഞ അദ്ധ്വാനം കൊണ്ട് തൻെറ ആഗ്രഹങ്ങൾ സഫലീകരിക്കാനുള്ള പ്രാകൃതവും സർവ്വലൗകികവും അനിയന്ത്രിതവുമായ അടിസ്ഥാന ചോദന.

## സ്വത്തും കൊള്ളയും

മനുഷ്യന് ജീവിക്കണമെങ്കിലും തൻെറ ആഗ്രഹങ്ങൾ സഫലീകരിക്കണമെങ്കിലും നിരന്തരമായ പ്രയത്നം ആവശ്യമാണ്. പ്രകൃതിവിഭവങ്ങളിന്മേലുള്ള മനുഷ്യൻെറ കഴിവുകളുടെ നിരന്തരമായ പ്രയോഗവും അതിനാവശ്യമാണ്. ഈ പ്രക്രിയയാണ് സ്വത്തിൻെറ ഉത്ഭവം.

എന്നാൽ ഇതേ ലക്ഷ്യത്തിനു വേണ്ടി മറ്റുള്ളവരുടെ അദ്ധ്വാനത്തിൻെറ ഫലം

തട്ടിപ്പറിക്കുകയും ഉപയോഗിക്കുകയും ചെയ്യാമെന്നുള്ളതും സത്യമാണ്. കൊള്ളയുടെ ഉത്ഭവം ഇവിടെയാണ്.

ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയെന്നത് മനുഷ്യൻെറ സ്വഭാവമായതിനാലും അദ്ധ്വാനമെന്നത് ബുദ്ധിമുട്ടുള്ള ഏർപ്പാടായതിനാലും കൊള്ളചെയ്യൽ അദ്ധ്വാനത്തേക്കാൾ എളുപ്പമുള്ള സാഹചര്യത്തിൽ മനുഷ്യൻ കൊള്ളയെ ആശ്രയിക്കുമെന്നത് ചരിത്ര സത്യമാണ്. മതത്തിനോ, ധാർമ്മികതയ്ക്കോ അതിനു തടയിടാൻ കഴിയില്ല.

കൊള്ള എപ്പോഴാണ് പിന്നെ അവസാനിക്കുക?

അത് അദ്ധ്വാനത്തെക്കാൾ ബുദ്ധിമുട്ടുള്ളതും അപകടകരമാവുമ്പോഴുമാണ്. അതുകൊണ്ട് സംഘബലമെന്ന ശക്തിയുപയോഗിച്ച് അദ്ധ്വാനത്തിനു പകരം കൊള്ളയെന്ന മാരകമായ പ്രവണതയെ തടയുന്നതാണ് നിയമത്തിൻെറ യഥാർത്ഥ ഉദ്ദേശ്യം എന്നത് വ്യക്തമാണ്. നിയമത്തിൻെറ ഓരോ നീക്കവും സ്വത്തിനെ സംരക്ഷിക്കുന്നതും കൊള്ളയെ ശിക്ഷിക്കുന്നതുമാകണം.

എന്നാൽ ഒരു വ്യക്തിയോ, വ്യക്തികളുടെ ഒരു കൂട്ടമോ ആണ് പൊതുവേ നിയമം ഉണ്ടാക്കുന്നത്. ഒരു അധീശ ശക്തിയുടെ പിൻബലവും ആശീർവ്വാദവുമില്ലെങ്കിൽ നിയമത്തിന് പ്രവർത്തിക്കാൻ കഴിയാത്തതിനാൽ അപ്രകാരമുള്ള ഒരു ശക്തിയിലായിരിക്കണം നിയമമുണ്ടാക്കാനുള്ള അധികാരം.

ഈ വസ്തുതയും പ്രയത്നരഹിതമായ ആവശ്യങ്ങൾ സാധിക്കാനുള്ള മനുഷ്യൻെറ മേൽപ്പറഞ്ഞ സ്വാഭാവികമായ വാസനയും ചേർത്തു വായിക്കുമ്പോൾ സർവ്വലൗകികമായിത്തന്നെ നിയമത്തിനു സംഭവിച്ച ദിശാവ്യതിയാനത്തിനുള്ള വിശദീകരണമായി. നിയമം അനീതിയെ തുരത്തുന്നതിനു പകരം അനീതി നടപ്പിലാക്കുവാനുള്ള ആയുധമായി മാറുന്നത് എങ്ങനെയെന്ന് മനസ്സിലാക്കാൻ ഇപ്പോൾ ബുദ്ധിമുട്ടില്ല. നിയമത്തെ ഉണ്ടാക്കുന്നവർ നിയമം ഉപയോഗിച്ചുതന്നെ പലയളവിൽ മറ്റു ജനങ്ങളുടെ വ്യക്തി സ്വാതന്ത്ര്യത്തെ അടിച്ചമർത്തലും അടിമത്തവും കൊണ്ട് സ്വത്തിനെ കൊള്ള കൊണ്ടും നശിപ്പിക്കുന്നത് ഇങ്ങനെയാണ്. ഇത് നിയമം നിർമ്മിക്കുന്നവന് ഗുണം ചെയ്യും: അയാൾക്ക് അധികാരത്തിലുള്ള പിടിത്തത്തിന് ആനുപാതികവുമായിരിക്കും.

## നിയമപരമായ കൊള്ളയുടെ ഇരകൾ

അനീതിക്കെതിരെ പൊരുതുന്നത് അതിനിരയാക്കപ്പെട്ട മനുഷ്യൻെറ

സ്വഭാവമാണ്. നിയമം അത് ഉണ്ടാക്കുന്നവന്റെ ലാഭത്തിനുവേണ്ടി കൊള്ളയ്ക്ക് കൂട്ടുനിൽക്കുമ്പോൾ കൊള്ള ചെയ്യപ്പെട്ടവർ നിയമമുണ്ടാക്കുന്നവരുടെ ഗണത്തിലേയ്ക്ക് എങ്ങനെയും കടന്നു കയറാൻ ശ്രമിക്കും. സമാധാനപരമോ, വിപ്ലവകരമോ ആകട്ടെ മാർഗ്ഗം. കൊള്ളചെയ്യപ്പെട്ട വർഗ്ഗം അധികാരത്തി ലെത്തിയാൽ അവരുടെ പ്രബുദ്ധതയുടെ അളവനുസരിച്ച് ഇനിപ്പറയുന്ന രണ്ടിലേതെങ്കിലും ലക്ഷ്യം നടപ്പിലാക്കാൻ ശ്രമിക്കും: ഒന്നുകിൽ കൊള്ള നിർത്തലാക്കുക, അല്ലെങ്കിൽ അതിൻെറ പങ്കു പറ്റുക.

നിയമപരമായ കൊള്ളയുടെ ഇരകൾ അധികാരം കിട്ടിക്കഴിഞ്ഞ് രണ്ടാമത്തെ മാർഗ്ഗം തിരഞ്ഞെടുത്താൽ ആ രാജ്യത്തിൻെറ സ്ഥിതി കഷ്ടമായിരിക്കും.

അങ്ങനെ സംഭവിക്കുന്നതു വരെ ഒരു ന്യൂനപക്ഷം ഭൂരിപക്ഷത്തെ നിയമപര മായി കൊള്ളയടിച്ചു കൊണ്ടിരിക്കും. നിയമനിർമ്മാണ പ്രക്രിയയിൽ പങ്കെടു ക്കുവാൻ കുറച്ചുപേർക്കു മാത്രം അവകാശമുണ്ടായിരിക്കുന്ന കാലത്തോളം അതങ്ങനെയായിരിക്കും. എല്ലാവർക്കും നിയമനിർമ്മാണത്തിൽ പങ്കെടുക്കു വാൻ അവസരമുണ്ടായി എന്നിരിക്കട്ടെ സർവ്വത്രയുള്ള കൊള്ളകൊണ്ട് പരസ്പരം വിരുദ്ധങ്ങളായ തങ്ങളുടെ താൽപ്പര്യങ്ങൾ സന്തുലനം ചെയ്യാൻ അവർ ശ്രമിക്കും. സമൂഹത്തിൽ നിന്നും അനീതി തുടച്ചുമാറ്റുന്നതിനു പകരം അനീതി സാർവ്വത്രികമാക്കുക എന്നർത്ഥം. കൊള്ളയുടെ ഇരകൾ അധികാ രത്തിലെത്തിയാൽ മറ്റു വർഗ്ഗങ്ങളോട് പകരം വീട്ടുന്ന ഒരു സംവിധാനമായി രി ക്കും അവർ കൊണ്ടുവരിക. നിയമപരമായ കൊള്ള അവർ നിർത്തലാക്കില്ല. (അപ്രകാരമുള്ള നിരോധനത്തിന് അവർക്ക് ഉള്ളതിനേക്കാൾ കൂടുതൽ വിവേകവും പ്രബുദ്ധതയും ആവശ്യമാണ്). അവർ തങ്ങളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമെങ്കിലും മുൻഗാമികളുടെ ദുഷിച്ച പാത പിന്തുടരും. നീതിയുടെ വാഴ്ച വരുന്നതിന് മുമ്പ് എല്ലാവരും ഇത്തരമൊരവസ്ഥ സഹിച്ചേ തീരൂ എന്ന മട്ടാണ്: ക്രൂരമായ ഒരു തിരിച്ചടി. ചിലർക്ക് അവരുടെ ദുഷ്ചെയ്തികൾക്ക്, ചിലർക്ക് അവരുടെ കഥയില്ലായ്മയ്ക്ക്.

## നിയമപരമായ കൊള്ളയുടെ ഫലങ്ങൾ

നിയമത്തെ കൊള്ളയുടെ ഉപകരണമാക്കി മാറ്റുന്നതുപോലെയുള്ള വൃത്തികെട്ട ഒരു മാറ്റം സമൂഹത്തിൽ കൊണ്ടു വരാൻ വഴിയില്ല.

ഇപ്രകാരമുള്ള ച്യുതിയുടെ ഫലങ്ങൾ എന്തെല്ലാമാണ് ;

അത് വിവരിക്കാൻ നിരവധി പേജുകൾ വേണ്ടിവരും. ഏറ്റവും പ്രകടമായ ഫലങ്ങളെ പരാമർശിച്ച് നമുക്ക് തൃപ്തരാകാം.

ആദ്യമായി അത് എല്ലാവരുടേയും മനസ്സിൽ നിന്ന് നീതിയും അനീതിയും തമ്മിലുള്ള വ്യത്യാസത്തെ മായ്ച്ചു കളയും.

ഒരളവോളമെങ്കിലും നിയമത്തെ ബഹുമാനിക്കാതെ ഒരു സമൂഹത്തിനും നിലനില്പില്ല. ബഹുമാനിക്കപ്പെടേണ്ടതായ നിയമം ഉണ്ടാക്കുകയെന്നതാണ് ഏറ്റവും സുരക്ഷിതമായ മാർഗ്ഗം. നിയമവും ധാർമ്മിക മൂല്യങ്ങളും തമ്മിൽ വൈരുദ്ധ്യമുണ്ടാകുമ്പോൾ, അത് പൗരനിൽ നിന്ന് ധാർമ്മിക മൂല്യങ്ങളും നിയമത്തോടുള്ള ബഹുമാനവും തമ്മിലുള്ള ക്രൂരമായ ഒരു തെരഞ്ഞെടുപ്പ് ആവശ്യപ്പെടുന്നു. ഈ രണ്ട് തെറ്റുകളുടെയും ഭവിഷ്യത്തുകൾ സമാന മായിരിക്കും. ഒരു വ്യക്തിക്ക് ഇതിലേത് തിരഞ്ഞെടുക്കണമെന്ന് നിശ്ചയിക്കുക പ്രയാസമാണ്.

നിയമത്തിൻെറ സ്വഭാവംതന്നെ നീതിയുടെ നിലനില്പിന് വേണ്ടിയിട്ടുളതാണ്. മനുഷ്യമനസ്സുകളിൽ നീതി എന്നതും നിയമമെന്നതും ഒന്നുതന്നെയാണ്. നിയമവിധേയമായിട്ടുള്ളതെല്ലാം നൈതികമാണെന്നുള്ള ശക്തമായ ഒരു ധാരണ നമ്മൾക്കെല്ലാവർക്കും ഉണ്ട്. ഈ വിശ്വാസംമൂലം പല വ്യക്തികളും നിയമപരമായ കാര്യങ്ങളെല്ലാം നീതിയുക്തമാണെന്ന് തെറ്റായി ധരിച്ചുവച്ചിട്ടു ണ്ട്. കൊള്ള പവിത്രവും നീതിയുക്തവുമാണെന്ന് പലരെയും ധരിപ്പിക്കാൻ നിയമത്തിന്റെ പിൻബലം കൊണ്ടു മാത്രം മതി. അടിമത്തം, കുത്തകവത്ക്കരണം, നിയന്ത്രണ ങ്ങൾ ന്യായീകരിക്കുമാറ് അവമൂലം ലാഭം ഉണ്ടാക്കുന്നവർ മാത്രമല്ല അതുമൂലം കഷ്ടത അനുഭവിക്കുന്നവരിൽ ചിലർ കൂടിയാണ്.

## ചോദ്യം ചെയ്യുന്നവരുടെ വിധി

ഇപ്രകാരമുള്ള സ്ഥാപനങ്ങളുടെ ധാർമ്മികതയെപ്പറ്റി സംശയം പ്രകടിപ്പിക്കുന്ന ഒരാളെ അപകടകാരിയായൊരു കണ്ടുപിടിത്തക്കാരനായും സ്വപ്ന ജീവിയായും, മൂഢസ്വർഗ്ഗത്തിൽ കഴിയുന്നവനായും വെറും താത്ത്വികനായും മുദ്രകുത്തി സമൂഹത്തിൻെറ അടിസ്ഥാനംതന്നെ അയാൾ തകർക്കുമെന്ന് ഉറച്ച് പ്രഖ്യാപിക്കാൻ എല്ലാ സാധ്യതയുമുണ്ട്. നിങ്ങൾ ധാർമ്മികതയെപ്പറ്റിയോ രാഷ്ട്രമീംമാസയെപ്പറ്റിയോ പ്രസംഗിച്ചാൽ സർക്കാരിനോട് താഴെപ്പറയും വിധം നിവേദനങ്ങൾ നടത്തുന്ന സംഘടനകളെയും കാണാം. "ഇതേവരെ നടന്നു വന്നതു പോലെ സ്വതന്ത്ര വ്യാപാരത്തിൻെറ (സ്വാതന്ത്ര്യത്തിൻേറയും, സ്വത്തിൻേറയും, നീതിയുടെയും) മാത്രം കണ്ണിലൂടെ ശാസ്ത്രം പഠിപ്പിച്ചു കൂടാ. ഭാവിയിൽ ഫ്രഞ്ചു വ്യവസായങ്ങളെ നിയന്ത്രിക്കുന്ന വസ്തുതകളുടെയും നിയമങ്ങളുടെയും (സ്വാതന്ത്ര്യത്തേയും, സ്വത്തിനെയും, നീതിയെയും

ഹനിക്കുന്ന വസ്തുതകളുടെയും നിയമങ്ങളുടെയും) അടിസ്ഥാനത്തിൽ വേണം ശാസ്ത്രം പഠിപ്പിക്കാൻ. നിലവിലുള്ള നിയമങ്ങളോടുള്ള ബഹുമാനത്തിന് ചെറിയ രീതിയിൽപ്പോലും തുരങ്കം വെയ്ക്കുന്നതിൽ നിന്ന് സർക്കാർ ചെല വിലുള്ള അധ്യാപക ജോലിയിലിരിക്കുന്നവർ ജാഗ്രതയോടെ മാറി നിൽക്കണം".

അതായത് അടിമത്തത്തേയും കുത്തകകളേയും അടിച്ചമർത്തലിനേയും പിടിച്ചുപറിയേയും ന്യായീകരിക്കുന്ന ഒരു നിയമം നിലവിൽ ഉണ്ടെങ്കിൽ, അത് എന്തു നിലയിലായിക്കോട്ടെ, അതേപ്പററി പരാമർശിച്ചു കൂടാ. കാരണം ആ നിയമത്തിൻെറ ബഹുമാന്യത കുറക്കാതെ അതിനെപ്പറ്റി പരാമർശിക്കുക സാദ്ധ്യമല്ല? ധാർമ്മികതയും മാത്രമല്ല, രാഷ്ട്രമീമാംസയും പഠിപ്പിക്കുന്നതും ഈ നിയമത്തിൻെറ അടിസ്ഥാനത്തിലായിരിക്കും: ഒരു നിയമമുണ്ടെങ്കിൽ അത് നീതിയുക്തമായ നിയമമാണെന്ന വിശ്വാസത്തിൻെറ പേരിൽ.

നിയമത്തിനു സംഭവിച്ച സങ്കടകരമായ ഈ മാർഗ്ഗഭ്രംശത്തിൻെറ മറ്റൊരു ഫലം അത് രാഷ്ട്രീയ വിശ്വാസങ്ങൾക്കും തർക്കങ്ങൾക്കും അതിലൂടെ രാഷ്ട്രീയത്തി നുതന്നെയും ഊതിപ്പെരുപ്പിച്ച പ്രാധാന്യം കൊടുക്കുന്നുവെന്നതാണ്.

എനിക്ക് ഇക്കാര്യം ഒരായിരം വിധത്തിൽ തെളിയിക്കുവാൻ കഴിയും. എന്നാൽ ഈയടുത്തകാലത്ത് എല്ലാവരുടേയും മനസ്സിലുള്ള ഒരു വിഷയം! എല്ലാവർ ക്കും വോട്ടവകാശം എന്ന വിഷയം മാത്രം ഞാൻ ഉദാഹരണമായി എടുക്കുന്നു.

## ആരാണ് വിധി പറയേണ്ടത് ?

റൂസോയുടെ (Rousseau) ചിന്തധാരകളുടെ പ്രണേതാക്കൾ - (അവർ വളരെ പുരോഗമിച്ചിട്ടുണ്ടെന്നാണ് അവരുടെ ധാരണ. എന്നാൽ അവർ 20 നൂറ്റാണ്ടെ ങ്കിലും പിന്നിലാണവർ എന്നാണ് ഞാൻ കരുതുന്നത്), ഞാൻ പറയുന്നത് അംഗീകരിക്കില്ലായിരിക്കാം. എന്നാൽ സാർവ്വത്രിക വോട്ടവകാശം, (ആ വാക്ക് അക്ഷരാർത്ഥത്തിൽ എടുത്താൽ), എന്ന ആശയത്തെ പരിശോധിക്കുന്നതും, സംശയിക്കുന്നതും ഒരു കുറ്റമായി കാണേണ്ടതില്ല. സാർവ്വത്രിക വോട്ടവകാ ശം ഒരു വിശുദ്ധപശുവല്ല. യഥാർത്ഥത്തിൽ സാർവ്വത്രിക വോട്ടവകാശത്തിനെതി രെ വളരെ പ്രധാനപ്പെട്ട എതിർപ്പുകളുണ്ട്.

സാർവ്വത്രികമെന്ന പ്രയോഗം തന്നെ അബദ്ധ ജടിലമാണെന്ന് ആദ്യമായി പറയട്ടെ. ഉദാഹരണത്തിന്, ഫ്രാൻസിൽ 36 ദശലക്ഷം ആൾക്കാരുണ്ട്. സാർവ്വത്രിക വോട്ടവകാശം ഈ 36 ദശലക്ഷം വോട്ടർമാരെ ഉൾക്കൊള്ളുന്നതാകണം. എന്നാൽ ഏററവും ഉദാരമായ സംവിധാനപ്രകാരം പോലും പരമാവധി 9 ദശലക്ഷം ആളുകൾക്കു മാത്രമേ വോട്ടവകാശമുള്ളൂ. അതായത് നാലിൽ മൂന്നുഭാഗം

ആളുകളെയും ഒഴിവാക്കിയിരിക്കുന്നു. നാലാമനാണ് മറ്റു മൂന്നുപേരെയും ഒഴിവാക്കിയിട്ടുള്ളത്. യോഗ്യതയില്ല എന്ന കാരണമുപയോഗിച്ചാണ് ഈ നാലാമൻ മറ്റു മൂന്നുപേരെ പുറത്തു നിർത്തുന്നത്. സാർവ്വത്രിക വോട്ടവകാശം എന്നാൽ യോഗ്യതയുള്ളവരുടെ സാർവ്വത്രിക വോട്ടവകാശം എന്നാണർത്ഥം. എന്നാൽ ഇതിൽ വസ്തുദാരമായ ഒരു ചോദ്യമുണ്ട്. ആരാണ് യോഗ്യർ? കുട്ടികൾ, സ്ത്രീകൾ, മാനസികരോഗമുള്ളവർ, ഭീകരമായ കുറ്റകൃത്യങ്ങൾ ചെയ്തവർ എന്നിവർ മാത്രമേ അയോഗ്യരായുള്ളൂ?

## സമ്മതിദാനാവകാശം നിയന്ത്രിക്കാനുള്ള കാരണം

ഈ വിഷയത്തെ സൂക്ഷ്മമായി പരിശോധിച്ചാൽ യോഗ്യതയുടെ അടിസ്ഥാന ത്തിൽ വോട്ടവകാശം നിർണ്ണയിക്കുന്നതിന്റെ ഉദ്ദേശ്യം മനസ്സിലാക്കാം. ഒരു വോട്ടർ ഈ അവകാശം തനിക്കുവേണ്ടി മാത്രമല്ല എല്ലാവർക്കും വേണ്ടിയാണ് വിനിയോഗിക്കുന്നത് എന്നതാണ് അതിന്റെ ആധാരം.

ഏറ്റവും നിയന്ത്രിതമായ തെരഞ്ഞെടുപ്പ് വ്യവസ്ഥയും ഏറ്റവും ഉദാരമായ തെരഞ്ഞെടുപ്പ് വ്യവസ്ഥയും ഈ കാര്യത്തിൽ ഒരുപോലെയാണ്. എന്താണ് അയോഗ്യത എന്ന കാര്യത്തിൽ മാത്രമേ അവ തമ്മിൽ വ്യത്യാസമുള്ളൂ. ഈ വ്യത്യാസം ഒരാശയപരമായ വ്യത്യാസമല്ല, മറിച്ച് അതിന്റെ പ്രയോഗത്തിലുള്ള ഏറ്റക്കുറച്ചിൽ മാത്രമാണ്.

നമ്മുടെ കാലഘട്ടത്തിലെ ഗ്രീക്ക് - റോമൻ ചിന്തകരിലെ റിപ്പബ്ലിക്കന്മാർ ഭവിക്കുന്നതു പോലെ സമ്മതിദായകാവകാശം ജന്മനാ ഉള്ളതാണെങ്കിൽ പ്രായപൂർത്തിയായവർ സ്ത്രീകളേയും കുട്ടികളേയും വോട്ടു ചെയ്യുന്നത് വിലക്കുന്നത് അനീതിയാണ്. എന്തിനാണ് അവരെ വിലക്കുന്നത് ? അവർക്ക് അതിനുള്ള യോഗ്യതയില്ല എന്ന മുൻധാരണയുടെ ബലത്തിൽ. യോഗ്യതയുടെ പേരിൽ ആളുകളെ ഒഴിവാക്കുന്നതിന്റെ ഉദ്ദേശ്യമെന്താണ്? കാരണം ഒരാളുടെ വോട്ടിന്റെ അനുരണനം അയാളെ മാത്രമല്ല പൊതുസമൂഹത്തെ മുഴുവൻ ബാധിക്കുന്നതാണ്. ഒരു സമൂഹത്തിലെ ജനങ്ങൾക്ക് അവരുടെ നിലനില്പ്പിനെയും അഭിവൃദ്ധിയെയും ബാധിക്കുന്ന കാര്യങ്ങളിൽ ചില മുൻകരുതലുകൾ വേണമെന്ന് അവകാശപ്പെടാൻ അർഹതയുണ്ട്.

## നിയമത്തെ പരിമിതപ്പെടുത്തുക എന്നതാണ് ഉത്തരം

ഇക്കാര്യത്തിൽ ഉത്തരമായി പറയാവുന്നത് എന്താണെന്ന് എനിക്കറിയാം? അതിനോടുള്ള എതിർപ്പും എനിക്കറിയാം? എന്നാൽ ഇത്തരത്തിലുള്ള ഒരു

ആക്ഷേപം/വിവാദം പരിഹരിക്കേണ്ട സ്ഥലവും ഇതല്ല. ഞാൻ ഇത്രമാത്രം നിരീക്ഷിക്കാം നിയമം എന്തായിരിക്കണമോ അതായിരുന്നാൽ സാർവ്വത്രിക വോട്ടവകാശം മൂലം ഉണ്ടാകുന്ന വിവാദത്തിന്റേയും, രാജ്യങ്ങളെ സംഘർഷ പൂരിതമാക്കുന്നതും, ഉത്തേജിപ്പിക്കുന്നതും, മാറ്റിമറിക്കുന്നതുമായ മറ്റ് രാഷ്ട്രീയ സമസ്യകളുടേയും പ്രാധാന്യം ഇല്ലാതാകും . എല്ലാവരുടേയും എല്ലാ അവകാശത്തേയും എല്ലാ സ്വത്തുക്കളുടേയും സംരക്ഷണത്തിനു മാത്രമായി നിയമത്തെ പരിമിതപ്പെടുത്തിയിരുന്നുവെങ്കിൽ; വ്യക്തികളുടെ ആത്മരക്ഷ യുടെ സംഘടിതരൂപം മാത്രമായിരുന്നു നിയമമെങ്കിൽ, അടിച്ചമർത്തലിനേയും കൊള്ളയെയും ഇല്ലാതാക്കുന്നതിനും ശിക്ഷിക്കുന്നതിനും മാത്രമായി നിയമത്തെ പരിമിതപ്പെട്ടിരുന്നുവെങ്കിൽ നമ്മൾ പൗരന്മാർ വോട്ടവകാശ ത്തിൻെറ വ്യാപ്തിയെപ്പറ്റി ഇത്രയേറെ തർക്കിക്കുമായിരുന്നോ ?

ഈ സാഹചര്യത്തിൽ സമ്മതിദായക അവകാശത്തിൻെറ വ്യാപ്തി സമാധാനത്തി നും നന്മയ്ക്കും ഭീഷണിയാണോ? ഒഴിവാക്കപ്പെട്ട വർഗ്ഗങ്ങൾ വോട്ടവകാശം കിട്ടുന്നതുവരെ സമാധാനമായിരിക്കില്ല എന്നുവരുമോ? വോട്ടവകാശമുള്ളവർ അവർക്ക് വന്നുചേർന്നിട്ടുള്ള അവകാശത്തെ എന്തു വിലകൊടുത്തും സംരക്ഷിക്കുമോ?

നിയമം അതിൻെറ യഥാർത്ഥ ഉദ്ദേശങ്ങളിൽ ഒതുങ്ങി നിന്നാൽ നിയമത്തോടു ള്ള എല്ലാവരുടേയും താല്പര്യം ഒരുപോലെയാകും. വോട്ടു ചെയ്തവർ വോട്ടു ചെയ്യാത്തവരെ കഷ്ടപ്പെടുത്താൻ അപ്പോൾ ശ്രമിക്കുന്നില്ല എന്ന് വ്യക്തമല്ലേ?

## നിയമപരമായ കൊള്ള എന്ന മാരണ ആശയം

നേരെമറിച്ച് ഈ മാരകമായ ആശയം കൊണ്ടുവന്നതിനെപ്പറ്റി ആലോചിച്ച് നോക്കൂ. സംഘടിപ്പിക്കുന്നതിൻേറയും നിയന്ത്രിക്കുന്നതിൻേറയും സംരക്ഷി ക്കുന്നതിൻേറയും പ്രോത്സാഹിപ്പിക്കുന്നതിൻേറയും മറവിൽ നിയമം ഒരാളുടെ സ്വത്തെടുത്ത് മറ്റൊരാൾക്ക് കൊടുക്കുന്നു. എല്ലാവരുടേയും സ്വത്ത് എടുത്ത് കുറച്ചാൾക്ക് മാത്രമായി കൊടുക്കുന്നു, അത് കർഷകനാകട്ടെ, ഉല്പാദകരാകട്ടെ, കപ്പലുടമസ്ഥരാകട്ടെ, കലാകാരന്മാരാകട്ടെ, ഹാസ്യ കലാകാരനാകട്ടെ ഈ സാഹചര്യത്തിൽ എല്ലാ വർഗ്ഗങ്ങളും നിയമത്തിൽ പിടിമുറുക്കുവാൻ സ്വാഭാവികമായും ശ്രമിക്കും.

ഒഴിവാക്കപ്പെട്ട വർഗ്ഗങ്ങൾ വോട്ടവകാശത്തിനുവേണ്ടി ശക്തമായി തർക്കി ക്കുകയും അവകാശപ്പെടുകയും അത് കിട്ടിയില്ലെങ്കിൽ സമൂഹത്തെ മാറ്റി

മറിക്കുകയും ചെയ്യും. പിച്ചക്കാരും തെണ്ടികളുംപോലും അവർക്ക് വോട്ടു ചെയ്യുവാനുള്ള അനിഷേധ്യമായ അവകാശങ്ങളുണ്ടെന്ന് നിങ്ങളെ ബോദ്ധ്യപ്പെടുത്തുകയും നിങ്ങളോട് പറയുകയും ചെയ്യുന്നു.

"നികുതി കൊടുക്കാതെ നമ്മൾക്ക് മദ്യവും പുകയിലയും ഉപ്പും മറ്റും വാങ്ങുവാൻ കഴിയുകയില്ല. നമ്മൾ കൊടുക്കുന്ന ഈ നികുതിയുടെ ഒരു ഭാഗം നമ്മളെക്കാൾ പണക്കാരായവർക്ക് ഇളവുകളായും അവകാശങ്ങളായും നിയമം കൊടുക്കുന്നു. മറ്റുള്ളവർ റൊട്ടിയുടേയും മാംസത്തിൻേറയും ഇരുമ്പിൻേറയും തുണികളുടേയും വില കൂട്ടുവാനായി നിയമത്തെ ഉപയോഗിക്കുന്നു. മറ്റെല്ലാവരും നിയമത്തെ അവരുടെ സ്വകാര്യ ലാഭത്തിന് ഉപയോഗിക്കുന്നതുകൊണ്ട് ഞങ്ങൾക്കും ഞങ്ങളുടെ ലാഭത്തിന് നിയമത്തെ ഉപയോഗിക്കാൻ ആഗ്രഹമുണ്ട്. ഞങ്ങൾ ഞങ്ങളുടെ മേൽപറഞ്ഞ അവകാശത്തിന് വേണ്ടി, അതായത് പാവപ്പെട്ടവനും ചെയ്യാനുള്ള അവകാശത്തിനുവേണ്ടി നിയമത്തോടാവശ്യപ്പെടുന്നു. നിങ്ങൾ നിങ്ങളുടെ വൻകിട അവകാശങ്ങൾ സംരക്ഷിക്കാൻ കൂടുന്നതുപോലെ ഞങ്ങൾക്കും ഞങ്ങളുടെ വർഗ്ഗത്തിനുംവേണ്ടി വൻതോതിൽ ഭിക്ഷാടനം നടത്താനും, സംഘടിത സംരക്ഷണം കിട്ടുവാനും വേണ്ടി ഞങ്ങൾക്ക് വോട്ടർമാരും നിയമനിർമ്മാതാക്കളുമാകേണ്ടിയിരിക്കുന്നു. നിങ്ങൾ ഞങ്ങൾക്കുവേണ്ടി എല്ലാം ചെയ്യാമെന്നും ഞങ്ങൾ ഭിക്ഷക്കാരോട് ഇനിപറയേണ്ട. പട്ടിയ്ക്ക് എല്ലുംകഷണം എറിഞ്ഞു കൊടുക്കുന്നതുപോലെ, ഞങ്ങളെ നിശബ്ദരാക്കാൻ മിസ്റ്റർ മിമറൽ (Mr. Mimmerel) ആറുലക്ഷം ഫ്രാങ്ക് പ്രഖ്യാപിച്ചതുപോലെ, ഒന്നും നോക്കേണ്ട. ഞങ്ങൾക്ക് മറ്റ് അവകാശങ്ങളുമുണ്ട്. എന്തായാലും മറ്റുവർഗ്ഗക്കാർ അവർക്കുവേണ്ടി വിലപേശിയതുപോലെ ഞങ്ങൾതന്നെ ഞങ്ങൾക്കുവേണ്ടി വിലപേശാനാഗ്രഹിക്കുന്നു." ഈ വാദത്തിന് നിങ്ങൾക്ക് എന്തു മറുപടിയുണ്ട്!

## വികൃതമാക്കപ്പെട്ട നിയമം തർക്കങ്ങൾ ഉണ്ടാക്കുന്നു

നിയമത്തെ അതിൻെറ യഥാർത്ഥ ഉദ്ദേശത്തിൽ നിന്നും വ്യതിചലിപ്പിക്കാമെന്ന് സമ്മതിക്കുന്നിടത്തോളം കാലം (സ്വത്തുക്കളെ സംരക്ഷിക്കുന്നതിനു പകരം സ്വത്തുക്കളെ ഹനിക്കുന്നതുപോലെയുള്ള നിയമങ്ങൾ) നിയമനിർമ്മാണത്തിൽ എല്ലാവർക്കും പങ്കെടുക്കാൻ താല്പര്യമുണ്ടാകും. അത് അവനെ കൊള്ളയിൽ നിന്നും സംരക്ഷിക്കുന്നതിനോ അല്ലെങ്കിൽ കൊള്ള ചെയ്യുന്നതിനോ വേണ്ടിയാണ്. രാഷ്ട്രീയ സമസ്യകളെപ്പോലും താത്വികവും എല്ലാത്തിനേയും അതിലേക്ക് ഉൾക്കൊള്ളിക്കുന്നതുമായിരിക്കും. നിയമനിർമ്മാണ സഭകളുടെ പുറത്തുണ്ടാകുന്നതിനേക്കാൾ ഒട്ടും കുറവായിരിക്കില്ല സഭയ്ക്കുള്ളിലെ

സമരങ്ങളും. ഇതറിയാൻ ഫ്രഞ്ച്, ഇംഗ്ലീഷ് നിയമ നിർമ്മാണ സഭകളിൽ നടക്കുന്ന കാര്യങ്ങൾ പരിശോധിക്കേണ്ടതില്ല ; ഒരു പ്രശ്നത്തെപ്പറ്റി മനസിലാക്കുന്നത് അതിൻെറ ഉത്തരം അറിയുന്നതുപോലെയാണ്.

സമൂഹത്തെ നശിപ്പിക്കുന്നതും വെറുപ്പിലും തർക്കത്തിനും നിതാന്ത ശ്രോതസ്സാകുന്നതും ഇത്തരം വികൃതമാക്കപ്പെട്ട നിയമങ്ങളാണ് എന്നതിന് എന്തെങ്കിലും തെളിവ് ആവശ്യമുണ്ടോ. തെളിവ് വേണമെങ്കിൽ 1850 – ലെ അമേരിക്കൻ ഐക്യനാടുകളിലേയ്ക്ക് നോക്കൂ. എല്ലാവരുടേയും സ്വാതന്ത്ര്യത്തേയും സ്വത്തിനേയും ഇത്രയധികം സംരക്ഷിക്കുന്നതും നിയമത്തിന് അതിൻെറ യഥാർത്ഥ പരിധിയിൽ നിറുത്തുന്നതുമായ മറ്റൊരു രാജ്യം ഈ ലോകത്തിലില്ല. അതുകൊണ്ടുതന്നെ സമൂഹവ്യവസ്ഥ ഇത്രയും ശക്തമായ അടിത്തറയിൽ നില്ക്കുന്ന വേറൊരു രാജ്യവും ഇല്ലായെന്ന് തോന്നുന്നു. എന്നാൽ പൊതു സമാധാനത്തെ ഭീഷണിയായ രണ്ടു കാര്യങ്ങൾ ........രണ്ടേ രണ്ടുകാര്യങ്ങൾ അമേരിക്കൽ ഐക്യനാടുകളിലുണ്ട്.

## അടിമത്തവും ചുങ്കവും കൊള്ളയാണ്

എന്താണ് ഈ രണ്ടു കാര്യങ്ങൾ ? അത് അടിമത്തവും ചുങ്കവുമാണ്. ഈ രണ്ടു കാര്യങ്ങളിൽ മാത്രമേ അമേരിക്കൻ ഐക്യനാട് എന്ന റിപ്പബ്ലിക്കിന്റെ പൊതുവികാരത്തിനെതിരായി അവിടെ നിയമം കൊള്ളക്കാരൻെറ വേഷമണിയുന്നു.

അടിമത്തം നിയമപരമായിത്തന്നെ സ്വാതന്ത്ര്യത്തിൻെറ നിഷേധമാണ്. ചുങ്കം നിയമപരമായിത്തന്നെ സ്വത്തിൻെറ നിഷേധമാണ്.

ഈ രണ്ട് വ്യക്തമായ നിയമപരമായ കുറ്റകൃത്യങ്ങൾ അത് പഴയ വ്യവസ്ഥയുടെ സങ്കടകരമായ പിന്തുടർച്ചയാണ്. ഐക്യനാടുകളുടെ പതനത്തിന് കാരണമായേക്കാവുന്നതും, കാരണമാകുന്നതുമാണ് "നിയമം അനീതിക്കുള്ള ഒരു ഉപകരണമായി മാറി" എന്നത് ആലോചിക്കാൻപോലും പറ്റാത്തതും എല്ലാ സമൂഹത്തിൻെറയും ഹൃദയഭാഗത്തുള്ളതുമായ ഒരു ദു:ഖസത്യമാണ്! അടിമത്തം, ചുങ്കം എന്നിവകൊണ്ടു മാത്രം നിയമത്തെ വികൃതവൽക്കരിച്ചിട്ടുള്ള ഐക്യനാടുകളിൽ ഇത്രയേറെ ഭീകരമായ അനന്തരഫലം ഉണ്ടാക്കിയെങ്കിൽ അത് യൂറോപ്പിൽ എന്ത് ഫലമുണ്ടാക്കും. വികൃതമാക്കപ്പെട്ട നിയമമെന്നത് സംവിധാനത്തിൻെറ ഭാഗമാക്കിയിട്ടുള്ള ഒരു ആശയവുമായിമാറിയതുമായ അത് യൂറോപ്പിൽ എന്ത് അനന്തരഫലമുണ്ടാകും!

## രണ്ട് വിധത്തിലുള്ള കൊള്ളകൾ

മിസ്റ്റർ കാർലയറുടെ പ്രസിദ്ധമായ പ്രഖ്യാപനത്തിൻെറ ആശയം കടമെടുത്ത് രാഷ്ട്രീയക്കാരനും എഴുത്തുകാരനുമായ മിസ്റ്റർ ഡി. മൊണ്ടലോബെർട്ട് (Mr. De. Montalembert) പറഞ്ഞു. "നമുക്ക് സോഷ്യലിസത്തിനെതിരായി യുദ്ധമുണ്ടാക്കണം. മിസ്റ്റർ ചാൾസ് ഡൂപ്പിൻെറ (Mr. Charles Dupin) അഭിപ്രായത്തിൽ സോഷ്യലിസം എന്ന വാക്കിൻെറ അർത്ഥംകൊണ്ട് ഉദ്ദേശിക്കുന്നത് നമുക്ക് കൊള്ളയ്ക്കെതിരായ യുദ്ധമുണ്ടാക്കണമെന്നാണ്."

എന്നാൽ എന്തു കൊള്ളയെപ്പറ്റിയാണ് അദ്ദേഹം ഉദ്ദേശിച്ചത്. കൊള്ള രണ്ടു വിധത്തിലുണ്ട്. നിയമപരവും നിയമവിരുദ്ധവുമായ കൊള്ള.

നിയമവിരുദ്ധമായ കൊള്ള അതായത് ശിക്ഷാ നിയമങ്ങൾ നിർവ്വചിക്കുന്നതും വ്യവസ്ഥ ചെയ്യുന്നതും ശിക്ഷിക്കുന്നതുമായ കളവ്, അമിതവ്യയം തുടങ്ങിയവയെ സോഷ്യലിസമായി വിളിക്കുവാൻ പറ്റുകയില്ല. ഈവക ചെറിയ കുറ്റങ്ങൾ സമൂഹത്തിൻെറ അടിത്തറയ്ക്കുതന്നെ ഭീഷണിയല്ല. എന്തായാലും ഈവക കൊള്ളയ്ക്കെതിരെയുള്ള നടപടികൾ മാന്യന്മാരുടെ ഉത്തരവിന് കാത്തുനില്ക്കാറുമില്ല. ലോകാരംഭംമുതൽതന്നെ നിയമവിരുദ്ധമായ കൊള്ളയ്ക്കെതിരായിട്ടുള്ള യുദ്ധമുണ്ട്. 1848 ഫെബ്രുവരിയിലെ വിപ്ലവത്തിന് വളരെ മുമ്പുതന്നെ അതായത് സോഷ്യലിസം എന്ന ആശയത്തിൻെറ ഉത്ഭവത്തിനു മുമ്പുതന്നെ നിയമവിരുദ്ധമായ കൊള്ളയെ തടയുന്നതിനുള്ള പോലീസും ജഡ്ജിമാരും ജയിലുകളും വിലങ്ങുകളുമൊക്കെ ഫ്രാൻസിൽ നിലവിലുണ്ടായിരുന്നു. നിയമംതന്നെയാണ് ഈ യുദ്ധം ചെയ്യുന്നതും. കൊള്ളയ്ക്കെതിരെ നിയമം ഈ സമീപനം തുടരണമെന്നാണ് എൻെറ ആഗ്രഹവും അഭിപ്രായവും.

## നിയമം കൊള്ളയെ പരിരക്ഷിക്കുന്നു

എന്നാൽ ഇത് എല്ലായിപ്പോഴും അപ്രകാരമാകണമെന്നില്ല. ചില സമയങ്ങളിൽ നിയമം കൊള്ളയെ പരിരക്ഷിക്കുകയും കൊള്ളയിൽ പങ്കെടുക്കുകയും ചെയ്യുന്നു. അപ്രകാരം വരുമ്പോൾ കൊള്ളയുടെ ഗുണഭോക്താക്കൾക്ക് കൊള്ള നടത്തുമ്പോൾ ഉണ്ടാകേണ്ട അപകടവും ലജ്ജയുമില്ലാതാകുന്നു. ചില സമയങ്ങളിൽ നിയമസംവിധാനങ്ങളായ ജഡ്ജിമാരേയും പോലീസിനേയും ജയിലുകളേയും കൊള്ളക്കാരുടെ ആവശ്യത്തിനനുസരിച്ച് പ്രവർത്തിക്കാൻ നിയമം സഹായിക്കുകയും കൊള്ളയെ എതിർക്കുന്ന ഇരയെ കുറ്റക്കാരനായി കണക്കാക്കുകയും ചെയ്യുന്നു. യാതൊരു സംശയവുമില്ല ഡി. മൊണ്ടലോബെർട്ട് പ്രതിപാദിച്ചത് ഇപ്രകാരമുള്ള നിയമപരമായ കൊള്ളയെയാണ്.

ഇത് ജനങ്ങളുടെ നിയമനിർമ്മിതിയിൽ ചെറിയൊരു കറ മാത്രമാകാം. നിയമ പരമായ കൊള്ളയെ വലിയ കോലാഹലങ്ങളൊന്നും ഉണ്ടാക്കാതെയും സ്ഥാപിത താൽപര്യക്കാരുടെ ഗർജ്ജനങ്ങൾ അവഗണിച്ചും തുടച്ച് മാറ്റേണ്ടതാണ്.

## നിയമപരമായ കൊള്ളയെ എങ്ങനെ തിരിച്ചറിയാം

നിയമപരമായ കൊള്ളയെ എങ്ങനെ തിരിച്ചറിയാം? അത് വളരെ എളുപ്പ മാണ്. അപ്രകാരമുള്ള നിയമം ഒരുവിഭാഗം ആളുകളിൽ നിന്നും അവരുടേതാ യതിനെ പിടിച്ചെടുത്തതിനുശേഷം മറ്റുചിലർക്ക് കൊടുക്കുന്നതായിരിക്കും. അപ്രകാരമുള്ള നിയമംകൊണ്ട് ഒരു പൗരന് മറ്റൊരു പൗരൻെറ ചിലവിൽ ഗുണങ്ങൾ അനുഭവിക്കാനുള്ള അവസരം ഒരുക്കുകയും നിയമം ഇല്ലാതി രുന്നെങ്കിൽ ഗുണഫലം കിട്ടിയ പൗരൻ കുറ്റകൃത്യം ചെയ്തതായി കണക്കാ ക്കുമായിരുന്നതുമാണ്.

അപ്രകാരമുള്ള നിയമങ്ങൾ താമസംവിന ഇല്ലായ്മ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ അപ്രകാരമുള്ള കുടില നിയമങ്ങൾ മാത്രമല്ല കൂടുതൽ തെറ്റുകളിലേക്കുള്ള വഴിയാകുന്നതും അത് തിരിച്ചടികൾ ക്ഷണിച്ചുവരുത്തുന്നതുമാകും. അപ്രകാ രമുള്ള നിയമങ്ങൾ അത് ഒറ്റപ്പെട്ടതാണെങ്കിൽകൂടി ഉടനടി ഇല്ലായ്മ ചെയ്തില്ലായെങ്കിൽ പടർന്ന് പന്തലിച്ച് ഒരു വ്യവസ്ഥയായി വളരുന്നതുമാണ്.

അപ്രകാരമുള്ള നിയമങ്ങൾമൂലം ലാഭം കിട്ടുന്നവർ അവർക്ക് കിട്ടിയിട്ടുള്ള അവകാശം ത്യജിക്കേണ്ടിവരുമ്പോൾ ശക്തമായി പ്രതിഷേധിക്കും. അവരുടെ വ്യവസായം സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സർക്കാരിന് ബാധ്യത യുണ്ടെന്നും അത് സർക്കാരിനെത്തന്നെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും അപ്രകാരം സംരക്ഷിത വ്യവസായങ്ങൾ ദരിദ്രരായ തൊഴിലാളികൾക്ക് കൂടുതൽ കൂലി കൊടുക്കുമെന്നും അത് മൂലം ധനവ്യം ഉണ്ടാകുമെന്നൊക്കെ കൂടുതൽ സംഖ്യകൾ ചെലവാക്കുമെന്നുമൊക്കെ വാദിക്കും.

ഇപ്രകാരമുള്ള സ്ഥാപിത താല്പര്യക്കാരുടെ മനംമയക്കുന്ന വാദങ്ങൾക്ക് ചെവികൊടുക്കാതിരിക്കേണ്ടതുണ്ട്. അപ്രകാരമുള്ള വാദങ്ങളെ അംഗീകരിച്ചാൽ അത് നിയമവിധേയമായ കൊള്ളയ്ക്കുള്ള സംവിധാനം ഒരുക്കുന്നതായിരിക്കും. ഇത് ഇപ്പോൾത്തന്നെ നിലവിൽ വന്നു കഴിഞ്ഞു. ഇപ്പോൾ നിലവിലുള്ള ഈ മതിഭ്രമം എല്ലാവരുടേയും ചിലവിൽ എല്ലാവരേയും സമ്പന്നരാക്കാമെന്ന തെറ്റായ സങ്കല്പമാണ് സങ്കടിതമാക്കുന്നതിന്റെ മറവിൽ കൊള്ളയെ സാർവ്വത്രികമാക്കുവാനുള്ള ശ്രമമാണ്.

## നിയമപരമായ കൊള്ളയ്ക്ക് പല പേരുകളുണ്ട്

നിയമപരമായ കൊള്ള നടത്തുന്നതിന് വിവിധങ്ങളായ മാർഗ്ഗങ്ങളുണ്ട്. ചുങ്കം ഇളവുകൾ, സംരക്ഷണം , ആനൂകൂല്യങ്ങൾ, പ്രോത്സാഹനം, പുരോഗമന പര മായ നികുതി, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജോലികൾ ഉറപ്പാക്കൽ, ലാഭങ്ങൾ ഉറപ്പാക്കൽ, ധനസഹായം, ഏറ്റവും കുറഞ്ഞ കൂലി നിജപ്പെടുത്തുന്ന നിയമം എന്നിവ ഇപ്രകാരമുള്ള നിയമപരമായ കൊള്ള നടത്താനുള്ള സംഘടിത ശ്രമത്തിൻെറ ഭാഗമാണ്. ഈ പരിപാടികൾക്കെല്ലാം കൂടിയുളള അതായത് നിയമപരമായ കൊള്ളയ്ക്കുള്ള പൊതു ഉദ്ദേശ്യത്തിന്റെ പേരാണ് സോഷ്യലിസം. ഇപ്രകാരമുളള ഒരു സിദ്ധാന്തമായ സോഷ്യലിസത്തെ ചെറുക്കാൻ മറ്റൊരു സിദ്ധാന്തങ്ങൾകൊണ്ടല്ലാതെ എങ്ങനെ സാധിക്കും? നിങ്ങൾക്ക് ഈ സോഷ്യലിസ്റ്റ് സിദ്ധാന്തം തെറ്റും, വിഡ്ഢിത്തവും, ചീത്തയുമാണെന്ന് തോന്നുന്നുണ്ടെങ്കിൽ അതിനെ നിരാകരിക്കുക. സിദ്ധാന്തം എത്രകണ്ടും കൂടുതൽ തെറ്റും കൂടുതൽ വിഡ്ഢിത്തവും കൂടുതൽ ചീത്തയുമാകുന്നുവോ അത്രകണ്ടും എളുപ്പത്തിൽ അതിനെ നിരാകരിക്കുവാൻ പറ്റും. നിങ്ങൾ ശക്തരാകുവാൻ ആഗ്രഹിക്കുന്നുണ്ടുവെങ്കിൽ സോഷ്യലിസത്തിൻെറ ഓരോ തരിയേയും നിങ്ങളുടെ നിയമവ്യവസ്ഥയിൽ നിന്നും പിഴുതെറിയുക. ഇത് ഒരു എളുപ്പമുള്ള കാര്യമല്ല.

## സോഷ്യലിസം നിയമപരമായ കൊള്ളയാണ്

വെറും ശക്തിമാത്രംകൊണ്ട് സോഷ്യലിസത്തെ ചെറുക്കാൻ ആഗ്രഹിച്ചയാ ളാണ് മി.ഡി. മൊണ്ടേൽബർഡ് എന്നാരോപണമുണ്ട്. എന്നാൽ ഈ ആരോപണത്തിൽ നിന്നും അദ്ദേഹത്തെ വിമുക്തനാക്കേണ്ടതുണ്ട്. എന്തെന്നാൽ അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട് "സോഷ്യലിസത്തിനെതിരെ നമ്മൾ നടത്തേണ്ട പോരാട്ടം നിയമത്തിനും അന്തസ്സിനും നീതിക്കും ചേർന്നതായി രിക്കണം."

എന്നാൽ മി. ഡി. മൊണ്ടേൽബർഡ് അദ്ദേഹം ഒരു തെറ്റായ ചക്രത്തിനുള്ളി ലാണ് സ്വയം പ്രതിഷ്ഠിച്ചിട്ടുള്ളതെന്ന് എന്തുകൊണ്ട് മനസ്സിലാക്കുന്നില്ല? നിയമത്തെ ഉപയോഗിച്ച് സോഷ്യലിസത്തെ എതിർക്കുകയോ, സോഷ്യലിസം തന്നെ നിയമത്തെയാണ് ആശ്രയിക്കുന്നത്. സോഷ്യലിസ്റ്റുകൾ നിയമപര മായ കൊള്ളയാണ് നടപ്പിലാക്കാൻ ആഗ്രഹിക്കുന്നത്. അല്ലാതെ നിയമ വിരുദ്ധമായ കൊള്ളയെയല്ല. മറ്റെല്ലാ കുത്തകകളെയുംപോലെ സോഷ്യലി സ്റ്റുകളും നിയമത്തെ ആയുധമാക്കാൻ ആഗ്രഹിക്കുന്നു. നിയമം

സോഷ്യലിസത്തിൻെറ ഭാഗത്താണെങ്കിൽ ആ നിയമത്തെ സോഷ്യലിസത്തിനെ തിരായി എങ്ങനെ ഉപയോഗിക്കും? കൊള്ള നിയമവിധേയമാകുമ്പോൾ അതിന് നിങ്ങളുടെ കോടതികളെയോ, നിങ്ങളുടെ വിലങ്ങുകളേയോ പേടിക്കേണ്ടതില്ല എന്നുമാത്രമല്ല അവയുടെ സഹായംപോലും ആവശ്യപ്പെടാം.

ഇതു തടയാൻ നിയമനിർമ്മാണങ്ങളിൽ നിന്നും സോഷ്യലിസത്തെ പുറത്താക്കുകയാണ് വേണ്ടത്? നിയമനിർമ്മാണ സഭകളിൽ പ്രവേശിക്കുന്നതിന് സോഷ്യലിസ്റ്റുകളെ തടയുകയാണ് വേണ്ടത്. എന്നാൽ നിയമപരമായ കൊള്ള നിയമനിർമ്മാണ സഭയുടെ മുഖ്യ ജോലിയാകുന്നിടത്തോളംകാലം നിങ്ങൾക്ക് അതിന് കഴിയുകയില്ല. എന്ന് ഞാൻ പ്രവചിക്കുന്നു. അപ്രകാരം തടയാമെന്ന് വിചാരിക്കുന്നതുതന്നെ വിഡ്ഢിത്തവും സാമാന്യ ബുദ്ധിക്ക് നിരക്കുന്നതുമല്ലാത്തതുമാണ്.

## നമുക്ക് മുന്നിലെ മാർഗ്ഗങ്ങൾ

നിയമപരമായ കൊള്ള എന്ന തിൻമ നമുക്ക് എന്നന്നേയ്ക്കുമായി പരിഹരിക്കേണ്ടതുണ്ട്. ഇപ്രകാരം പരിഹരിക്കാൻ മൂന്ന് മാർഗ്ഗങ്ങളേയുള്ളൂ.

1. കുറച്ചാളുകൾ, കുറേയാളുകളെ കൊള്ളയടിക്കുക.
2. എല്ലാവരും എല്ലാവരേയും കൊള്ളയടിക്കുക.
3. ആരും ആരേയും കൊള്ളയടിക്കാതിരിക്കുക.

ക്ലിപ്തമായ കൊള്ളയും സാർവ്വത്രികമായ കൊള്ളയും, കൊള്ളയില്ലായ്മയും തമ്മിൽ നമ്മൾ തിരഞ്ഞെടുക്കേണ്ടതുണ്ട്. നിയമത്തിന് ഇതിൽ ഏതെങ്കിലും ഒരു മാർഗ്ഗമേ പിന്തുടരാൻ പറ്റുകയുള്ളൂ.

## പരിമിതമായതും നിയമപരമായതുമായ കൊള്ള:–

വോട്ടവകാശം പരിമിതപ്പെടുത്തിയ വ്യവസ്ഥകളിലാണിതുള്ളത്. സോഷ്യലിസത്തിന്റെ കടന്നുകയറ്റത്തെ ചെറുക്കാൻ ഈ വ്യവസ്ഥയിലേയ്ക്ക് മടങ്ങിപോകാം.

## സാർവ്വത്രികമായ കൊള്ള:–

സാർവ്വത്രിക വോട്ടവകാശം നിലവിൽ വന്നതോടുകൂടി ഇപ്രകാരമുള്ള ഒരു വ്യവസ്ഥയുടെ ഭീഷണി നമുക്കുണ്ട്. പുതിയതായി വോട്ടവകാശം സിദ്ധിച്ച ഭൂരിപക്ഷം പരമമതമായ വോട്ടവകാശമുണ്ടായിരുന്ന മുൻ വ്യവസ്ഥയിലെ നിയമപരമായ കൊള്ളയെന്ന ആശയത്തെ സാധൂകരിക്കുന്ന നിയമങ്ങൾ ഉണ്ടാക്കാൻ തീരുമാനിച്ചു.

## നിയമപരമായ കൊള്ളയില്ലാത്തയവസ്ഥ:–

നീതിയുടേയും സമാധാനത്തിൻേറയും സ്ഥിരതയുടേയും സൗഹാർദ്ദത്തിൻെ റയും സാമാന്യ ബോധത്തിൻെറയും ആശയമാണിത്. ഒട്ടും മതിയാവുകയി ല്ലെങ്കിലും എൻെറ മരണംവരെ നെഞ്ചുപൊട്ടുമാറ് ഉച്ചത്തിൽ ഞാൻ ഈ ആശയത്തെ പിന്തുണയ്ക്കും.

## നിയമത്തിൻെറ യഥാർത്ഥ ഉദ്ദേശ്യം

കൊള്ളയെ ഇല്ലായ്മ ചെയ്യുന്നതിനപ്പുറം നിയമത്തെക്കൊണ്ട് എന്തെങ്കിലും ഉപയോഗമുണ്ടോ? എല്ലാവരുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതി നപ്പുറം നിയമത്തെ എന്തെങ്കിലും യുക്തിസഹമായ ആവശ്യത്തിന് ഉപയോ ഗിക്കുവാൻ പറ്റുമോ? ശക്തിയാണ് ശരിയെന്ന അവസ്ഥ ഉണ്ടാക്കാതെയും നിയമത്തിൻെറ വികൃതവത്ക്കരിച്ചല്ലാതെയും മേൽപറഞ്ഞതിൽ കൂടുതൽ കാര്യങ്ങൾക്ക് നിയമത്തെ ഉപയോഗിക്കുവാൻ പറ്റുകയില്ല. നമുക്ക് ചിന്തിക്കു വാൻ പറ്റുന്നതിൽ ഏറ്റവും മാരണമായതും യുക്തിരഹിതമായതുമായ സാമൂഹിക വൈകൃതമായി തീരും അത്. സാമൂഹ്യ ബന്ധങ്ങളിൽ എത്രതന്നെ തിരഞ്ഞാലും നിയമം സംഘടിത നീതിയാണ് എന്ന മിതമായ വാക്കുകളിൽ ശരിയായ പരിഹാരമുണ്ട് എന്നത് അംഗീകരിക്കേണ്ടിവരും.

നീതിയെ നിയമപരമായി സംഘടിപ്പിക്കുമ്പോൾ അതായത് ശക്തിയെ ഉപയോഗിച്ച് സംഘടിപ്പിക്കുമ്പോൾ ആ നിയമം ഉപയോഗിച്ചും മനുഷ്യൻെറ എല്ലാ പ്രവർത്തികളേയും അത് തൊഴിലാകട്ടെ, കൃഷിയാകട്ടെ, കച്ചവടമാകട്ടെ, വ്യവസായമാകട്ടെ, വിദ്യാഭ്യാസമാകട്ടെ, കലയാകട്ടെ, മതമാകട്ടെ അവയെല്ലാം ഒഴിവാക്കിക്കൊണ്ടതായിരിക്കണം. അപ്രകാരമുള്ള മേൽപറഞ്ഞ ഏതെങ്കിലും പ്രവർത്തിയെ നിയമപരമായി സംഘടിപ്പിച്ചാൽ ആയത് അപ്രകാരമുള്ള പ്രവർത്തിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായ നീതിയെ നശിപ്പിച്ചു കൊണ്ടു മാത്രമേ പറ്റുകയുള്ളൂ. പൗരന്റെ ശക്തി ഉപയോഗിക്കാതെ വരുമെന്ന് സ്വാതന്ത്ര്യത്തിനെതിരെ ശക്തിയുപയോഗിക്കുന്നത് നീതിക്കെതിരെ ശക്തി ഉപയോഗിക്കാതെ പറ്റുമെന്ന് ചിന്തിക്കാൻ പോലും പറ്റാത്തതും അത് നിയമത്തിന്റെ യഥാർത്ഥ ഉദ്ദേശത്തെത്തന്നെ ഇല്ലാതാക്കലുമായിരിക്കും.

## സോഷ്യലിസം എന്ന ഭ്രമിപ്പിക്കുന്ന ആശയം

നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും പ്രചാരമുള്ള ഒരു അസത്യം ഇവിടെ പ്രസക്തമാണ്. നിയമം നീതിക്കുവേണ്ടിയിട്ടുള്ളതു മാത്രമല്ല, പൊതുജന

താല്പര്യത്തിന് വേണ്ടിയിട്ടുള്ളതെന്നതാണ്. നിയമം എല്ലാ പൗരന്മാർക്കും അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ സ്വതന്ത്ര്യമായി എതിർപ്പില്ലാതെ ഉപയോഗിക്കുന്നത് ഉറപ്പ് നല്കുകയും ധാർമ്മികമായി സ്വയം നന്നാവാൻ അവസരമൊരുക്കുകയും ചെയ്താൽ മാത്രംപോര, രാജ്യം മുഴുവൻ അഭിവൃദ്ധിയും വിദ്യാഭ്യാസവും ധാർമ്മിക മൂല്യങ്ങളുമുണ്ടാകവാനും നിയമം മൂലം കഴിയണമെന്നതാണ്. ഇതാണ് സോഷ്യലിസത്തിൻെറ ഭ്രമിപ്പിക്കുന്ന മുഖം. ഞാൻ ആവർത്തിക്കട്ടെ നിയമംകൊണ്ടുള്ള മേൽപറഞ്ഞ രണ്ട് ഉപയോഗങ്ങളും തമ്മിൽ വൈരുദ്ധ്യങ്ങളുണ്ട്. നമ്മൾക്ക് ഏതെങ്കിലുമൊന്ന് തിരഞ്ഞെടുക്കേണ്ടതുണ്ട്. ഒരു പൗരന് ഒരേ സമയം സ്വതന്ത്രനും പരതന്ത്രനുമാകാൻ കഴിയുകയില്ലല്ലോ.

## ബലംപ്രയോഗിച്ചുള്ള സാഹോദര്യം അവകാശങ്ങളെ നശിപ്പിക്കും

മിസ്റ്റർ ഡി. ലമാർട്ടിൻ (Mr. De . Lamartine) ഒരിക്കൽ എനിക്ക് ഇപ്രകാരമെഴുതി "താങ്കളുടെ സിദ്ധാന്തം എൻെറ പരിപാടിയിൽ പകുതി മാത്രമാണ് താങ്കൾ സ്വാതന്ത്രത്തെപറ്റി പറഞ്ഞവസാനിപ്പിച്ചു. ഞാൻ സാഹോദര്യവും കൂടി ഉൾപ്പെടുത്തിയിടുണ്ട്." ഞാൻ അദ്ദേഹത്തോട് പറഞ്ഞ ഉത്തരം ഇപ്രകാരമാണ്. "താങ്കളുടെ പദ്ധതിയിലെ രണ്ടാം ഭാഗം ഒന്നാം ഭാഗത്തെ നശിപ്പിക്കും". സാഹോദര്യവും സ്വയംസന്നദ്ധതയും തമ്മിൽ വേർപിരിക്കാൻ എനിക്ക് കഴിയില്ല. സ്വാതന്ത്ര്യത്തെ നിയമപരമായി നശിപ്പിച്ചല്ലാതെ നിയമപരമായ സാഹോദര്യത്തെ നടപ്പിലാക്കാൻ എങ്ങനെ സാധിക്കുമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അത് നീതിയെ ചവുട്ടിയരക്കുന്ന ഫലമുണ്ടാക്കുകയും ചെയ്യുന്നു.

## നിയമപരമായ കൊള്ളയ്ക്ക് രണ്ട് വേരുകളുണ്ട്

ആദ്യത്തേത് ഞാൻ നേരത്തെ പറഞ്ഞിട്ടുള്ള മനുഷ്യൻെറ ആർത്തിയാണ്. രണ്ടാമത്തേത് തെറ്റായ സഹാനുഭൂതിയാണ്.

കൊള്ളയെന്ന വാക്കുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നതെന്താണ് എന്നത് വിവരിക്കേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നു.

## കൊള്ള ഉടമസ്ഥാവകാശത്തെ നശിപ്പിക്കും

ഈ വാക്ക് സാധാരണ ഉപയോഗിക്കാറുള്ളത് പോലെ വ്യക്തതയില്ലാത്തതും ഉറപ്പില്ലാത്തതും ഉദ്ദേശമായിട്ടുള്ളതും ആലങ്കാരികമായിട്ടുള്ളതുമായ അർത്ഥത്തിലല്ല ഞാൻ ഉപയോഗിക്കുന്നത്. ശാസ്ത്രീയമായി അംഗീകരിച്ചിട്ടുള്ള

അർത്ഥത്തിലാണ്. അതായത് സ്വത്ത് എന്നതിന്റെ വിപരീതമായ ആശയത്തിലാണ് ഇവിടെ ഉപയോഗിക്കുന്നത്. ഉദാഹരണമായി കൂലി, ഭൂമി, പണം അങ്ങനെ പലതുമായി ഒരാളുടെ ഉടമസ്ഥതയിലുള്ള സ്വത്തിൻെറ ഒരു ഭാഗം അയാളുടെ സമ്മതമില്ലാതെയും അയാൾക്ക് നഷ്ടപരിഹാരം കൊടുക്കാതെയും ബലപ്രയോഗിച്ചോ ചതിച്ചോ അതിലവകാശമില്ലാത്ത മറ്റൊരുത്തന് കൈമാറിയാൽ സ്വത്തിനെ ലംഘനപ്പെടുത്തിയെന്ന് ഞാൻ പറയും. ഒരു കൊള്ള നടത്തിയെന്നും ഞാൻ പറയും.

എല്ലായിപ്പോഴും എല്ലായിടത്തും ഇപ്രകാരമുള്ള പ്രവർത്തിയെയാണ് നിയമം തടയേണ്ടത്. എന്നാൽ നിയമംതന്നെ നിയമംമൂലം തടയേണ്ട ഒരു പ്രവർത്തി ചെയ്യുകയാണെങ്കിൽ അത് കൊള്ളതന്നെയാണെന്നും, സമൂഹത്തിൻെറയും അഭിവൃദ്ധിയുടെയും ദൃഷ്ടിയിൽ മാപ്പർഹിക്കാത്ത, അവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റമാണെന്നും ഞാൻ പറയും. എന്നാൽ ഇപ്രകാരമുള്ള നിയമപരമായ കൊള്ളകൊണ്ട് ഗുണംകിട്ടുന്ന വ്യക്തിക്ക് ഈ കൊള്ളയിൽ ഉത്തരവാദിത്വമില്ല. ഈ കൊള്ളയുടെ മുഴുവൻ ഉത്തരവാദിത്വം നിയമത്തിനും നിയമനിർമ്മാതാവിനും സമൂഹത്തിനും മാത്രമാണ്. ഇവിടെയാണ് രാഷ്ട്രീയ അപകടം ഒളിച്ചിരിക്കുന്നത്.

കൊള്ളയെന്നത് മുറിപ്പെടുത്തുന്ന ഒരു വാക്കാണെന്ന് വേദനയോടെ ഞാനറിയുന്നു. മുറിപ്പെടുത്താത്ത മറ്റൊരു വാക്ക് കിട്ടാൻ ഞാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. നമ്മുടെ ചർച്ചയിൽ ഇപ്രകാരമുള്ള ഒരു പ്രകോപനപരമായ വാക്ക് ഉപയോഗിക്കുവാൻ എനിക്ക് ഒരിക്കലും, പ്രത്യേകിച്ച് ഇപ്പോൾ, താല്പര്യമില്ല. നിങ്ങൾ വിശ്വസിച്ചാലുമില്ലെങ്കിലും ആരുടെയും ധാർമ്മിക മൂല്യങ്ങളെയോ, ഉദ്ദേശ്യങ്ങളേയോ എതിർക്കാൻ എനിക്ക് ഉദ്ദേശ്യമില്ല എന്ന് ഞാൻ പ്രഖ്യാപിക്കട്ടെ. ഞാൻ എതിർക്കുന്നത് ഞാൻ തെറ്റെന്ന് വിശ്വസിക്കുന്ന ആശയത്തെയാണ് നീതിരഹിതമെന്ന് എനിക്ക് തോന്നുന്ന ഒരു സംവിധാനത്തെയാണ്. ഒരോരുത്തർക്കും നമ്മൾ ആഗ്രഹിക്കാതെതന്നെ വന്നുചേരുന്ന ലാഭവും കാരണമറിയാതെ നമ്മളനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്ന അനീതിയിൽ അതിഷ്ഠിതമായ വ്യവസ്ഥയെയാണ്.

## കൊള്ളയുടെ മൂന്ന് വ്യവസ്ഥകൾ

സോഷ്യലിസം, കമ്മ്യൂണിസം, സുരക്ഷിതത്വം എന്നിവയ്ക്കായി വാദിക്കുന്നവരുടെ ഉദ്ദേശശുദ്ധി ഇവിടെ ചോദ്യം ചെയ്യപ്പെടുന്നില്ല. രാഷ്ട്രീയ ബോധവും രാഷ്ട്രീയ ഭീരുത്വവും ബാധിച്ച് ഒരെഴുത്തുകാരൻ മാത്രമേ അപ്രകാരം ചെയ്യുകയുള്ളൂ. എന്നാൽ ഒരു കാര്യം പറയട്ടെ സുരക്ഷിതത്വവാദവും കമ്മ്യൂണിസവും,

സോഷ്യലിസവും ഒരേ ചെടിയുടെ വളർച്ചയുടെ ഓരോ ഘട്ടങ്ങളാണ്. മുഴുവൻ കൊള്ളയുമായതിനാൽ കമ്മ്യൂണിസത്തിൽ സുരക്ഷിതത്വത്തെയും നിയമ പരമായ കൊള്ളയെയും വ്യക്തമായി ദർശിക്കാവുന്നതുമാണ്.

സാർവ്വത്രിക കൊള്ളയായതിനാൽ കമ്മ്യൂണിസത്തിൽ കൊള്ള കൂടുതൽ പ്രത്യക്ഷമാണ്. പ്രത്യേക വിഭാഗങ്ങളിലും വ്യവസായങ്ങളിലും ഒതുങ്ങി നിൽക്കുന്നതിനാൽ സുരക്ഷിതത്വ വാദത്തിൽ കൊള്ളയെ കൂടുതൽ വ്യക്തതയോടെ ദർശിക്കാൻ കഴിയും. അതുകൊണ്ടുതന്നെ മേൽപറഞ്ഞ മൂന്ന് വ്യവസ്ഥകളിൽ വച്ച് ഏറ്റവും അവ്യക്തമായതും തീരുമാനമില്ലാത്തതും അതുകൊണ്ടുതന്നെ വികസനത്തിൻെറ ഏറ്റവും ആത്മാർത്ഥമായ ഘട്ടം സോഷ്യലിസമാണ്.

ആത്മാർത്ഥത ഉണ്ടെന്നതോ, ഇല്ലന്നതൊ അല്ല ഇവിടത്തെ പ്രശ്നം. വ്യക്തികളുടെ ഉദ്ദേശ്യവുമല്ല ഇവിടത്തെ പ്രശ്നം. ഞാൻ നേരത്തെ പറഞ്ഞതുപോലെ നിയമപരമായ കൊള്ളയുടെ ഭാഗികമായ അടിസ്ഥാനം പരോപകാരതൽപരതയാണ്. തെററായ പരോപകാരതത്പരതയാണെങ്കിൽകൂടി ഇപ്രകാരമുള്ള ഒരു വിശദീകരണത്തിൻെറ അടിസ്ഥാനത്തിൽ പൊതുവായ കൊള്ള കൊണ്ട് പൊതുനന്മ കൈവരിക്കാമെന്ന പൊതുജനത്തിൻെറ ആഗ്രഹ അഭിലാഷങ്ങളുടെ മൂല്യത്തിൽ അതിൻെറ ഉത്ഭവവും സ്വഭാവവും നമുക്ക് പരിശോധിക്കാം.

## നിയമം കരുത്താണ്

നിയമം നീതിയെ സംഘടിപ്പിക്കുന്നതിനാൽ സോഷ്യലിസ്റ്റുകാർ ചോദിക്കുന്നത് എന്ത്കൊണ്ട് നിയമത്തിന് തൊഴിലിനേയും വിദ്യാഭ്യാസത്തേയും മതത്തേയും സംഘടിപ്പിച്ചുകൂടാ എന്നതാണ്.

നിയമത്തെ എന്തുകൊണ്ട് ഈ ഉദ്ദേശ്യങ്ങൾക്ക് ഉപയോഗിച്ചുകൂട?

നീതിയെ നശിപ്പിക്കാതെ നിയമത്തിന് തൊഴിലിനേയും വിദ്യാഭ്യാസത്തെയും മതത്തെയും സംഘടിപ്പിക്കാൻ പറ്റുകയില്ല എന്നതാണ് ഉത്തരം. നിയമത്തിന്റെ അടിസ്ഥാനം കരുത്താണ് എന്നതിനാൽ കരുത്തിന്റെ വ്യവസ്ഥാപിത കർമ്മങ്ങളിൽ കൂടുതൽ നിയമത്തിൻെറ വ്യവസ്ഥാപിത കർമ്മങ്ങളെ നിയമപരമായി നീട്ടാൻ പറ്റുകയില്ലായെന്നതാണ്.

നിയമവും കരുത്തും ഒരു വ്യക്തിയെ നീതിയുടെ അതിർവരമ്പുകൾക്കുള്ളിൽ നിറുത്തുമ്പോൾ അത് ആ വ്യക്തിക്കെതിരെ കൂടുതലായി ഒന്നും ചെയ്യുന്നില്ല. ആ വ്യക്തി മറ്റുള്ളവർക്ക് ഉപദ്രവം ചെയ്യുന്നില്ല എന്നുമാത്രമാണ്

നിഷ്കർഷിക്കുന്നത്. ആ വ്യക്തിയുടെ വ്യക്തിത്വത്തിലോ, സ്വാതന്ത്ര്യത്തിലോ സ്വത്തുക്കളിലോ ഇടപെടുന്നില്ല. നേരെ മറിച്ച് അവയെ സംരക്ഷിക്കുകയാണ്. അപ്പോൾ നിയമം പ്രതിരോധിക്കുകയാണ്. എല്ലാവരുടേയും അവകാശങ്ങളെ തുല്യമായി സംരക്ഷിക്കുകയാണ്.

## നിയമം ഒരു നിഷേധമായ ആശയമാണ്

നിയമത്തിൻേറയും നിയമപരമായ പ്രതിരോധത്തിൻെറയും ഉപദ്രവകരമല്ലാത്ത സത്പ്രവർത്തി വളരെ വ്യക്തമാണ്. അതിൻെറ ഉപയോഗ്യത വ്യക്തവും നിയമസാധുത ചോദ്യം ചെയ്യാൻ പറ്റാത്തതുമാണ്.

എൻെറ ഒരു സുഹൃത്ത് ഒരിക്കൽ നിരീക്ഷിച്ചതുപോലെ നിയമത്തിൻെറ നിഷേധരൂപമായ ആശയം ഒരു യാഥാർത്ഥ്യമാണ്. നിയമത്തിൻെറ ഉദ്ദേശ്യം നീതിയുടെ വാഴ്ചയാണ് എന്ന പ്രസ്താവന വളരെകൃത്യമായ ഒരു പ്രസ്താവനയല്ല. അതായത് നിയമത്തിൻെറ ഉദ്ദേശ്യം അനീതിയുടെ വാഴ്ച തടയുകയെന്നതാണ്. അനീതിക്ക് മാത്രമാണ് നീതിക്കല്ല സ്വന്തമായ നിലനില്പുള്ളത്. അനീതിയില്ലാതാകുമ്പോൾ മാത്രമാണ് നീതി കൈവരിക്കുന്നത്.

എന്നാൽ നിയമം അതിൻെറ സ്വാഭാവിക പ്രതിനിധിയായ കരുത്ത് മുഖാന്തിരം ഒരു തൊഴിൽ നിയന്ത്രണം അല്ലെങ്കിൽ ഒരു വിദ്യാഭ്യാസ പദ്ധതിയോ വിഷയമോ അല്ലെങ്കിൽ ഒരു മതപരമായ വിശ്വാസമോ ജാതിയോ നടപ്പിലാക്കുമ്പോൾ നിയമം നിഷേധരൂപിയല്ല. അത് സാക്ഷാത്തായ ഒരു കാര്യമായി ജനങ്ങൾക്കനുഭവപ്പെടുന്നു. അത് നിയമനിർമ്മാതാവിൻെറ അഭിപ്രായം ജനങ്ങളുടെ അഭിപ്രായത്തിന് പകരം വയ്ക്കുന്നു. നിയമനിർമ്മാതാവിൻെറ ചെയ്തികൾ ജനങ്ങളുടെ ചെയ്തികൾക്ക് പകരമാകുന്നു. അപ്രകാരം സംഭവിക്കുമ്പോൾ ജനങ്ങൾക്ക് ചർച്ച ചെയ്യുകയോ, താരതമ്യം ചെയ്യുകയോ, മുൻകൂട്ടി കാര്യങ്ങൾ നിശ്ചയിക്കുകയോ ചെയ്യേണ്ട കാര്യമില്ല. അതെല്ലാം നിയമം അവർക്കുവേണ്ടി ചെയ്തുകൊള്ളും. ജനങ്ങൾക്ക് ബുദ്ധിശക്തി ആവശ്യമില്ലാത്ത ഒരു കാര്യമായി വർത്തിക്കുന്നു. അവർ മനുഷ്യരല്ലാതാകുന്നു. അവർക്ക് വ്യക്തിത്വവും സ്വാതന്ത്ര്യവും, സ്വത്തും ഇല്ലാതാകുന്നു. സ്വാതന്ത്ര്യത്തെ ഹനിക്കാത്തതും ബലപ്രയോഗത്തോടെ നടപ്പാക്കുന്നതുമായ ഒരു തൊഴിൽ നിയമത്തെപ്പറ്റിയോ, സ്വത്തിനെ ഹനിക്കാത്തതും ബലപ്രയോഗത്തിലൂടെ നടപ്പാക്കുന്നതുമായ ഒരു സ്വത്തുകൈമാറ്റ നിയമത്തെപ്പറ്റിയോ ആലോചിച്ച് നോക്കൂ. ഈ നിയമങ്ങളുടെ വൈരുദ്ധ്യങ്ങളെ സമന്വയിപ്പിക്കാൻ പറ്റാത്തിടത്തോളം കാലം അനീതിയില്ലാതെ തൊഴിലിനേയും വ്യവസായത്തെയും

നിയമംമൂലം സംഘടിപ്പിക്കുവാൻ പറ്റില്ലായെന്ന് നിങ്ങൾക്ക് സമ്മതിക്കേണ്ടിവരും.

## രാഷ്ട്രീയപരമായ സമീപനം

ഒരു രാഷ്ട്രീയക്കാരൻ അദ്ദേഹത്തിൻെറ കാര്യാലയത്തിൽ ഒറ്റക്കിരുന്ന് സമൂഹത്തെ വീക്ഷിക്കുമ്പോൾ അദ്ദേഹം സമൂഹത്തിലെ അസമത്വം കണ്ട് ദുഃഖിക്കുന്നു. നമ്മുടെ നിരവധി സഹോദരന്മാരുടെ ഇല്ലായ്മകളെ അദ്ദേഹം കുറ്റപ്പെടുത്തുകയും അപ്രകാരമുള്ള ഇല്ലായ്മകൾ സ്വത്തിൻെറയും ആഡംബരത്തിന്റെയും ലോകത്തെ താരതമ്യം ചെയ്യുമ്പോൾ വളരെ ദുഃഖിക്കുന്നു.

രാഷ്ട്രീയക്കാരൻ തന്നോടുതന്നെ ചോദിക്കേണ്ട ചോദ്യം ഈ സ്ഥിതി വിശേഷത്തിന് കാരണം പഴയ കീഴടക്കലും കൊള്ളി വയ്പ്പുകളും പുതിയ കാലത്തിലെ നിയമപരമായ കൊള്ളയുമല്ലേ എന്നതാണ്. അദ്ദേഹം താഴെ പറയുന്ന ആശയം പരിഗണിക്കേണ്ടതുണ്ട്. എല്ലാ ജനങ്ങളും നന്മയും ഉദാത്ത വുമായ കാര്യങ്ങൾ ആഗ്രഹിക്കുന്നതുകൊണ്ട്, വ്യക്തിയുടെ ഉത്തരവാദിത്വത്തി ന് അനുസ്യതമായി പുരോഗമനത്തിന് ഏറ്റവും വലിയ പ്രയത്നവും ഏറ്റവും പരമമായ സമത്വവും കൈവരിക്കുന്നത് നീതിയുടെ അവസ്ഥയെ പരിഗണി ച്ചാൽ മതിയാവില്ലേ? എന്നതാണ്. ദൈവദത്തമായി മനുഷ്യകുലത്തിന് കിട്ടിയിട്ടുള്ള വ്യക്തിപരമായ ഉത്തരവാദിത്വത്തിന് അനുസ്യതമായി നന്മയോ, തിന്മയോ തിരഞ്ഞെടുക്കുവാനും അതുമൂലമുണ്ടാകുന്ന ശിക്ഷയോ സൽഫലവും അനുഭവിക്കണമെന്ന ആശം ഉള്ളതാവില്ലേ നന്മയെയോ, തിന്മയേയൊ സ്വീകരിക്കാനുള്ള അവസരവും അതുണ്ടാക്കുന്ന ശിക്ഷയേയൊ ഗുണമോപോലെതന്നെയുള്ള വ്യക്തിയുടെ ഉത്തരവാദിത്വത്തിനനുസ്യതമായ കാര്യങ്ങളിൽ പക്ഷേ രാഷ്ട്രീയക്കാരന് ഇപ്രകാരമുള്ള ചിന്തയില്ല. അദ്ദേഹത്തി ൻെറ മനസ്സ് നിയമപരമെന്ന് തോന്നിപ്പിക്കുന്ന സംഘടനകളിലും നീക്കു പോക്കുകളിലും കൂട്ടിച്ചേരലുകളിലുമാണ്. അദ്ദേഹം തിന്മയിൽ നിന്നുള്ള മോചനത്തിന് ശ്രമിക്കുന്നത്, തിന്മയെ ഉണ്ടാക്കിയ കാര്യങ്ങൾ വീണ്ടും കൂട്ടുന്നതി നും അത് സ്ഥാപനവത്ക്കരിക്കുന്നതിലും കൂടിയാണ്. അതായത് നിയമ പരമായ കൊള്ള നമ്മൾ നീതി ഒരു നിഷേധ ആശയമാണെന്ന് കണ്ടു. സർഗ്ഗാത്മകമായ നിയമനടപടികളിലും ഏതെങ്കിലും നിയമപരമായ കൊള്ള എന്ന ആശയം ഇല്ലാതെയുണ്ടോ?

## നിയമവും സഹാനുഭൂതിയും

പണമില്ലാത്ത നിരവധി വ്യക്തികളുണ്ട് എന്ന് നിങ്ങൾ പറയുകയും നിങ്ങൾ

നിയമത്തിൻെറ നേരെ തിരിയുകയും ചെയ്യും. എന്നാൽ എല്ലാവരേയും പാലൂട്ടാനുള്ള ശക്തി നിയമത്തിനില്ല. എല്ലാവർക്കും പാൽ കൊടുക്കാനുള്ള ശ്രോതസ്സിൽ സമൂഹത്തിന് പുറത്തുനിന്ന് നിയമത്തിന് കിട്ടുന്നില്ല. പൊതു ഖജനാവിലേയ്ക്ക് മറ്റു പൗരന്മാരെയും മറ്റു വർഗ്ഗങ്ങളേയും നിർബന്ധിച്ച് പിരിക്കുന്നതൊഴിച്ച് ഒരു വ്യക്തിയുടേയോ, ഒരു വർഗ്ഗതിൻേറയോ മാത്രം ഗുണത്തിനുവേണ്ടി ഒന്നും പൊതു ഖജനാവിൽ വരുന്നില്ല. എല്ലാ വ്യക്തികൾക്കും അവരവർ പൊതുഖജനാവിൽ ഇട്ട സംഖ്യകൾ പിൻവലിക്കാം എന്നുണ്ടെങ്കിൽ നിയമം സത്യത്തിൽ ആരെയും കൊള്ളയടിക്കുന്നതല്ല എന്ന് സത്യമായി പറയാം. എന്നാൽ ഇപ്രകാരമുള്ള ഒരവസ്ഥകൊണ്ട് പണമില്ലാത്തവന് യാതൊന്നും കിട്ടുന്നില്ല. അത് വരുമാനസമത്വം എന്ന ആശയം ഉൾക്കൊള്ളുന്നുമില്ല. മറ്റുള്ളവരിൽ നിന്നെടുത്ത് വേറെചിലർക്ക് കൊടുക്കുന്ന ഒരു സമത്വവത്ക്കരണ സംവിധാനമായി മാറാൻ നിയമത്തിന് കഴിയും. അങ്ങനെ നിയമം ചെയ്യുമ്പോൾ അത് കൊള്ളയ്ക്കുള്ള ഉപകരണമായി മാറും.

ഈ ആശയം മനസ്സിൽവച്ച് നമ്മൾക്ക് ചുങ്കങ്ങളേയും സബ്സിഡികളേയും ഉറപ്പാക്കിയ ലാഭങ്ങളേയും ജോലികളേയും സമൂഹനന്മയ്ക്കുള്ള പദ്ധതികളെല്ലാം പൊതു വിദ്യാഭ്യാസത്തെയും പുരോഗമനമായ നികുതി വ്യവസ്ഥയേയും പൊതുമരാമത്തിനെയും പറ്റി പരിശോധിക്കുമ്പോൾ അവയെല്ലാം നിയമപരമായ കൊള്ളയിൽ നിന്നും സംഘടിതമായ അനീതിയിൽ നിന്നും ഉത്ഭവിക്കുന്നതാണ് എന്ന് നിങ്ങൾക്ക് മനസ്സിലാക്കാം.

## നിയമവും വിദ്യാഭ്യാസവും

വിദ്യാഭ്യാസം വേണ്ടത്രയില്ലാത്ത നിരവധിയാളുകൾ ഉണ്ടെന്നുപറഞ്ഞ് നിങ്ങൾ നിയമത്തിൻെറ നേരെ തിരിഞ്ഞു. എന്നാൽ നിയമം സാർവ്വത്രികമായി പ്രകാശം പരത്തുന്ന അറിവിൻെറ കെടാവിളക്കല്ല. അറിവ് ഉള്ളവരും ഇല്ലാത്തവരും ഉൾക്കൊള്ളുന്ന സമൂഹത്തിൽ നിലനില്ക്കുന്ന ഒന്നാണ് നിയമം. സമൂഹത്തിലെ ചിലർക്ക് പഠിപ്പിക്കുവാനും ചിലർക്ക് പഠിക്കുവാനുമുള്ള ആവശ്യമുണ്ട്. വിദ്യാഭ്യാസമെന്ന കാര്യത്തിൽ നിയമത്തിന് രണ്ടു കാര്യങ്ങളെ ചെയ്യാനുള്ളൂ. പഠിക്കുകയും പഠിപ്പിക്കുയും എന്ന പരിപാടിയെ സ്വതന്ത്ര്യമായും നിർബന്ധിതരഹിതമായും വിടുകയോ അല്ലെങ്കിൽ ചില പൗരന്മാരിൽ നിന്നും അദ്ധ്യാപകർക്ക് കൊടുക്കേണ്ട ശമ്പളം യാതൊരു പ്രതിഫലവുമില്ലാതെ പിടിച്ചു വാങ്ങുകയും ചെയ്യാം. എന്നാൽ രണ്ടാമത്തെ മാർഗ്ഗത്തിൽ നിയമം സ്വാതന്ത്ര്യത്തേയും സ്വത്തിനേയും ലംഘിച്ച് കൊണ്ട് കൊള്ള നടത്തുന്നു.

## നിയമവും ധർമ്മവും

ധാർമ്മിക മൂല്യവും മതവുമില്ലാത്ത നിരവധിയാളുകളുണ്ടെന്ന് പറഞ്ഞ് നിങ്ങൾ നിയമത്തിൻെറ നേരെ തിരിയും. നിയമം കരുത്താണല്ലോ? ധാർമ്മിക മൂല്യത്തിൻേറയും മതത്തിൻെറയും കാര്യത്തിൽ ബലപ്രയോഗം എത്ര നിരർത്ഥകമാണെന്ന് ഞാൻ നിങ്ങളോട് പറയേണ്ടതില്ലല്ലോ. സ്വയം ചിന്തിക്കുന്ന സോഷ്യലിസ്റ്റുകൾക്ക് ഈ വ്യവസ്ഥിതികളും സമത്വങ്ങളുമുണ്ടാക്കുന്ന ഭീമാകാരമായതും നിയമപരമായതുമായ കൊള്ള കണ്ടില്ലെന്ന് നടിക്കാനാവില്ല. എന്നാൽ അവർ ഇപ്രകാരമുള്ള നിയമപരമായ കൊള്ളയെ മറ്റുകൊള്ളകളിൽ നിന്നും അവരിൽ നിന്നുതന്നെയും ബോധപൂർവ്വം വേർപിരിക്കുകയും അതിനെ ഭ്രമിപ്പിക്കുന്ന വാക്കുകളായ സ്വാതന്ത്ര്യം, ഐക്യം, സംഘടന തുടങ്ങിയ വാക്കുകൾ ഉപയോഗിച്ച് മറയ്ക്കുകയും ചെയ്യും. നമ്മൾ നിയമത്തോട് നീതിമാത്രം ആവശ്യപ്പെടുന്നതുകൊണ്ട് നമ്മൾ സഹോദര്യത്തേയും ഐക്യത്തേയും സംഘടനയേയും എതിർക്കുന്നുവെന്ന് സോഷ്യലിസ്റ്റുകൾ ധരിക്കുന്നു. സോഷ്യലിസ്റ്റുകൾ നമ്മളെ വ്യക്തിത്വവാദികളായി മുദ്രകുത്തുന്നു.

നിർബന്ധിത സംഘം ചേരുന്നതിന് മാത്രമേ ഞങ്ങൾ എതിർക്കുന്നുള്ളൂ. സ്വാഭാവികമായി സംഘം ചേരുന്നതിനെ ഞങ്ങൾ നിരാകരിക്കുന്നില്ലായെന്ന് സോഷ്യലിസ്റ്റുകളോട് ഉറപ്പുപറയട്ടെ. ഞങ്ങളുടെമേൽ അടിച്ചേല്പിക്കുന്ന സംഘടനകളെ നിരാകരിക്കുന്നതുകൊണ്ട് സ്വാതന്ത്ര്യമായ സംഘടനകളെ ഞങ്ങൾ എതിർക്കുന്നുവെന്ന് കരുതരുത്. ഞങ്ങൾ യഥാർത്ഥ സാഹോദര്യത്തെ എതിർക്കുന്നില്ല. മറിച്ച് ബലംപ്രയോഗിച്ചുണ്ടാക്കുന്ന സാഹോദര്യത്തെ നിരാകരിക്കണം. ഞങ്ങൾ കൃത്രിമമായി ഉണ്ടാക്കിയ ഐക്യത്തെയാണ് നിരാകരിക്കുന്നത് അത് വ്യക്തിയുടെ ഉത്തരവാദിത്വത്തെ ഇല്ലാതാക്കുന്നത് ഒഴിച്ച് മറ്റൊന്നും ചെയ്യുന്നില്ല എന്നതുകൊണ്ടാണ്. ഞങ്ങൾ ദൈവഹിതമനുസരിച്ചുള്ള മനുഷ്യകുലത്തിൻെറ സ്വാഭാവിക ഐക്യത്തെ നിരാകരിക്കുന്നില്ല.

## ചില വാക്കുകളെപ്പറ്റിയുള്ള വിഭ്രാന്തി

സമൂഹവും സർക്കാരും തമ്മിലുള്ള വ്യത്യാസത്തെ സംബന്ധിച്ച് ,സോഷ്യലിസത്തിന് അതിൻെറ മുന്നോടിയായിട്ടുള്ള സിദ്ധാന്തങ്ങളെപ്പോലെതന്നെ, ആശയക്കുഴപ്പമുണ്ട്. അതുകൊണ്ടുതന്നെ, ഞങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നതിനെ ചോദ്യം ചെയ്യുമ്പോൾ അത് ആ നടപടിക്കെതിരെ തന്നെയുള്ള വെല്ലുവിളിയാണെന്ന് സോഷ്യലിസ്റ്റുകൾ ധരിച്ച് വശാകും.

ഞങ്ങൾ സർക്കാർവക വിദ്യാഭ്യാസത്തിനെ എതിർക്കുമ്പോൾ ഞങ്ങൾ

വിദ്യാഭ്യാസത്തിനുതന്നെ എതിരാണ് എന്നാണ് സോഷ്യലിസ്റ്റുകൾ പറയുക. ഔദ്യോഗിക മതത്തെ എതിർക്കുന്നതുകൊണ്ട് ഞങ്ങൾ മതവിദ്വേഷികളാണ് എന്നാണ് സോഷ്യലിസ്റ്റുകൾ പറയുക. സർക്കാർ ബലപ്രയോഗത്തിലൂടെ കൊണ്ടുവരുന്ന സമത്വത്തെ ഞങ്ങൾ എതിർക്കുമ്പോൾ ഞങ്ങൾ സമത്വത്തി നുതന്നെ എതിരാണെന്ന് അവർ പറയും. അങ്ങനെ പോകുന്നു ആരോപണങ്ങൾ സർക്കാർ ഭക്ഷ്യധാന്യങ്ങൾ ഉണ്ടാക്കുന്നതിനെ എതിർക്കുമ്പോൾ സോഷ്യലിസ് റ്റുകൾ മനുഷ്യർ ഭക്ഷണം കഴിക്കുന്നതിനെ തന്നെ എതിർക്കുന്നവരാണ് ഞങ്ങൾ എന്നാരോപിക്കുന്നതുപോലെയാണിത്.

## സോഷ്യലിസ്റ്റ് എഴുത്തുകാരുടെ സ്വാധീനം

നിയമത്തിന് നിയമത്തിലില്ലാത്തതായ ധനം, ശാസ്ത്രം, മതം എന്നിവയിയും അവ വഴി  യഥാർത്ഥ അഭിവ്യദ്ധിയും ഉണ്ടാക്കാൻ കഴിയുമെന്ന അബദ്ധ ധാരണ രാഷ്ട്രീയക്കാർക്ക് എങ്ങിനെയുണ്ടായി? പൊതു കാര്യങ്ങളെപ്പറ്റി യുള്ള നമ്മുടെ പുതിയ എഴുത്തുകാരുടെ സ്വാധീനം കൊണ്ടാണോ?

ഇക്കാലത്തെ എഴുത്തുകാർ, പ്രത്യേകിച്ച് സോഷ്യലിസ്റ്റ് ചിന്താഗതിക്കാരായ എഴുത്തുകാർ, അടിസ്ഥാനമാക്കുന്നത് ഒരു പൊതുവായ സിദ്ധാന്തമാണ്. അവർ മനുഷ്യരാശിയെ രണ്ടായി വിഭജിക്കുന്നു. എഴുത്തുകാരനൊഴികെയുള്ളവർ പൊതുജനം ആദ്യത്തെ ഗണത്തിൽ. എഴുത്തുകാരൻ അയാൾ മാത്രം രണ്ടാമത്തെതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഗണത്തിൽ പെടുന്നു. ഇത് മനുഷ്യൻെറ തലച്ചോറിൽ കടന്നുകൂടിയിട്ടുള്ള ഏറ്റവും അസാധാരണവും ഗർഭിഷ്ടവുമായ ഒരു ധാരണയാണിത്.

പൊതുകാര്യങ്ങളെപ്പറ്റി എഴുതുന്നവർ ജനങ്ങൾ യാതൊരു വിവേകമോ, സ്വന്തമായി ചിന്തിക്കാൻ ശക്തിയോ പ്രേരണയോ ഇല്ലാത്തവരാണ് എന്ന ധാരണയിലാണ് തുടങ്ങുന്നതുതന്നെ. ഇപ്രകാരമുള്ള എഴുത്തുകാർ ജനം എന്നത് ജഡ വസ്തുവാണെന്നും അനക്കമറ്റൊരു അണുവാണെന്നും,കൂടിയ പക്ഷം   തൻെറ നിലനില്പിനെപ്പറ്റി യാതൊരു വേവലാതിയുമില്ലാത്ത സസ്യജാലമാണെന്നും ധരിക്കുന്നു. മറ്റൊരാളുടെ ആവശ്യത്തിലും കരുത്തിനും അനുസരിച്ച് രൂപപ്പെടുത്തി എടുക്കാവുന്ന എന്തോ ആയിട്ടാണ് കണക്കാ ക്കുന്നത്. ഏതാണ്ട് ലക്ഷണമൊത്ത കലാപൂർണ്ണമായ പലവിധരൂപങ്ങൾ.

സർക്കാരിനെപറ്റി എഴുതുമ്പോൾ ഇങ്ങനെ ചിതറികിടക്കുന്ന വസ്തുക്കളെ, മനുഷ്യരെ ഏകോപിപ്പിച്ച് ഇച്ഛയും പാടവവും ഉള്ള ക്രിയാത്മകവും സാർവ്വ ലൗകികവുമായ പ്രലോഭ ശക്തി സംഘാടകനോ, നിയമനിർമ്മാതാവോ,

അന്വേഷകനോ ഒക്കെ തങ്ങൾ തന്നെയാണെന്ന് ധരിക്കാൻ ഈ എഴുത്തുകാർ മടിക്കാറില്ല.

തോട്ടക്കാരൻ മരത്തെ കാണുന്ന അതേ മാനസികാവസ്ഥയോടെയാണ് ഈ സോഷ്യലിസ്റ്റ് എഴുത്തുകാർ പൊതുജനത്തെ കാണുന്നത്. ഒരു തോട്ടക്കാരൻ ഒരു ചെടിയെ വൃത്താകൃതിയിലും ചതുരാകൃതിയിലും പാത്രങ്ങളുടെ ആകൃതിയിലും മറ്റും വെട്ടി ശരിയാക്കുന്നതുപോലെ ഒരു സോഷ്യലിസ്റ്റ് എഴുത്തുകാരൻ മനുഷ്യരെ തന്നിഷ്ടപ്രകാരം ഗണങ്ങളിലും സങ്കേതങ്ങളിലും കൂടുകളിലും ജോലി സ്ഥലങ്ങളിലും മറ്റുപല സാമൂഹ്യ വ്യവസ്ഥകളിലുമാക്കി മാറ്റും. ഒരു തോട്ടക്കാരന് അയാളുടെ പണിക്കുവേണ്ടി കത്തികളും, കോടാലി, പാരയും മറ്റും വേണ്ടപോലെ ഒരു സോഷ്യലിസ്റ്റ് എഴുത്തുകാരനും മനുഷ്യരെ തൻെറ ഭാവനയ്ക്കനുസൃതമായി മാറ്റാൻ നിയമമെന്ന ശക്തി ആവശ്യമായി വരും. ഈ ആവശ്യത്തിനുവേണ്ടി അയാൾ ചുങ്ക നിയമങ്ങളും നികുതി നിയമങ്ങളും വിദ്യാഭ്യാസ നിയമങ്ങളും മറ്റും കണ്ടുപിടിക്കും.

## സോഷ്യലിസ്റ്റുകൾക്ക് ദൈവമാകാനാണ് താല്പര്യം

സമൂഹ വ്യവസ്ഥിതികൾ ഉണ്ടാക്കാനുള്ള അസംസ്കൃത വസ്തുമാത്രമാണ് സോഷ്യലിസ്റ്റുകൾക്ക് പൊതുജനം. തങ്ങളുടെ ദൗത്യത്തെപ്പറ്റി എന്തെങ്കിലും സംശയം അവർക്കുണ്ടാവുകയാണെങ്കിൽ അവർ ഒരു ചെറിയവിഭാഗം മനുഷ്യരെ പരീക്ഷണത്തിന് വിധേയരാക്കുവാനും മടിക്കുകയില്ല. എല്ലാ വ്യവസ്ഥിതികളും പരീക്ഷിച്ചുനോക്കുക എന്ന ആശയം പ്രസിദ്ധമാണ്. ഒരു സോഷ്യലിസ്റ്റ് നേതാവ് തൻെറ പരീക്ഷണങ്ങൾക്ക് വെണ്ടി ഒരു ജില്ലയും അതിൽ താമസിക്കുന്നയാളുകളേയും വിട്ട് തരുവാൻ ഗൗരവമായി ഭരണഘടനാ നിർമ്മാണ സഭയോട് ആവശ്യപ്പെട്ടത് ചരിത്രമാണ്.

ഒരു യന്ത്രമുണ്ടാക്കുന്നവൻ യഥാർത്ഥ യന്ത്രം ഉണ്ടാക്കുന്നതിനു മുമ്പ് അതിൻെറ ഒരു ചെറിയ രൂപമുണ്ടാക്കുന്നു, പരീക്ഷണത്തിന് വേണ്ടി മാത്രം രസതന്ത്രജ്ഞൻ രാസവസ്തുക്കളേയും കർഷകൻ വിത്തിനേയും ഭൂമിയേയും പാഴാക്കി കളയുന്നു, ഇതെല്ലാം സമാനാമാണ്.

ഒരു തോട്ടക്കാരന് അയാളുടെ ചെടികളും ഒരു രസതന്ത്രജ്ഞന് അയാളുടെ രാസ വസ്തുക്കളും ഒരു ശാസ്ത്രജ്ഞനും അയാളുടെ യന്ത്രങ്ങളും ഒരു കൃഷിക്കാരന് അയാളുടെ വിത്തുകളും ആയുള്ള ബന്ധംതന്നെയാണ് താനും മനുഷ്യരാശിയും തമ്മിലുള്ളത് എന്നാണ് ഒരു സോഷ്യലിസ്റ്റ് എല്ലാ ആത്മാർത്ഥതയോടെയും വിശ്വസിക്കുന്നത്.

19-ാം നൂറ്റാണ്ടിൻെറ എഴുത്തുകാർ സമൂഹമെന്നത് നിയമജ്ഞരുടെ ബുദ്ധിയിൽ ഉദിച്ച ഒരു കൃത്രിമ സംവിധാനമാണെന്ന് ധരിച്ചതിൽ അത്ഭുതമില്ല. സാമ്പ്രദായിക വിദ്യാഭ്യാസത്തിൻെറ ഫലമായ ഈ ആശയം നമ്മുടെ രാജ്യത്തെ എല്ലാ എഴുത്തുകാരെയും ബുദ്ധി ജീവികളെയും സ്വാധീനിച്ചിട്ടുണ്ട്. ഈ എഴുത്തുകാരും ബുദ്ധി ജീവികളും വ്യക്തികളെയും നിയമനിർമ്മാതാക്കളെയും കാണുന്നത് കളിമണ്ണിനേയും കുശവനേയും കാണുന്നതു പോലെയാണ്.

അവർ വ്യക്തികളുടെ ഹൃദയത്തിലുള്ള ആശയങ്ങളും വിവേകവും അംഗീകരിക്കുവാൻ തയ്യാറാകുമ്പോൾപോലും ഈ ദൈവിക ദാനങ്ങൾ മാരകങ്ങളാണെന്ന് കരുതുന്നു. ഈ രണ്ട് കഴിവുകൾ വ്യക്തികളെത്തന്നെ നശിപ്പിക്കുന്നതിനും മാത്രമേ സഹായിക്കുകയുള്ളൂ എന്ന് അവർ വിചാരിക്കുന്നു. നിയമനിർമ്മാതാക്കൾ വ്യക്തികളെ അവരുടെ ആശയത്തിനനുസരിച്ച് പ്രവർത്തിക്കാൻ സമ്മതിച്ചാൽ അത് അവരെ മതത്തിനുപകരം നിരീശ്വരവാദത്തിലേയ്ക്കും അറിവിനു പകരം അറിവില്ലായ്മയിലേയ്ക്കും ഉല്പാദനത്തിനും കൈമാറ്റത്തിനും പകരം ദാരിദ്ര്യത്തിലേയ്ക്കും നയിക്കുമെന്ന് അവർ ചിന്തിക്കുന്നു.

## മനുഷ്യരാശിയെ സോഷ്യലിസ്റ്റുകൾ വെറുക്കുന്നു

ഈ എഴുത്തുകാരുടെ അഭിപ്രായത്തിൽ ഭരണാധികാരികൾക്കും നിയമനിർമ്മാതാക്കൾക്കും മേൽപറഞ്ഞതിനും വിരുദ്ധമായി ചില ചോദനകൾ ദൈവീകമായി കിട്ടിയിട്ടുണ്ട്. അത് അവർക്കുമാത്രമല്ല ലോകത്തിനുമുഴുവൻ വേണ്ടിയുള്ള വരദാനമാണെന്ന് അവർ വിശ്വസിക്കുന്നുഅവരുടെ അഭിപ്രായത്തിൽ മനുഷ്യരാശി തെറ്റിലേയ്ക്കും ചീത്തയിലേയ്ക്കും നീങ്ങുമ്പോൾ നിയമനിർമ്മാതാക്കൾ നന്മമാത്രം കാംക്ഷിക്കുന്നു. മനുഷ്യരാശി ഇരുട്ടിലേയ്ക്ക് നീങ്ങുമ്പോൾ നിയമനിർമ്മാതാക്കൾ വെളിച്ചമായി വരുന്നു. കാടത്തത്തിലേയ്ക്കും നുണയിലേയ്ക്കും മനുഷ്യൻ കൂപ്പുകുത്തുമ്പോൾ നിയമനിർമ്മാതാക്കൾ മാല്യങ്ങൾ മാത്രം ആഗ്രഹിക്കുന്നു. ഇതാണ് സത്യമെന്ന് തീരുമാനിച്ചെതിനാൽ മനുഷ്യകുലത്തിൻെറ സ്വാഭാവിക ചിന്താധാരകൾക്ക് പകരം തങ്ങളുടെ ചിന്താധാരകൾ പകരം വയ്ക്കുകയും അത് ഉറപ്പിക്കുവാൻ ബലപ്രയോഗം വേണമെന്ന് ശഠിക്കുകയും ചെയ്യുന്നു.

നിങ്ങൾ തത്വ ചിന്തയേയോ, രാഷ്ട്രീയത്തേയോ ചരിത്രത്തേയോ പറ്റി ഏതു ഗ്രന്ഥം മറിച്ചുനോക്കിയാലും അതിലെല്ലാം ക്ലാസിക്കൽ അറിവിൻെറ സന്തതിയെന്നും സോഷ്യലിസത്തിൻെറ അമ്മയെന്നും വിളിക്കാവുന്ന ഈ ചിന്തകൾ

വേരുപിടിച്ചുകിടക്കുന്നതായി കാണാം. മനുഷ്യരാശി ഒരു ജഡ വസ്തുവാണെന്നും അതിന് ജീവനും ഘടനയും ധാർമ്മിക മൂല്യങ്ങളും അഭിവൃദ്ധിയും കിട്ടുന്നത് സർക്കാർ എന്ന പ്രസ്ഥാനത്തിൽ നിന്നാണെന്നും ഉള്ള ആശയം നിങ്ങൾക്ക് ഈ പുസ്തകങ്ങളിലെല്ലാം കാണാം. അതിനേക്കാൾ കഷ്ടം മനുഷ്യരാശി നാശത്തിലേയ്ക്ക് വഴുതി വീണുകൊണ്ടിരിക്കുന്നുഎന്നും അതിനെ തടഞ്ഞുനിറുത്തുന്നത് നിയമ നിർമ്മാതാവിൻെറ മാന്ത്രിക കരങ്ങളാണെന്നും ഉള്ള ഈ ഗ്രന്ഥങ്ങളിലെ നിർജ്ജീവമായ വാദമാണ്. ഈ സാമ്പ്രദായിക ചിന്താധാര എപ്പോഴും പറയുന്നത് നിർജ്ജീവമായ സമൂഹത്തിൻെറ പിന്നിൽ അത്രതന്നെ തർക്കാതീതമായ സ്വാധീനമുള്ള അധികാര കേന്ദ്രങ്ങളെ ദ്യോധിപ്പിക്കുന്ന ഒരു വാക്കായേക്കാം.

## നിർബന്ധിത തൊഴിലിനുള്ള ന്യായീകരണം

ലൂയി പതിനാലാമൻ (Loui XIV) രാജാവിൻെറ രാജസഭയിലെ അംഗമായിരുന്ന ഡോഫിൻ (Douphin) എന്ന ചിന്തകൻെറ ഗുരുവായിരുന്ന ബോസുവേയുടെ (Bossuet)വാക്കുകൾ നമുക്കാദ്യം കാണാം.

"ഈജിപ്തുകാരിൽ ഏറ്റവും ആഴത്തിൽ പതിഞ്ഞ (ആരു പതിച്ചു?) സ്വഭാവം അവരുടെ ദേശസ്നേഹമാണ്. രാജ്യത്തിന് ഉപയോഗപ്രദമല്ലാതായിരിക്കാൻ ഒരാളെയും അനുവദിച്ചിരുന്നില്ല. എല്ലാ വ്യക്തികൾക്കും നിയമം ഓരോ ജോലികൾ അനുശാസിക്കുകയും അവർ അത് തങ്ങളുടെ സന്തതി പരമ്പരകൾക്ക് കൈമാറുകയും ചെയ്തിരുന്നു. ഒരാൾക്ക് രണ്ട് തൊഴിൽ അനുവദനീയമായിരുന്നില്ല. ഒരു ജോലി വിട്ട് മറ്റൊന്നിലേക്ക് മാറുകയും സാധ്യമായിരുന്നില്ല. എന്നാൽ നിയമവും വിവേകവും എല്ലാ വ്യക്തികളും പഠിച്ചിരിക്കണമെന്ന് നിർബന്ധവുമുണ്ടായിരുന്നു. യാതൊരു കാരണവശാലും മതത്തെയും രാജ്യത്തെ നിയമസംഹിതയെയും പറ്റിയുള്ള അജ്ഞത പൊരുത്തുകൂടാത്തതായിരുന്നു. ഓരോ തൊഴിലെടുക്കുന്നവർക്കും ഒരു പ്രത്യേക ഭൂപരിധി നിശ്ചയിച്ചിട്ടുണ്ടായിരുന്നു (ആരാൽ?) എല്ലാവരും നിയമം അനുസരിക്കണമെന്നുള്ള വ്യവസ്ഥയുണ്ടായിരുന്നു. (ആരുണ്ടാക്കി ?) ആരുണ്ടാക്കിയതായിരുന്നു. നല്ല നിയമങ്ങളിൽ ഏറ്റവും നല്ലത് അതുകൊണ്ടുതന്നെ അത്ഭുതകരമായ കണ്ടുപിടിത്തങ്ങളാൽ നിറഞ്ഞുനില്ക്കുന്നതായിരുന്നു ഈജിപ്ത്. അവിടെ ജീവിതം സുഖവും ശാന്തവുമാക്കാനുള്ള ഒന്നിനെക്കുറിച്ചും ഉപേക്ഷ നിലനിന്നിരുന്നില്ല. ബോസെയുടെ അഭിപ്രായത്തിൽ ജനങ്ങൾക്ക് അവരിൽ നിന്നുതന്നെ ഒന്നും കിട്ടുന്നില്ല. ദേശസ്നേഹം, സമ്പന്നത, കണ്ടുപിടിത്തങ്ങൾ, ശാസ്ത്രം, മൃഗസംരക്ഷണം എന്നീ വേണ്ട എല്ലാംതന്നെ നിയമത്തിൻെറ

നടത്തിപ്പുകൊണ്ട് ഭരിക്കുന്നവരിൽ നിന്ന് ജനങ്ങൾക്ക് കിട്ടുന്നതാണ്. സമൂഹത്തിന്റെ നേതാവിനെ അംഗീകരിക്കുകയും ബഹുമാനിക്കുകയും മാത്രമേ ജനങ്ങൾ ചെയ്യേണ്ടൂ.

## പിതൃതുല്യമായ സർക്കാരിന് ഒരു ന്യായീകരണം

സമൂഹത്തിൻെറ എല്ലാ പുരോഗതിക്കും അടിസ്ഥാനം സർക്കാരാണെന്ന് വാദിച്ച ബോസുവേ ഈജിപ്തുകാരുടെ കാര്യത്തിൽ പാട്ടിനേയും ഗുസ്തിയേയും വിലമതിക്കാത്തവരെന്ന ആരോപണത്തെ തടുക്കാൻ പോലും അതുപയോഗിച്ചു. "അതെങ്ങനെ പറ്റും? മേൽപറഞ്ഞ കലകൾ കണ്ടുപിടിച്ചതുതന്നെ ഈജിപ്ഷ്യൻ ദൈവമായ പൊസിലൂസിൻെറ ചാൻസിലർ എന്ന് കരുതപ്പെടുന്ന ട്രിസ്മി ജിസ്റ്റ് (Trismegistus) ആണ്".

ബോസുവേയുടെ അഭിപ്രായത്തിൽ എല്ലാം മുകളിൽ നിന്നു വരുന്നുവെന്നുള്ള വിശ്വാസം പേർഷ്യക്കാർക്കും ഉണ്ട്.

"ഒരു രാജകുമാരൻെറ പ്രാധമിക ചുമതലകളിലൊന്ന് സായുധസേനയെ നിയന്ത്രിക്കുന്നതിന് ഉണ്ടാക്കിയിട്ടുള്ള ഓഫീസുകൾപോലെ തന്നെ കൃഷിപ്പണിക്ക് നിർദ്ദേശങ്ങൾ നല്കാനും ഓഫീസുകൾ ഉണ്ടായിരുന്നു..... രാജാധികാരത്തോടുള്ള ഉൽക്കടമായ ബഹുമാനം പേർഷ്യൻ ജനതയെയും പ്രലോഭിപ്പിച്ചിരുന്നു. ആകമാനം സ്വാധീനിച്ചിട്ടുണ്ട്."

ബോസുവേയുടെ അഭിപ്രായത്തിൽ മഹാബുദ്ധിമാന്മാരാണെങ്കിലും പട്ടികളെയും കുതികരകളെയും പോലെ ഗ്രീക്കുകാർക്ക് വ്യക്തിപരമായി യാതൊരു ചുമതലാബോധവുമില്ലായിരുന്നു. ഏറ്റവും ലളിതമായ കളികൾ പോലും അവർക്കുണ്ടാക്കാനുള്ള കഴിവ് അവർക്കില്ല. പട്ടികളേയും കുതിരകളേയുംപോലെ.

സ്വതവേ ബുദ്ധിമാന്മാരും ധൈര്യശാലികളുമായ ഗ്രീക്കുകാരെ ഈജിപ്തിൽ നിന്നും വന്ന രാജാക്കന്മാരും കുടിയേറ്റക്കാരുമാണ് വളർത്തിയെടുത്തത്. ഈജിപ്ത്യൻ ഭരണാധികാരികളിൽ നിന്നാണ് ഗ്രീക്ക് ജനത വ്യായാമങ്ങൾ കുതിര പന്തയം, ഓട്ടപന്തയം തേർ പന്തയം എന്നിവയൊക്കെ പഠിച്ചത്. എന്നാൽ ഈജിപ്തുകാരിൽ നിന്നും അവർ പഠിച്ച ഏറ്റവും നല്ലപാഠം അനുസരണയുള്ളവരായിരിക്കാനാണ്. പൊതുനന്മയ്ക്ക് വേണ്ടി നിമയത്താൽ പരുവപ്പെടാൻ സ്വയമനുവദിക്കാനാണ്.

## നിഷ്ക്രിയമായ മനുഷ്യരാശി എന്ന ആശയം

പിന്നീട് വന്ന ഗുരുക്കന്മാരും എഴുത്തുകാരും നിയമനിർമ്മാതാക്കളും സാമ്പത്തിക വിദഗ്ദ്ധരും തത്വചിന്തകന്മാരും പരിപോഷിപ്പിച്ചെടുത്ത മേൽപ്പറഞ്ഞ പൗരാണിക സിദ്ധാന്തങ്ങൾ എല്ലാം പഠിപ്പിക്കുന്നത് ജനത്തിന് കിട്ടിയതെല്ലാം അവർക്ക് ബാഹ്യമായ ഒരു സ്രോതസ്സിൽ നിന്നാണെന്നാണ്. ഉദാഹരണത്തിന് ഡ്യൂക്ക് ഓഫ് ബർഗണ്ഡി (Duke of Burgundy) യുടെ ഗുരുവും ആർച്ചുബിഷപ്പും എഴുത്തുകാരനുമായ ഫിനിലൂൺ (എലിലഹീ) എന്ന വ്യക്തിയെ നമുക്കോർക്കാം.

ലൂയി 14-ാം രാജാവിൻെറ ഭരണശക്തിയ്ക്ക് സാക്ഷിയായിരുന്നു അദ്ദേഹം. അദ്ദേഹം വളർന്നുവന്നത് പൗരാണികതയെ ആരാധിക്കുന്ന യാഥാസ്ഥിക പഠനത്തിലൂടെയാണ് താനും സ്വാഭാവികമായും മനുഷ്യരാശി നിഷ്ക്രിയമായി രിക്കണമെന്ന ആശയം അദ്ദേഹം അംഗീകരിച്ചു, സമ്പന്നതയും ദാരിദ്ര്യവും. നല്ല കാര്യങ്ങളും ചീത്ത കാര്യങ്ങളും ഒരു ജനതയ്ക്കുണ്ടാകുന്നത് നിയമവും നിയമ നിർമ്മാതാക്കളും ജനതയിൽ പ്രയോഗിക്കുന്ന പുറമേ നിന്നുള്ള ശക്തിസ്വാധീനം കൊണ്ടാണെന്ന് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ട് "ഉട്ടോപ്യ ഓഫ് സാലെന്റം" (Otopia of Salentum) എന്ന കൃതി അദ്ദേഹം മനുഷ്യരാശിയേയും അതിന്റെ എല്ലാ താല്പര്യങ്ങളേയും കഴിവുകളേയും മോഹങ്ങളേയും കൂടി നിയമനിർമ്മാതാവിൻെറ പരമമായ വിവേചനത്തിന് വിട്ടുകൊടുക്കുന്നു. എന്തു വിഷയമുണ്ടെങ്കിലും അതിൽ തീരുമാനമെടു ക്കുന്നത് ജനങ്ങളല്ല. അവർക്ക് വേണ്ടി രാജകുമാരനാണ്. രാജ്യമെന്ന ആകൃ തിയില്ലാത്ത ഒരു മാംസപിണ്ഡത്തിന് ജീവൻ കൊടുക്കുന്ന ആത്മാണ് രാജകു മാരമെന്ന് അദ്ദേഹം വിശ്വസിച്ചു. രാജകുമാരനിൽ ചിന്തയും ദീർഘവീക്ഷണവും പുരോഗതിയും സംഘാടനത്തിന്റെ തത്വങ്ങളും എല്ലാം കുടികൊള്ളുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു. അതിനാൽതന്നെ എല്ലാ ഉത്തരവാദിത്വങ്ങളും രാജകുമാരനിൽ നിക്ഷിപ്തമായി. ഫിനിലൂൺ (Fenelon)ൻെറ 'ടെലമാക്കസ്' (Telemacus)ലെ 10-ാം പുസ്തകം മുഴവൻ ഈ ആശയം സാതൂകരിക്കുന്ന താണ്. മറ്റെല്ലാ വിധത്തിലും ഞാൻ ബഹുമാനിക്കുന്ന ഈ പ്രശസ്ത കൃതിയുടെ ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ തൃപ്തനാകാം.

## സോഷ്യലിസ്റ്റുകൾ വസ്തുതകളും യുക്തിയും തമസ്ക്കരിക്കുന്നു

എന്തും വിശ്വസിക്കാനുള്ള യാഥാസ്ഥിതിക ചിന്തകരുടെ ആ വല്ലാത്ത കഴിവ് കൊണ്ട് തന്നെ ഫിനിലൂൺ ഈജിപ്തുകാരുടെ പൊതുവായ സന്തോഷത്തിന്റെ

ആധാരം അവരുടെ വിവേകമല്ല എന്ന് കരുതുന്നു. വസ്തുതകളും യുക്തിയേയും പരിഗണിക്കാതേയാണിത്. അവരുടെ രാജാക്കന്മാരുടെ ബുദ്ധിവൈഭവമാണ് അവകാശപ്പെടുന്നു 'ഏറ്റവും അഭികാമ്യമായി സ്ഥിതി ചെയ്യുന്ന സമ്പന്നമായ നഗരങ്ങളേയും ഗ്രാമീണ തോട്ടങ്ങളേയും കാണാതെ നമ്മൾക്ക് ഇരുകരകളിലേക്കും കണ്ണ് പായിക്കാൻ വയ്യ. ഒരിക്കലും തരിശിടാത്ത സുവർണ്ണ ധാന്യങ്ങൾ നിറഞ്ഞ കൃഷിയിടങ്ങൾ ആട്ടിൻപറ്റങ്ങൾ നിറഞ്ഞ പുൽമേടുകൾ, ഭൂമിയുടെ വരദാനംകൊണ്ട് കൃഷിക്കാരുടെ നേരുള്ള പഴവർഗ്ഗങ്ങളുടെ കനംമൂലം കൂഞ്ഞ് നടക്കുന്ന തൊഴിലാളികൾ, ഓടക്കുഴൽ ഗാനം കൊണ്ട് അലയൊലികൾ സൃഷ്ടിക്കുന്ന ആട്ടിടയന്മാർ എന്നിങ്ങനെ, ഗുരു പ്രഖ്യാപിക്കുന്നു '' ബുദ്ധിമാനായ രാജാവ് ഭരിക്കുന്ന പ്രജകൾ സന്തുഷ്ടരാണ്".

സമ്പന്നതയും ഈജിപ്തിന്റെ സമൃദ്ധിയും നിരീക്ഷിക്കാൻ അദ്ദേഹം എന്നെ ഉപദേശിച്ചു. ഈജിപ്തിലെ 22,000 നഗരങ്ങളെ ഞാൻ കാണണമെന്ന് അദ്ദേഹം ആശിച്ചു. നഗരങ്ങളിലെ നല്ല പോലീസ് നിയമങ്ങളെയും പാവപ്പെട്ടവന് അനുകൂലമായും പണക്കാരനെതിരെയുമുള്ള നീതി നിർവഹണത്തേയും അച്ചടക്കത്തേയും ഭാഷയേയും തൊഴിലിനേയും കലയേയും സമചിത്തതയേയും കുറിച്ച് കുട്ടികൾക്ക് കൊടുക്കുന്ന നല്ല വിദ്യാഭ്യാസത്തെയും അദ്ദേഹം ആദരിച്ചു. മതപരമായ ചടങ്ങുകളുടെ കൃത്യതയും മനുഷ്യരുടെ നിസ്വാർത്ഥതയും നല്ലതിനോടുള്ള ബഹുമാനവും ദൈവഭയത്തിലുള്ള ശിക്ഷണവും എല്ലാം അദ്ദേഹത്തെ ആകർഷിച്ചു. അദ്ദേഹം എപ്പോഴും ആരാധനയോടെ നോക്കിക്കണ്ടു "ഒരു ബുദ്ധിമാനായ രാജാവ് ഇപ്രകാരം ഭരിക്കുന്ന രാജ്യത്തെ പ്രജകൾ സന്തോഷവാന്മാരാണ്."

## സോഷ്യലിസ്റ്റുകൾക്ക് ജനങ്ങളെ പട്ടാളചിട്ട പഠിപ്പിക്കണം

ക്രീറ്റിനെ കുറിച്ചുള്ള ഫെലോന്റെ സ്തുതിഗീതം ഇതിലുമധികം കൊതിപ്പിക്കുന്നതാണ്. ഗുരുപറയുന്നു. " മിനോസിന്റെ നിയമത്തിൻെറ ഫലമാണ് നാം ഈ ദ്വീപിൽ അത്ഭുതങ്ങളെല്ലാം. ആദ്യമേ തന്നെ കുട്ടികളെ തൊഴിലിന്റെയും മിതവ്യയത്തിന്റെയും ജീവിതശൈലിയോട് ശീലമാക്കിയത്. അദ്ദേഹം കുട്ടികൾക്ക് നിർബന്ധിതമാക്കിയ വിദ്യാഭ്യാസംകൊണ്ട് അവരുടെ ശരീരം ശക്തിയുള്ളതും സുദൃഢവുമാകുന്നു. കാരണം എല്ലാ ഇന്ദ്രിയ സുഖങ്ങളും ശരീരവും മനസ്സും ദുർബലപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ നന്മകൊണ്ട് അജയ്യത നേടുകയും കീർത്തി സമ്പാദിക്കുകയും ചെയ്യുക എന്നാല്ലാതെ മറ്റൊരു ആനന്ദവും അവർക്ക് അനുവദനീയമല്ല. മറ്റു ജനങ്ങൾക്കിടയിൽ ശിക്ഷാർഹമല്ലാത്ത മൂന്ന്

തെറ്റുകൾ – ആർത്തി, കാപട്യം, നന്ദിയില്ലായ്മ എന്നിവയാണ്. പൊങ്ങച്ചം, ധൂർത്ത് എന്നിവ ഇവിടെ ശിക്ഷിക്കപ്പെടേണ്ട . കാരണം ക്രീറ്റ് എന്ന ദ്വീപിൽ ഇതൊന്നും കേട്ടുകേൾവിപോലുമില്ല. ഇവിടെ വിലകൂടിയ വീട്ടുസാധനങ്ങളോ, ഗംഭീര ങ്ങളായ തുണിത്തരങ്ങളോ, വലിയ വിരുന്നുകളോ, ആഡംബര കൊട്ടാരങ്ങളോ അനുവദനീയമല്ല.

അങ്ങനെ ഗുരു ഏറ്റവും നല്ല ഉദ്ദേശത്തോടുകൂടിതന്നെ തൻെറ ഇത്താക്കയിലെ ജനങ്ങളെ വാർത്തെടുക്കാനും തന്റെ വിദ്യാർത്ഥികളെ സജ്ജരാക്കുന്നു. ആ ആശയങ്ങളുടെ മഹിമ ഊട്ടി ഉറപ്പിക്കുവാൻ മാർഗ്ഗദർശി സാലെന്റത്തിന്റെ ഉദാഹരണം ഉരുവിടുന്നു.

ഇത്തരം തത്വചിന്തയിൽ നിന്നാണ് നമുക്ക് ആദ്യമായി രാഷ്ട്രീയ ആശയങ്ങൾ കിട്ടിയിട്ടുള്ളത്. ഒരു കൃഷി ശാസ്ത്രജ്ഞൻ കർഷകനെ കൃഷിക്കായി മണ്ണൊ രുക്കുവാൻപഠിപ്പിക്കുന്നതുപോലെ ജനങ്ങളെ കൈകാര്യം ചെയ്യാനാണ് ഇത്തരം ആശയങ്ങൾ നമ്മെപഠിപ്പിക്കുന്നത്.

## സുപ്രസിദ്ധമായ ഒരു സംജ്ഞ : ദുഷിച്ച ഒരാശയം

മഹാനായ മൊണ്ടെസ്ക്യൂ (Montesquie) എന്ത് പറയുന്നു എന്ന് നമുക്ക് ശ്രദ്ധിക്കാം. ഈ വിഷയത്തോടുള്ള അഭിപ്രായം നമുക്ക് ശ്രദ്ധിക്കാം.

കച്ചവടത്തിൻെറ ഊർജ്ജം നിലനിറുത്തണമെങ്കിൽ എല്ലാ നിയമങ്ങളും കച്ചവട ത്തിന് അനുകൂലമാകേണ്ടത് ആവശ്യമാണ്. കച്ചവടത്തിലെ ലാഭങ്ങളുടെ ആനുപാതികമായ വീതംവയ്പിൻെറ അടിസ്ഥാനത്തിൽ സുഖമമായി ദരിദ്രരായ പൗരന്മാർക്കും മറ്റുള്ളവർ ചെയ്യുന്നതുപോലെ സുഖമമായി ജോലി ചെയ്യാനുള്ള അവസരം ഈ നിയമങ്ങൾ ഉണ്ടാക്കണം. തങ്ങളുടെ സ്ഥാനം നിലനിറുത്താനും കൂടുതൽ നേടാനും ജോലി ചെയ്തേ തീരൂ എന്ന നിലയിൽ ധനികരേയും പിടിച്ച് നിർത്തണം. സമ്പന്നതയെ ഇല്ലാതാക്കുന്നതാവണം നിയമങ്ങൾ.

യഥാർത്ഥ തുല്യതയാണ് ജനാധിപത്യത്തിലെ രാഷ്ട്രത്തിന്റെ ആത്മാവെങ്കിലും അത് സാക്ഷാത്ക്കരിക്കാൻ വലിയ ബുദ്ധിമുട്ടാണ്. അതിൽ നീക്ക്പോക്കില്ലാത്ത ഒരു നിലപാട് ഗുണം ചെയ്യണമെന്നില്ല. സമ്പത്തിലുള്ള അന്തരത്തെ കുറക്കാനും പരിധിക്കുളളിൽ നിലനിർത്താനും ഉതകുന്ന ഒരു സെൻസസ് മതിയാകും അതിന് ശേഷം ധനികരുടെ മേൽ അധികഭാരം ചുമത്തുകയും പാവപ്പെട്ടവന് ആശ്വാസമേകുകയും ചെയ്യുന്ന നിയമങ്ങൾ കൊണ്ട് അസമത്വത്തെ സമത്വമായി മാറ്റുകയാണ് വേണ്ടത്.

ഇവിടെയും നമ്മൾ ബലംപ്രയോഗിച്ച് തുല്യത കൈവരിക്കാനുള്ള നിയമത്തിന്റെ ശ്രമങ്ങളെ കാണുന്നു.

ഗ്രീസിൽ രണ്ടുതരം റിപ്പബ്ലിക്കുകൾ ഉണ്ടായിരുന്നു. സൈന്യാധിഷ്ഠമായിരുന്ന സ്പാർട്ട കച്ചവടത്തിൽ ഉന്നിയ ഏഥൻസ്. സ്പാർട്ട പൗരന്മാരുടെ നിഷ്ക്രിയത്വവും ഏഥൻസ് ജോലിയോടുള്ള അഭനിവേശവും പ്രോത്സാഹിപ്പിക്കുകയായിരുന്നു. ഈ നിയമനിർമ്മാതാക്കളുടെ അത്ഭുതകരമായ ബുദ്ധിശക്തി ശ്രദ്ധിക്കുക: എല്ലാ വ്യവസ്ഥാപിത ആചാരങ്ങളേയും ഇല്ലായ്മ ചെയ്യുന്ന സുസമ്മതമായ പല ഗുണങ്ങളെയും മാറ്റി മറിക്കുന്ന സംവിധാനത്തെ ലോകം അതിശയത്തോടെ കാണുന്നുമെന്ന് അവർ മുൻകൂട്ടിയറിഞ്ഞിരുന്നു.

നീതിയുടെ ആത്മാവിനെ ചെറുകിട കളവിനോട് യോജിപ്പിച്ച് ലൈക്കർഗസ് (Lycurguss) അദ്ദേഹത്തിൻെറ നഗരമായ സ്പാർട്ടയിൽ സ്ഥിരത സൃഷ്ടിച്ചു. അതിനദ്ദേഹം പൂർണ്ണമായ അടമത്വത്തെ പൂർണ്ണസ്വാതന്ത്രത്തോട് കൂട്ടികലർത്തി. ഏറ്റവും നികൃഷ്ടമായ വിശ്വാസങ്ങളെ ഏറ്റവും മിതത്വത്തോടെ പുലരുവാൻ അനുവദിച്ചു. അതിനുവേണ്ടി, കലയും വ്യാപാവയും സമ്പത്തും സുരക്ഷയും വിഭവങ്ങളും അദ്ദേഹം നഗരത്തിനു നിഷേധിച്ചു. ഭൗതികമായ നേട്ടമായിരുന്നില്ല സ്പാർട്ട (Sparta) യിൽ ഉത്കർഷേച്ഛയുടെ അടിസ്ഥാനം. മനുഷ്യൻ മകനോ, ഭർത്താവോ, അച്ഛനോ അല്ലാതിരുന്നതുകൊണ്ട് സ്വാഭാവികമായ സ്നേഹത്തിന് പ്രകടമാവാൻ വഴികളില്ലായിരുന്നു. പാതിവൃത്യം പോലും അഭിലഷണീയമായിരുന്നില്ല. ഈ വഴിക്ക്, ലൈക്കർ ഗസ് സ്പാർട്ടയെ അതിൻെറ മഹത്വത്തിലേക്കും കീർത്തിയിലേക്കും നയിച്ചു. ഗ്രീസിലെ വ്യവസ്ഥകളെകുറിച്ചുള്ള ഇതേ ഔദത്യം അഴിമതി നിറഞ്ഞതും ചീഞ്ഞളിഞ്ഞതുമായ നമ്മുടെ പുതുയുഗത്തിനും ആവർത്തിച്ചു കേൾക്കാം.

ഉദാ: വില്യം പെൻ (Mr . Mimmerel) ഒരു യഥാർത്ഥ ലൈക്കർ ഗസ്സായിരുന്നു. യുദ്ധമായിരുന്നു ലൈക്കർഗസ്സിന്റെ ലക്ഷ്യമെങ്കിൽ സമാധാനമായിരുന്നു പെന്നിന്റെ ലക്ഷ്യം. എങ്കിലും അവർ തമ്മിലുള്ള സാമ്യത പ്രകടമായിരുന്നു. സ്വാതന്ത്ര്യമനുഷ്യരുടെമേലുള്ള അവരുടെ ധാർമ്മികമായ അന്തസ്സ് മുൻധാരണകളിൽ നിന്നും ഭ്രമങ്ങളിൽ നിന്നും കരകയറാൻ അവരെ അനുവദിച്ചതിനാൽ തങ്ങളുടെ ജനതകളെ പുതിയ വഴിയിലൂടെ നയിക്കാൻ അവർക്ക് കഴിഞ്ഞു പരാഗ്വേ എന്ന രാജ്യം ജനനന്മക്ക് വേണ്ടി തന്നെ നിയമനിർമ്മാതാക്കളാൽ വാർത്തെടുക്കപ്പെട്ട ജനതയുടെ ഉദാഹരണമാണ്. ഒരു വ്യക്തി ഉത്തരവുകൾ പുറപ്പെടുവിക്കുക എന്നത് അയാളുടെ ജീവിതത്തിലെ ഏറ്റവും വലിയസന്തോഷമായി കണക്കാക്കുകയും അപ്രകാരം ചെയ്യുകയുമാണെങ്കിൽ

അത് സമൂഹത്തോടു ചെയ്യുന്ന കുറ്റമാണെന്ന് സംശയമില്ല. എന്നാൽ ജനങ്ങളെ കൂടുതൽ സന്തുഷ്ടരാക്കാനായി അവരെ ഭരിക്കുക എന്നത് ഒരു ഉന്നത ആശയമാണ്.

സമാനമായ വ്യവ്സഥ സ്ഥാപിക്കണമെന്നാഗ്രഹിക്കുന്നവർ ഇപ്രകാരം ചെയ്യണം.

1. പ്ലാറ്റോയുടെ റിപ്പബ്ലിക്കിൽ പറഞ്ഞത് സ്വത്തുക്കളും പൊതു ഉടമസ്ഥതയിലാക്കണം.
2. പ്ലാറ്റോ നിർദ്ദേശിച്ചതുപോലെ ദൈവങ്ങളെ ബഹുമാനിക്കണം.
3. ആചാരങ്ങൾ പരിരക്ഷിക്കേണ്ടതുള്ളതുകൊണ്ട് വിദേശികളെ ജനങ്ങളുമായി ഇടപെടുവാൻ അനുവദിക്കരുത്.
4. വ്യാപാരം പൗരന്മാർക്കുപകരം സർക്കാർ ചെയ്യണം.
5. നിയനിർമ്മാതാക്കൾ ആഡംബരങ്ങൾക്ക് പകരം കലകൾ വിതരണം ചെയ്യണം അവർ ആഗ്രഹങ്ങളല്ല ആവശ്യങ്ങൾ നിറവേറ്റണം.

## പേടിപ്പെടുത്തുന്ന ഒരു ആശയം

"വ്യത്തികെട്ട രീതിയിൽ ഭ്രമിച്ചിരിക്കുന്നവർ" മൊണ്ടോസ്ക്യൂ ഇപ്രകാരം പറഞ്ഞതിനാൽ അത് ഗംഭീരമാണെന്നും ഉദാത്തമാണെന്നും പ്രഖ്യാപിക്കുമായിരിക്കും. എന്നാൽ എനിക്ക് എൻെറ അഭിപ്രായം പറയുവാൻ ധൈര്യമുണ്ട് ! "എന്ത് ഇപ്രകാരമുള്ള അഭിപ്രായം ഉദാത്തമാണെന്ന് സ്വബോധത്തോടെ എങ്ങനെ നിങ്ങൾ പറയും?" ഈ ആശയം പേടിപ്പെടുത്തുന്നതാണ് ! വെറുക്കപ്പെടേണ്ടതുമാണ് ! മൊണ്ടോസ്ക്യൂവിന്റെ മേൽപറഞ്ഞപ്രകാരമുള്ള ലേഖനങ്ങൾ വായിച്ചാൽ തന്നെ മനുഷ്യരേയും സ്വാതന്ത്ര്യത്തേയും സ്വത്തിനേയും മനുഷ്യരാശിയെ ത്തന്നെയും നിയമനിർമ്മാതാക്കൾക്ക് അവരുടെ ബുദ്ധി പ്രയോഗിക്കാനുള്ള വസ്തുക്കളായാണ് അദ്ദേഹം കണ്ടതെന്നു വ്യക്തമാകും.

## ജനാധിപത്യവാദികളുടെ നേതാവ്

ഇനി ഈ വിഷയത്തിൽ റൂസോ പറയുന്നതെന്താണെന്ന് നോക്കാം. പൊതു വിഷയങ്ങളിലെ ഈ പ്രമുഖ എഴുത്തുകാരനാണ് ജനാധിപത്യവാദികളുടെ പരമോന്നത നേതാവ്. സാമൂഹ്യ ഘടന ജനങ്ങളുടെ അഭീഷ്ടത്താൽ അധിഷ്ഠിതമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നുവെങ്കിലും നിയമനിർമ്മാതാക്കളുടെ സാന്നിധ്യത്തിലെ മനുഷ്യരാശിയുടെ നിഷ്ക്രിയത്വം എന്ന സിദ്ധാന്തം മറ്റാരെക്കാളും അംഗീകരിച്ചിട്ടുള്ളയാളാണ്.

മഹാനായ രാജകുമാരന്മാർ വളരെ ചുരുക്കമേ ഉണ്ടാകുന്നുള്ളുവെങ്കിൽ മഹാനായ നിയമനിർമ്മതാവ് അതിലും കുറച്ചേയുള്ളൂവെന്നത് സത്യമല്ലേ? രാജകുമാരൻ നിയമനിർമ്മാതാവ് ഉണ്ടാക്കിയ പാത പിന്തുടർന്നാൽ മാത്രം മതി. നിയമനിർമ്മാതാവ് ഒരു യന്ത്രത്തിൻെറ സ്രഷ്ടാവാണ്. രാജകുമാരൻ യന്ത്രം പ്രവർത്തിപ്പിക്കുന്നയാൾ മാത്രമാണ്.

എന്നാൽ വ്യക്തികൾക്ക് ഈ കാര്യത്തിൽ എന്താണ് ചെയ്യാനുള്ളത് ? അവർ ചലിക്കുന്ന ഒരു യന്ത്രംപോലെയാണ്. യഥാർത്ഥത്തിൽ അവർ യന്ത്രമുണ്ടാക്കാൻ ഉപയോഗിച്ചിരിക്കുന്ന ഒരു അസംസ്കൃത പദാർത്ഥം മാത്രമായല്ലേ കണക്കാക്കപ്പെടുന്നത്.

ഒരു കൃഷി വിദഗ്ദ്ധനും കൃഷിക്കാരനും തമ്മിലുള്ള ബന്ധം തന്നെയാണ് ഒരു നിയമനിർമ്മാതാവും രാജകുമാരനും തമ്മിൽ നിലനില്ക്കുന്ന ബന്ധം. ഒരു രാജാവും പ്രജയും തമ്മിലുള്ള ബന്ധം, കൃഷിക്കാരനും അയാളുടെ കൃഷി ഭൂമിയും തമ്മിലുള്ളത്. മനുഷ്യരാശിയിൽ നിന്നും എത്ര ഉന്നതമായ സ്ഥാനത്താണ് ഈ രാഷ്ട്രമീമാസാചിന്തകം പ്രതിഷ്ഠിച്ചിരിക്കുന്നത്. റൂസോ നിയമനിർമ്മാതാക്കളെ ഭരിക്കുകയാണ് തങ്ങളുടെ ജോലി എങ്ങനെ ചെയ്യണമെന്ന് അവരെ താഴെപറയുന്ന വിധത്തിൽ അദ്ദേഹം പഠിപ്പിക്കുകയും ചെയ്യുന്നു.

ഒരു രാജ്യത്തിന് സ്ഥിരത കൈവരിക്കുകയാണ് വേണമെങ്കിൽ അവിടുത്തെ വിഭിന്ന ധ്രുവങ്ങളെ ഏറ്റവും അടുപ്പിച്ച് കൊണ്ടുവരിക്കുകയാണ് വേണ്ടത്. ഭിക്ഷക്കാരെയും പണക്കാരെയും വെച്ചുപൊറുപ്പിക്കേണ്ടതില്ല.

ഒരു രാജ്യത്തിൻെറ ഭൂമി വിളവ് ഉൽപാദിപ്പിക്കാൻ പറ്റാത്തതാണെങ്കിലോ രാജ്യം അതിലെ ജനങ്ങളെ ഉൾക്കൊള്ളുവാൻ പറ്റാത്തത്ര ചെറുതാണെങ്കിലോ, വ്യവസായവും കലകളും പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. അവയുടെ ഉൽപന്നങ്ങളെ കച്ചവടം ചെയ്ത് ആ രാജ്യത്തിനാവശ്യമുള്ള ഭക്ഷണം നേടുകയും ചെയ്യാം.

ഒരു രാജ്യത്തെ ഭൂമി ഫലഭൂയിഷ്ഠവും, പക്ഷേ ആ രാജ്യത്തെ ജനങ്ങൾ കുറവുമാണെങ്കിൽ നിങ്ങൾ കൃഷിയിലേയ്ക്ക് ശ്രദ്ധ തിരിക്കുക. കാരണം അത് ജനസംഖ്യ വർദ്ധിപ്പിക്കും. അവിടെ കലയെ നിരോധിക്കുക കാരണം കല ഒരു രാജ്യത്തെ ജനസംഖ്യ കുറയ്ക്കാനേ ഉപകരിക്കൂ.

ഒരു രാജ്യത്ത് എത്തിപ്പെടാവുന്ന വിസ്തൃതങ്ങളായ കടൽതീരമുണ്ടെങ്കിൽ കടലിൽ വ്യാപാര കപ്പലുകൾ നിറയ്ക്കുക; നിങ്ങൾക്ക് വളരെ നല്ലതും എന്നാൽ ചെറുതുമായ ജീവിതമുണ്ടാകും. കടൽത്തീരം ചെന്നെത്തിപ്പെട്ടാൽ ദുഷ്കരമായ മനസ്സുകളെകൊണ്ടു നിറഞ്ഞിരിക്കയാണെങ്കിൽ, ജനങ്ങളെ

പ്രാകൃതരായി വിടുക. അവർ മത്സ്യം ഭക്ഷിച്ച് ജീവിക്കട്ടെ. അവർ തീർച്ചയായും സന്തുഷ്ടരായും ചിലപ്പോൾ കൂടുതൽ നന്നായും ജീവിക്കും.

ചുരുക്കിപറഞ്ഞാൽ, പൊതുവായ സിദ്ധാന്തങ്ങൾക്കപ്പുറം ഓരോ ജനതയ്ക്കും അവരുടേതായ പ്രത്യേക സാഹചര്യങ്ങളുണ്ട്. വസ്തുതകൾ സാഹചര്യങ്ങൾക്കനുസൃതമായ നിയമങ്ങൾ ഉണ്ടാകാൻ കാരണമാകും.

കഴിഞ്ഞ കാലങ്ങളിൽ ജൂതന്മാർക്കും ഈ അടുത്ത കാലത്ത് അറബികൾക്കും മതം അവരുടെ പ്രധാനമായ ലക്ഷ്യമായിരിക്കുന്നതിന് കാരണം ഇതുതന്നെയാണ്. അഥീനിയക്കാർക്ക് സാഹിത്യം ലക്ഷ്യമായിരുന്നപ്പോൾ, ടയറിനും വ്യാപാരം ലക്ഷ്യമായിരുന്നപ്പോൾ റോഡൻമാർക്ക് നാവിക വൃത്തിയും സ്പാർട്ടയ്ക്ക് യുദ്ധവും റോമിന് ധർമ്മവും പ്രഥമ ലക്ഷ്യമായത് ഇതേ കാരണത്താലാണ്. "നിയമങ്ങളുടെ സത്ത" എന്ന കൃതിയുടെ കർത്താവ് നിയമനിർമ്മാതാക്കൾ ഏതു വിധേയനയാണ് മേൽപറഞ്ഞ ലക്ഷ്യത്തിലേയ്ക്ക് സ്ഥാപനങ്ങളെ നയിക്കേണ്ടത് എന്ന് വിവരിച്ചിട്ടുണ്ട്. എന്നാൽ നിയമനിർമ്മാതാക്കൾക്ക് അവരുടെ ശരിയായ ലക്ഷ്യത്തെപറ്റി പിശകു പറ്റുകയും അവർ മേൽപറഞ്ഞ വസ്തുതകൾക്ക് വിരുദ്ധമായ തത്വങ്ങളിൽ ഊന്നി പ്രവർത്തിക്കുകയും ചെയ്താൽ? അവർ തെരഞ്ഞെടുത്ത തത്വം ചിലപ്പോൾ അടിമത്ത സൃഷ്ടിക്കാം ചിലപ്പോൾ സ്വാതന്ത്ര്യവും. ചിലപ്പോൾ ധനവും മറ്റു ചിലപ്പോൾ ജനപ്പെരുപ്പവും ചിലപ്പോൾ സമാധാനവും മറ്റു ചിലപ്പോൾ വെട്ടിപ്പിടുത്തവുമുണ്ടാക്കിയാലോ? ഇപ്രകാരം ലക്ഷ്യത്തിൽപ്പറ്റിയുള്ള ആശയകുഴപ്പം ക്രമേണ നിയമത്തെ ദുർബലപ്പെടുത്തുകയും ഭരണഘടനക്ക് ഭംഗം വരുത്തുകയും ചെയ്യും. നിലവിലുള്ള വ്യവസ്ഥയെ നശിപ്പിക്കുകയോ, മാറ്റിമറിക്കുകയോ ചെയ്യുന്നതുവരെ രാഷ്ടത്തിന്റെ പ്രക്ഷോഭങ്ങൾ നടക്കും. കീഴടക്കാൻപറ്റാത്ത പ്രകൃതി അവളുടെ സാമ്രാജ്യം തിരിച്ചുപിടിക്കുകയും ചെയ്യും.

സാമ്രാജ്യത്തെ തിരിച്ചുപിടിക്കാൻ മാത്രം അജയ്യയാണു പ്രകൃതിയെങ്കിൽ സാമ്രാജ്യം വെട്ടിപിടിക്കേണ്ട ആവശ്യം ആദ്യമേ നിയമനിർമ്മാതാവിന് ഉണ്ടായിരുന്നില്ല എന്ന് റൂസ്സോ എന്തുകൊണ്ട് സമ്മതിക്കുന്നില്ല. വളരെ എളുപ്പത്തിൽ തെറ്റുകൾ വരുത്തിയേക്കാവുന്ന ലൈക്കർഗ്ഗസ്, സോളൻ, റൂസ്സോ എന്നിവർ ആരുടേയും ഇടപെടലില്ലാതെ ജനങ്ങൾ അവരുടെ നൈസർഗ്ഗികമായ ചോദനകൊണ്ടുതന്നെ ഫലഭൂയിഷ്ഠമായ മണ്ണിൽ കൃഷി ചെയ്യാനും വിസ്തൃതവും സുഗമവുമായ കടൽത്തീരത്ത് വ്യാപാരം ചെയ്യാനും തുടങ്ങുമെന്ന് എന്തുകൊണ്ട് അദ്ദേഹം കാണുന്നില്ല ?

## നിർബന്ധിതമായ അനുസരണയാണ് സോഷ്യലിസ്റ്റുകളുടെ ലക്ഷ്യം

ഉപജ്ഞാതാക്കളിലും സംഘാടകരിലും നിർദ്ദേശകരിലും നിയമനിർമ്മാതാക്കളിലും സമൂഹത്തെ നിയന്ത്രിക്കുന്നവരിലും ഭീകരമായ ഉത്തരവാദിത്വമാണ് റൂസ്സോ ചാർത്തുന്നത്. അതുകൊണ്ടുതന്നെ അവരെക്കൊണ്ട് പരമാവധി പണിയെടുപ്പിക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം രാഷ്ട്രീയ ജനതയുടെ നിർമ്മിതി ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള ഏതൊരുവനും സ്വയം വിശ്വസിക്കേണ്ടത് അയാൾക്ക് മനുഷ്യസ്വഭാവത്തെ രൂപാന്തരണപ്പെടുത്താൻ തന്നിൽത്തന്നെ പൂർണ്ണനായുള്ള ഓരോ വ്യക്തിയേയും മാറ്റി തങ്ങളിൽ വലിയ ഒരു പൂർണ്ണസത്യത്തിന്റെ ഭാഗം മാത്രമാക്കി അതിൽ നിന്ന് ജീവിതവും പ്രചോദനവും കൈവരിക്കാൻ കഴിവുള്ളവരാക്കാൻ കഴിയും എന്നതാണ് ജനങ്ങളുടെ കൈവരിക്കാൻ നിർമ്മിതി ഏറ്റെടുക്കുന്ന ഒരു വ്യക്തി മനുഷ്യർക്ക് പ്രകൃതിയിൽ നിന്ന് കിട്ടുന്ന സ്വാതന്ത്ര്യവും ഭൗതികമായ ആ നിലനിൽപ്പിനു പകരം ഭാഗികവും ധാർമ്മികവുമായ നിലനിൽപ്പിന് പകരം വെയ്ക്കാനും അവനു ഘടനാപരമായ കൂടുതൽ ശക്തിപകരാൻ തനിക്ക് കഴിവുണ്ടെന്ന് വിശ്വസിക്കണം.

ചുരുക്കിപറഞ്ഞാൽ ഒരു രാഷ്ട്രീയ മനുഷ്യൻെറ നിർമ്മാതാവ് മനുഷ്യൻെറ സ്വാഭാവിക ശക്തികളെ മാറ്റി അവൻ പ്രകൃത്യാ അന്യമായ മറ്റുചില ശക്തികൾ ഉണ്ടാക്കി കൊടുക്കേണ്ടതുമുണ്ട്.

പാവം മനുഷ്യ സ്വഭാവം! ഇപ്രകാരമുള്ള റൂസോയുടെ ശിഷ്യന്മാരുടെ കയ്യിൽ ഏൽപ്പിക്കുന്ന ഒരു വ്യക്തിയുടെ അന്തസ്സിന്റെ ഗതി എന്താകും?

## മനുഷ്യരാശിയെ ഉത്ഭവപ്പെടുത്തി എടുക്കാനുള്ള നിയമ നിർമ്മാതാക്കളുടെ ആഗ്രഹം

മനുഷ്യരാശിയെ നിയമനിർമ്മാതാവ് രൂപഭേദം ചെയ്യുന്ന വിഷയത്തിൽ റെയ്നാളിന്റെ അഭിപ്രായം നമുക്ക് പരിശോധിക്കാം.

നിയമനിർമ്മാതാവ് ആദ്യം കാലാവസ്ഥ, വായു, മണ്ണ് എന്നിവ പരിഗണിക്കണം. അയാളുടെ പക്കലുള്ള വിഭവങ്ങളാണ് അയാളുടെ കടമ നിർണ്ണയിക്കുന്നത്. ഏതു പ്രദേശത്തിനുവേണ്ടിയാണോ നിയമം നിർമ്മിക്കുന്നതെന്ന് ആദ്യം പരിഗണിക്കണം. കടൽത്തീരത്ത് ജീവിക്കുന്ന ജനതയ്ക്ക് നാവിക പ്രധാനമായ നിയമം ഉണ്ടാകണം. ഉൾപ്രദേശത്തെ സംബന്ധിച്ചാണെങ്കിൽ നിയമനിർമ്മാതാവ് ആ പ്രകൃതിയെയും മണ്ണിൻെറ ഫലഭൂയിഷ്ഠതയെയും പരിഗണിക്കണം.

നിർമ്മാതാവിൻെറ വൈഭവം സ്വത്തുക്കളുടെ വിതരണക്രമം നിശ്ചയിക്കുന്നതിലാണ് പ്രധാനമായും പ്രകടമാകുക. ഒരു പുതിയ കോളനി ഒരു രാജ്യത്ത് സ്ഥാപിക്കുകയാണെന്ന് പ്രകടമാകുക. ഒരു പുതിയ കോളനി ഒരു രാജ്യത്ത് സ്ഥാപിക്കുകയാണെങ്കിൽ തന്റെ കുടുംബത്തെപോറ്റാൻ മതിയായ സ്ഥലം ഓരോ വ്യക്തിക്കും കൊടുക്കണമെന്ന് പൊതുവെ പറയാം. തരിശിട്ടിരിക്കുന്ന ഒരു ദ്വീപിൽ നിങ്ങൾ നിങ്ങളുടെ സന്തതി പരമ്പരകളെക്കൊണ്ടു ജനവാസം സ്ഥാപിക്കുകയാണെങ്കിൽ സത്യത്തിൻെറ വിത്തുകളും വികസനത്തിൻെറ പൊരുളും കൂടി വിതറിയാൽമാത്രം മതി;മറ്റൊന്നും ചെയ്യേണ്ടതില്ല. എന്നാൽ ഒരു ജനതയെ അവരുടെ ഭൂതകാലത്തോടുകൂടി ഒരു പുതിയ രാജ്യത്തിലേയ്ക്ക് മാറ്റി പ്രതിഷ്ഠിക്കുകയാണെങ്കിൽ മിടുക്ക് അപ്രകാരമുള്ള ജനങ്ങളിൽ തിരുത്താവുന്നതും മാറ്റാവുന്നതുമായ ആചാരങ്ങളും അപകടകരമല്ലാത്ത അഭിപ്രായങ്ങളും മാത്രം മാറ്റി നടക്കുക എന്നതിലാണ്. മേൽപ്രകാരമുള്ള അഭിപ്രായങ്ങളും ആചാരങ്ങളും സ്ഥിരമാക്കാതിരിക്കണമെങ്കിൽ അടുത്ത തലമുറയ്ക്കുവേണ്ടി അതിനു ശേഷിയുള്ള ഒരു പൊതുവിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടുത്തണം. ചെറുപ്പക്കാരെ പഠിപ്പിക്കുന്നതിനും ഉപദേശിക്കുന്നതിനും ബുദ്ധിയും കഴിവുമുള്ളയാളുകളെ ആദ്യം ഒരുക്കാതെ ഒരു കോളനി സ്ഥാപിക്കാൻ ഒരിക്കലും രാജാവോ, നിയമനിർമ്മാതാവോ മുതിരരുത്.

ജനങ്ങളുടെ ആചാരങ്ങളും പെരുമാറ്റരീതികളും ശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന, സൂക്ഷ്മതയുള്ളവനായ ഒരു നിയമനിർമ്മാതാവിന് ഒരു പുതിയ കോളനി വലിയ അവസരങ്ങളാണ് തുറന്നുകൊടുക്കുന്നത്. അദ്ദേഹത്തിന് കഴിവും നന്മയുമുണ്ടെങ്കിൽ തന്റെ വരുതിയിലുള്ള സ്ഥലവും ജനങ്ങളും സമൂഹത്തിനുവേണ്ടിയുള്ള ഒരു നല്ല പദ്ധതി സൃഷ്ടിക്കാൻ അദ്ദേഹത്തിന് പ്രചോദനം നല്കും. ഈ പദ്ധതി അവ്യക്തമായി മാത്രമേ മുൻകൂട്ടി കാണാൻ സാധിക്കൂ. കാരണം എല്ലാ സിദ്ധാന്തങ്ങളുടേയും അസ്ഥിരതയെ അത് ആശ്രയിച്ചിരിക്കുന്നു. മുൻകൂട്ടി കാണാനും വ്യക്തമായി തീർപ്പാക്കാനും കഴിയാത്ത സങ്കീർണ്ണതകളും സാഹചര്യങ്ങളും മറ്റും അതിൽ നിന്ന് ആവിർഭവിക്കും.

## മനുഷ്യരെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നിയമനിർമ്മാതാക്കൾക്ക് ലഭിക്കുന്ന നിർദ്ദേശം

"ഒരു കാർഷിക അദ്ധ്യാപകൻ വിദ്യാർത്ഥികൾക്ക് ക്ലാസ് എടുക്കുന്നതുപോലെയാണ് നിയമനിർമ്മാതാക്കളോട് ജനങ്ങളെ എങ്ങനെ പരിപാലിക്കാം എന്ന വിഷയത്തിലുള്ള റെയ്നാളുടെ (Raynal) നിർദ്ദേശങ്ങൾ".

കർഷകൻെറ ആദ്യത്തെ നിയമം കാലാവസ്ഥയാണ്. അയാളുടെ വിഭവങ്ങളാണ് അയാളുടെ നടപടിക്രമം നിർണ്ണയിക്കുക. ആദ്യം അയാളുടെ പ്രദേശം പരിഗണിക്കണം. അയാളുടെ ഭൂമിയിൽ കളിമണ്ണാണെങ്കിൽ ഇന്ന കാര്യങ്ങൾ ചെയ്യണം. അതെല്ലാം മണലാണെങ്കിൽ മറ്റൊരുതരത്തിൽ പണിയെടുക്കണം. ഭൂമിയെ വെട്ടിത്തെളിച്ച് നന്നാക്കാൻ ആഗ്രഹമുള്ള കർഷകന് പല വഴികളുമുണ്ട്. അയാൾക്ക് കഴിവുണ്ടെങ്കിൽ അയാളുടെ അധീനതയിലുള്ള വളം തന്നെ എങ്ങനെ മുമ്പോട്ട് പോകണമെന്നതിൽ അയാൾക്ക് വ്യക്തത നൽകും അറിയുവാൻ സാധിക്കും. ഒരു കാർഷിക അദ്ധ്യാപകന് ഭൂമിയിൽ എന്തു ചെയ്യണമെന്നുള്ള പദ്ധതി അവ്യക്തമായിമാത്രമെ മുൻകൂട്ടി പറയുവാൻ സാധിക്കുകയുള്ളൂ. കാരണം മുൻകൂട്ടി തീരുമാനിക്കുവാനും വ്യക്തമായ നടപടിയെടുക്കുവാനും പറ്റാത്ത സാഹചര്യം പലപ്പോഴും ഉരുത്തിരിയും.

എന്നാലുമെൻെറ ഉന്നതമായ എഴുത്തുകാരെ ! നിങ്ങൾ ഇപ്രകാരം വിവേചനരഹിതമായി മാറ്റിമറിക്കുന്ന കളിമണ്ണും മണലും വളങ്ങളും എല്ലാം മനുഷ്യരാണെന്ന് ഓർക്കണം. അവർ നിങ്ങൾക്ക് സമന്മാരാണ്. അവർ നിങ്ങളെപ്പോലെ തന്നെ ബുദ്ധിയുള്ള, സ്വതന്ത്രരായ മനുഷ്യരാണ്. നിങ്ങളെപ്പോലെതന്നെ അവർക്കും നിരീക്ഷിക്കുവാനും ചിന്തിക്കുവാനും മുൻകൂട്ടി ആസൂത്രണം ചെയ്യാനും തങ്ങൾക്ക് വേണ്ടി തീരുമാനമെടുക്കാനും ഉള്ള കഴിവ് ദൈവം കൊടുത്തിട്ടുണ്ട്.

## താല്ക്കാലിക ഏകാധിപത്യം

നിയമവും നിർമ്മാതാവും എന്ന വിഷയത്തിൽ "മബ്ലി" (Mably) പറയുന്നത് കേൾക്കൂ. ഉദ്ധരിച്ച വാക്യങ്ങൾക്ക് മുമ്പ്, സുരക്ഷയെ തൃണവത്ക്കരിച്ചുക്കുന്നതുകൊണ്ട് നിയമം തേഞ്ഞുമാഞ്ഞുപോകുമെന്ന് മബ്ലി സിദ്ധാന്തിക്കുന്നു. അദ്ദേഹം വായനക്കാരോട് ഇപ്രകാരം പറയുന്നു.

"ഈ സാഹചര്യത്തിൽ സർക്കാരിൻെറ പ്രവർത്തനം വളരെ അപര്യാപ്തമാണെന്ന് വളരെ വ്യക്തമാണ്. സർക്കാരിന് പുതിയ പ്രശ്നങ്ങൾ കൊടുത്തുകൊണ്ടിരുന്നാൽ ഈ പ്രശ്നം തനിയെ പരിഹരിക്കപ്പെടും തെറ്റുകളെ ശിക്ഷിക്കുന്നതിനു പകരം അഭിലഷണീയമായതെന്തോ അതിന് കൂടുതൽ പ്രതിഫലം നൽകാൻ ശ്രദ്ധിക്കു. അപ്രകാരം ചെയ്താൽ നിങ്ങൾ നിങ്ങളുടെ രാജ്യത്തെ യൗവ്വനസമൃദ്ധമാക്കും. സ്വതന്ത്ര മനുഷ്യർ ഈ നടപടിക്രമത്തെപ്പറ്റി അജ്ഞരായിരുന്നതിനാൽ അവർക്ക് അവരുടെ സ്വാതന്ത്ര്യം തന്നെ നഷ്ടമായി! സാധാരണ സർക്കാർ നടപടികൾകൊണ്ട് നശിപ്പിക്കാൻ പറ്റാത്തത്ര തിന്മ വലുതായിട്ടുണ്ടെങ്കിൽ

വലിയ ശക്തി ഉൾക്കൊള്ളുന്ന അസാധാരണമായ ഒരു കോടതി സ്ഥാപിക്കുക ഒരു ചെറിയകാലത്തേയ്ക്ക്. പൗരന്മാരുടെ ഭാവനയ്ക്ക് ശക്തിക്ക് കനത്ത പ്രഹരം തന്നെ നൽകണം.

20 ഭാഗങ്ങളിലായി മബ്ലി തൻെറ ദർശനം ഇപ്രകാരം സമർപ്പിക്കുന്നു. പൗരാണിക വിദ്യാഭ്യാസത്തിൽ നിന്ന് ഉരുത്തിരിഞ്ഞിട്ടുള്ള ഈ ചിന്തകളുടെ സ്വാധീനംമൂലം ഒരുകാലത്ത് എല്ലാ വ്യക്തികളും അവരെത്തന്നെ മനുഷ്യരാശിയുടെ മുകളിൽ സ്വയം പ്രതിഷ്ഠിക്കാൻ, അതുവഴി അവരുടേതായ വഴിക്ക് കാര്യങ്ങൾ നിയന്ത്രിക്കാനും സംഘടിപ്പിക്കാനും, ആശിച്ചു.

## സമ്പത്ത് തുല്യമായി വീതിക്കുക എന്ന സോഷ്യലിസ്റ്റ് ആവശ്യം

നിയമനിർമ്മാതാക്കളേയും മനുഷ്യരാശിയേയും പറ്റിയുള്ള കൊണ്ടിയാക്കി (Condillac)ന്റെ അഭിപ്രായം നമുക്ക് ശ്രവിക്കാം. ലൈക്കർഗസ്സിന്റേയും സോളന്റേയും വേഷമണിഞ്ഞാലും പ്രഭോ!

ഈ ലേഖനം വായിച്ചുതീരുന്നതിനു മുമ്പുതന്നെ അമേരിക്കയിലേയും ആഫ്രിക്കയിലേയും കാടന്മാർക്ക് നിയമം നിർമ്മിച്ചു നൽകി രസിക്കുക. ആ നാടോടികളെ സ്ഥിരമായ വീടുകളിൽ തളച്ചിടുക. അവരെ ആടുവളർത്താൻ പഠിപ്പിക്കുക. അവരിൽ പ്രകൃത്യാലുള്ള സാമൂഹ്യ അവബോധം വളർത്തുവാൻ ശ്രമിക്കുക. മനുഷ്യസഹജമായ കടമകൾ നിർവ്വഹിക്കാൻ അവരെ നിർബന്ധിതരാക്കാം. അവർക്ക് രുചിക്കാത്ത വിധമുള്ള ശിക്ഷകൾ അവർക്ക് കൊടുക്കുക. അങ്ങനെ ഓരോ നിയമത്തോടൊപ്പം ഈ പ്രാകൃതർക്ക് ഒരു തിന്മ കൈമോശം വരികയും ഒരുനന്മ കൈവരിക്കുകയും ചെയ്തു. എല്ലാവർക്കും നിയമങ്ങൾ ഉണ്ടായിരുന്നു എന്നാൽ വളരെക്കുറച്ചാളുകൾമാത്രമേ സംതൃപ്തരായിരുന്നുള്ളൂ. എന്താണിതിനു കാരണം? പൊതുവായ താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ ഒന്നിച്ച് നിർത്തുക എന്നത് സമൂഹത്തിന്റെ യഥാർത്ഥ ഉദ്ദേശ്യമെന്ന് നിയമനിർമ്മാതാക്കൾക്ക് തന്നെയുള്ള അജ്ഞതയാണ് കാരണം.

നിയമത്തിന്റെ പക്ഷരാഹിത്യം കൈവരിക്കാൻ രണ്ടു കാര്യങ്ങൾ വേണം. അത് പൗരന്മാർ തമ്മിൽ സ്വത്തി ലും അന്തസ്സിലും ഉള്ള സമത്വമാണ്. നിയമം പൗരന്മാരെ എത്രകണ്ട് സമന്മാരാക്കുന്നുവോ അത്രകണ്ട് പൗരന്മാർക്ക് അത് ക്ഷണികമാകും. എല്ലാ ജനങ്ങളും സ്വത്തിൻെറയും അന്തസ്സിൻെറയും കാര്യത്തിൽ സമന്മാരാകുക; ആ സമത്വത്തെ അസ്ഥിരപ്പെടുത്താനും പഴുതുകളെല്ലാം നിയമം കൊണ്ട് മൂടുകയും ചെയ്യുക എന്നാണെങ്കിൽ ജനങ്ങൾ

ആർത്തി, അതിമോഹം, മടുപ്പ് കുശുമ്പ്, ധാരാളിത്തം, പക, അസൂയ, ഉദാസീനത തുടങ്ങിയവ കൊണ്ട് അസ്വസ്ഥരാവുകയില്ലല്ലോ?

സ്പാർട്ട എന്ന രാജ്യത്തെപ്പറ്റി നിങ്ങൾ നേടിയ അറിവ് ഇത്തരത്തിൽ നിങ്ങളെ സഹായിക്കാം. കാരണം ലോകത്ത് മറ്റൊരിടത്ത് സമത്വത്തിലൂന്നിയ സ്വാഭാവിക നിയമത്തോട് ഇത്രമാത്രം ചേർന്ന് നിൽക്കുന്ന നിയമങ്ങൾ ഉണ്ടായിട്ടില്ല.

## സോഷ്യലിസ്റ്റ് എഴുത്തുകാരുടെ തെറ്റുകൾ

മനുഷ്യരാശിതന്നെ ചലനമില്ലാത്ത ഒരു വസ്തുവാണെന്നും അത് മഹാനായ ഒരു രാജാവിൽ നിന്നോ, നിയമനിർമ്മാതാവിൽ നിന്നോ, ഒരു അതിബുദ്ധിമാനിൽ നിന്നോ മുഖമാകട്ടെ, ശക്തിയാകട്ടെ ചലനാത്മകതയാകട്ടെ, ജീവൻ തന്നെയാകട്ടെ സ്വീകരിക്കുവാൻ തയ്യാറാണെന്നും ഉള്ള വിശ്വാസം. 17 – 18 നൂറ്റാണ്ടുകളിൽ  നിലനിന്നിരുന്നു എന്നത് വിചിത്രമായിരുന്നില്ല. കാരണം ഈ നൂറ്റാണ്ടുകൾ പൗരാണികതയെ കുറിച്ചുള്ള പഠനം കൊണ്ട് സമ്പുഷ്ടമായിരുന്നു. ഈ പഴമ ഗ്രീസിലും റോമിലും ഈജിപ്തിലും എല്ലാം ദൃശ്യമായിരുന്നു. കരുത്തിന്റേയും ചതിയുടേയും ബലത്തിൽ തങ്ങളുടെ ഇഷ്ടപ്രകാരം മനുഷ്യരാശിയെ വാർത്തെടുക്കുന്ന മനുഷ്യർ സാർവ്വത്രികമായിരുന്നു. എന്നാൽ അതുകൊണ്ട് ഈ സ്ഥിതിവിശേഷം നല്ലതാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. മനുഷ്യരും സമൂഹവും മെച്ചപ്പെടാൻ കഴിവുള്ളതായതുകൊണ്ട് ചരിത്രത്തിന്റെ ആരംഭത്തിൽ തെറ്റുകളും, അജ്ഞതയും, അടിമത്വവും, അന്ധവിശ്വാസങ്ങളും, ഏകാധിപത്യവും കൂടുതൽ അളവിൽ കണ്ടേക്കാം എന്ന് മാത്രമേ അത് തെളിയിക്കുന്നുള്ളൂ. മുമ്പേ പ്രതിപാദിച്ചിട്ടുള്ള എഴുത്തുകാർ പ്രാചീന സംവിധാനങ്ങളെ മേൽ വിവരിച്ച പ്രകാരം മനസ്സിലാക്കിയതിൽ തെറ്റില്ല. എന്നാൽ അവർക്ക് തെറ്റ് പറ്റിയത് മേൽപറഞ്ഞ പഴകിയ സംവിധാനങ്ങൾ തന്നെ ആദരവിനും അനുകരണത്തിനുമായി വെച്ചുനീട്ടുന്നതിലാണ്. ബാലിശവും എന്തും വിശ്വസിക്കുന്നതുമായ മാനസികാവസ്ഥയോടെ കൃത്രിമത്വം നിറഞ്ഞ പൗരാണിക സമൂഹത്തിന്റെ  അന്തസ്സും ധാർമ്മിക മൂല്യങ്ങളും സന്തോഷങ്ങളും ആഡംഭരങ്ങളും സത്യമാണെന്നുതന്നെ വിശ്വസിച്ചു. കാലം കഴിയുന്തോറും അറിവ് വെളിപ്പെടുകയും വളരുകയും ചെയ്യുമെന്നും അറിവിന്റെ വളർച്ചക്ക് ആനുപാതികമായി കരുത്ത് ശരിയോടൊപ്പം നിൽക്കുമെന്നും സമൂഹം അതിനെ തന്നെ തിരിച്ച് പിടിക്കുമെന്നും അവർ മനസ്സിലാക്കിയില്ല.

## സ്വാതന്ത്ര്യമെന്നാലെന്താണ് ?

നാം ഇപ്പോൾ കാണുന്ന രാഷ്ട്രീയ സമരം എന്താണ് ? സ്വാതന്ത്ര്യത്തിനുവേണ്ടി

യുള്ള ജനങ്ങളും നൈസർഗ്ഗികമായി സമരമാകുന്നത്. ആ പേരുകൊണ്ടുതന്നെ ലോകത്തെ പിടിച്ചു കുലുക്കുകയും ഹൃദയമിടിപ്പ് വർദ്ധിപ്പിക്കുകയും ചെയ്യുന്ന സ്വാതന്ത്ര്യം എന്താണ് ?

യഥാർത്ഥത്തിൽ അത് എല്ലാ സ്വാതന്ത്ര്യങ്ങളുടേയും, അതായത് മനസ്സാക്ഷിക്കനുസൃതമായി പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം, വിദ്യാഭ്യാസ, സംഘടന, യാത്ര, സ്വാതന്ത്ര്യം, തൊഴിലെടുക്കാനുള്ളതും കച്ചവടം ചെയ്യുന്നതിനുമായ സ്വാതന്ത്ര്യം ഇവയുടെ ഒരു സമ്മേളനമല്ലേ? ചുരുക്കത്തിൽ, സ്വാതന്ത്ര്യം എന്നത് ഒരു വ്യക്തിക്ക് അന്യന്റെ സ്വാതന്ത്ര്യത്തെ കടന്നുകയറാതെ, തന്റെ വിവിധങ്ങളായ കഴിവുകൾ പ്രയോഗിക്കുവാനുള്ള അവകാശമല്ലേ ? സ്വാതന്ത്ര്യമെന്നത് എല്ലാ ഏകാധിപത്യ പ്രവണതകളേയും, നിയമപരമായ ഏകാധിപത്യം അടക്കം, തകർക്കലല്ലേ? അവസാനമായിട്ട് വിലയിരുത്തലിൽ സ്വാതന്ത്ര്യം എന്നത് നിയമത്തെ അതിന്റെ യുക്തിസഹമായ മേഖലയിൽ, അതായത് അനീതിയെ ശിക്ഷിക്കലിലും വ്യക്തിയുടെ സ്വയരക്ഷയ്ക്കുള്ള അവകാശത്തിന്റെ നിയമപരമായ സംഘാടനത്തിനും ഒതുക്കി നിർത്തലല്ലേ?

മനുഷ്യരാശിയുടെ സ്വാതന്ത്ര്യത്തിലേയ്ക്കുള്ള സ്വാഭാവിക ഒഴുക്കിന് വലിയ അളവിൽ തടസ്സങ്ങൾ ഉണ്ട്. ഫ്രാൻസിൽ പ്രത്യേകിച്ചും. ഇതിന് പ്രധാന കാരണം പൊതു വിഷയങ്ങളിലുള്ള നമ്മുടെ എഴുത്തുകാർക്കു പൊതുവായുള്ള, അവർ പഠിച്ച പഴയ പാഠങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന മാരണമായ ഒരു ആഗ്രഹമാണ്. മനുഷ്യരുടെ എല്ലാവരുടേയും മുകളിൽ സ്വയം പ്രതിഷ്ഠിച്ച് താന്താങ്ങളുടെ ആഗ്രഹപ്രകാരം എല്ലാറ്റിനേയും സംഘടിപ്പിക്കുവാനും നിയന്ത്രിക്കാനും ക്രമപ്പെടുത്താനുമുള്ള അവരുടെ ആഗ്രഹമാണ്.

## മനുഷ്യസ്നേഹപരമായ സ്വേച്ഛാധിപത്യം

സമൂഹം സ്വാതന്ത്ര്യത്തിനുവേണ്ടി യത്നിച്ച യാത്രചെയ്യുമ്പോൾ സമൂഹത്തിന്റെ മുമ്പിൽ സ്വയം പ്രതിഷ്ഠിച്ചിട്ടുള്ള മേൽപറഞ്ഞ പ്രസിദ്ധരായവർക്ക് 17, 18 നൂറ്റാണ്ടുകളുടെ ആശയങ്ങളാണ് മനസ്സിലുള്ളത്. അവരുടെ സാമൂഹ്യ കണ്ടുപിടുത്തങ്ങളുടെ മനുഷ്യത്വപരമായ സ്വോച്ഛരാദിപത്യത്തിന് മനുഷ്യരാശിയെ അവരുടെ സാമൂഹ്യ കണ്ടുപിടുത്തങ്ങളായ മനുഷ്യത്വപരമായ സ്വേച്ഛാധിപത്യത്തിന് വിട്ടുകൊടുക്കുവാനാണ് അവർക്ക് താല്പര്യം. റൂസോയെപ്പോലെ അവരുടെ സ്വപ്നത്തിലുള്ള പൊതു നന്മയെന്ന ഇണക്കമുള്ള കലപ്പ പൊതുജനങ്ങളുടെ ചുമലിൽ വച്ചുകൊടുക്കുവാനാണ് അവർക്കാഗ്രഹം.

ഇത് 1789 ലെ കാലഘട്ടത്തിൽ പ്രത്യേകിച്ചും സത്യമാണ്. ആ പഴയ ഭരണക്രമം

നശിച്ച  സമൂഹത്തിൻെറ ചുമലിൽ കൃത്രിമമായും സർവ്വ ശക്തിത്വമുള്ളതു മായ പുതിയ സംവിധാനങ്ങളിൽ വച്ച് ചാർത്താനുള്ള ശ്രമങ്ങൾ നടന്നിരുന്നു.

അക്കാലത്തെ പ്രമുഖരായ എഴുത്തുകാരുടെയും രാഷ്ട്രീയക്കാരുടേയും ആശയങ്ങൾ ശ്രദ്ധിച്ചാലും.

"ജസ്റ്റ് പുണ്യാളന്റെ (Saint Just) വാക്കുകൾ ഇപ്രകാരമാണ്" നിയമനിർമ്മാതാ വാണ് ഭാവിയെ  തീരുമാനിക്കുന്നത്. മനുഷ്യനന്മ എന്താണെന്ന് തീരുമാനി ക്കേണ്ടതും മനുഷ്യർ എങ്ങനെയാകണമെന്ന് തീരുമാനിക്കേണ്ടതും നിയമ നിർമാതാവാണ്.

റോബ്സ്പിയർ (Robespierre) പ്രജാധീന രാജ്യതന്ത്രം എന്തിനാണോ നിലവിൽ വന്നത് അതിലേയ്ക്കുള്ള രാജ്യത്തിൻെറ ഭൗതികവും ധാർമ്മികവുമായ ശക്തിയെ നയിക്കലാണ് ഒരു ഭരണത്തിന്റെ  ചുമതല.

ബില്ലോർഡ് വെറന്നസ് (Billaud - Varennes) സ്വാതന്ത്ര്യത്തിലേയ്ക്ക് തിരിച്ചു വരുന്ന ജനത പുതുയതായി ഉടലെടുക്കണം. പഴയ അബദ്ധ സിദ്ധാന്തങ്ങളെ നശിപ്പിക്കാനും, ജനങ്ങളുടെ പഴയ ആചാരങ്ങളെ മാറ്റാനും തെറ്റായ സഹാനുഭൂകളെ തിരുത്താനും അനാവശ്യമായതിനെ കുറയ്ക്കാനും ദുശീലങ്ങളെ നശിപ്പിക്കുവാനും കെൽ പ്പുള്ള ഒരു ശക്തിയും ചടുലമായ പ്രവർത്തിയും അത്യന്തം ആവശ്യമാണ്.

ലസുർഗസ് സ്പാർട്ടൻ റിപ്പബ്ലിക്കിൻെറ അടിസ്ഥാനം നിർമ്മിച്ചത് വിട്ടു വീഴ്ചയില്ലാത്ത സുഖഭോഗ നിഷേധത്തിലാണ്.

സോളന്റെ ദുർബലവും എല്ലാവരേയും വിശ്വസിക്കുന്നതിനുള്ള അടിസ്ഥാന സ്വഭാവം ഏജൻറ്സിനെ അടിമത്വത്തിലേയ്ക്ക് നയിക്കും. ഈ ഉദാഹരണങ്ങൾ സർക്കാർ എന്ന വ്യവസ്ഥയുടെ ശാസ്ത്രം ഉൾക്കൊള്ളുന്നതാണ്.

ലെ പെൽട്ടിയേർ (Le Pelletier) : മനുഷ്യൻെറ അധഃപതനത്തിൻെറ വ്യാപ്തി പരിശോധിച്ചാൽ ഒരു സാർവത്രിക പരിഷ്കരണത്തിൻെറ ആവശ്യമുണ്ടെന്ന് ഒരു പൊതുജനത ആവിർഭവിക്കേണ്ടതുണ്ടെന്നും വ്യക്തമാണ്.

## സോഷ്യലിസ്റ്റുകൾക്ക് ഏകാധിപത്യം വേണം

മനുഷ്യർ അസംസ്കൃത പദാർത്ഥമാണെന്ന് വീണ്ടും അവകാശപ്പെടുന്നുണ്ട്. അവർക്ക് സ്വയം നന്നാകാൻ കഴിയുകയില്ലെന്നുള്ള ധാരണയുണ്ട്. ജസ്റ്റ് പുണ്യാ ളന്റെ അഭിപ്രായത്തിൽ നിയമനിർമ്മാതാക്കൾക്ക് മാത്രമേ ജനങ്ങളെ നന്നാക്കാൻ

കഴിയുയുള്ളൂ. നിയമനിർമ്മതാക്കൾ ജനങ്ങൾ എപ്രകാരമാകണമെന്ന് ചിന്തിക്കുമ്പോൾ അപ്രകാരംതന്നെ ജനങ്ങൾ ആവുകയും ചെയ്യും. റൂസോയെ മൊത്തമായി അനുകരിക്കുന്ന റോബി സ്പെയറിൻെറ അഭിപ്രായത്തിൽ, പൊതുസമൂഹം എന്തിനുവേണ്ടിയുണ്ടായോ, അതിലേയ്ക്കുള്ള യാത്ര തുടരുന്നത് നിയമനിർമ്മാതാവിൻെറ ഉത്തരവിൽ നിന്നാണ്. എവിടേക്കാണ് പോകേണ്ടതെന്ന് തീരുമാനിച്ചാൽ പിന്നെ രാജ്യത്തിലെ ഭൗതികവും ധാർമ്മികവുമായ ശക്തി പ്രയോഗിച്ച് ആ ദിശയിലേയ്ക്ക് നീങ്ങുക എന്നതു മാത്രമെ ഭരണകൂടത്തിന്റെ ചുമതലയുള്ളൂ. ഈ സമയത്ത് രാജ്യത്തെ ജനങ്ങൾ മുഴുവൻ നിഷ്ക്രിയരായിരിക്കേണ്ടതാണ്. ബില്ല്യം വാർനീസിന്റെ ആശയങ്ങൾ പ്രകാരം ജനങ്ങൾക്ക് യാതൊരു മുന്നഭിപ്രായവും ദയ തുടങ്ങിയ ആഗ്രഹങ്ങളോ വികാരങ്ങളോ ഉണ്ടാകാൻ പാടില്ലാത്തതും മുൻവിധികളോ അവർക്ക് നിയമനിർമ്മാതാക്കൾ അനുവദിച്ചിട്ടില്ലാത്ത ഒരാഗ്രഹവും പാടില്ലാത്തതുമാണ്. അദ്ദേഹം ഒരുപടികൂടി കടന്ന് ഒരാളുടെ മാത്രം വിട്ടുവീഴ്ചയില്ലാത്ത സുഖഭോഗ നിഷേധം ഒരു രാജ്യത്തിൻെറ അടിസ്ഥാന ശിലയാണെന്ന് പറയുന്നു.

റോബ് സ്പിയറിന്റെ അഭിപ്രായത്തിൽ സാധാരണ സർക്കാർ സംവിധാനങ്ങൾക്ക് പരിഹരിക്കാൻ കഴിയാത്തത്ര കടുത്ത തിന്മയുണ്ടെങ്കിൽ നന്മയെ പരിപോഷിപ്പിക്കാൻ ഏകാധിപത്യംപോലും നല്ലതാണ് എന്ന ആശയം മുന്നോട്ടുവയ്ക്കുന്നു. "അസ്വാഭാവിക നീതിനിർവ്വഹണ സ്ഥാപനങ്ങൾ കുറച്ചുകാലത്തേയ്ക്ക് അസാമാന്യ അധികാരങ്ങളുള്ളതും പൗരന്മാരുടെ ഭാവനവൈഭവത്തിന് കനത്ത ആഘാതം ഏല്പിച്ചു ചിലപ്പോൾ പ്രവർത്തിക്കേണ്ടിവരും." ഈ സിദ്ധാന്തം ആരും മറന്നിട്ടില്ല. റോബ് സ്പിയറിയെ വീണ്ടും ശ്രദ്ധിക്കൂ.

"റിപ്പബ്ലിക്കൻ ഭരണവ്യവസ്ഥയുടെ അടിസ്ഥാനം നന്മയാണ്. അപ്രകാരമുള്ള നന്മ സ്ഥാപിക്കാൻ ഭയം, നീതി, ദയ എന്നിവ ഉപയോഗിക്കേണ്ടിവരും. നമ്മുടെ രാജ്യത്ത് സ്വാർത്ഥതയ്ക്ക് പകരം ധാർമ്മികതയും സത്യസന്ധതയ്ക്ക് പകരം മഹിമയും സ്വഭാവത്തിനുപകരം ആചാരങ്ങളും കടമകളും ബാഹ്യമോടിയുടെ നിഷ്ഠൂരവാഴ്ചയ്ക്കുപകരം വിവേകത്തിൻെറ സാമ്രാജ്യം ദാരിദ്ര്യത്തോടുള്ള ശത്രുതയ്ക്ക് പകരം തിന്മയോടുള്ള ശത്രുതയും ധിക്കാരത്തിനുപകരം അന്തസ്സും പൊങ്ങച്ചത്തിനു പകരം മഹാമനസ്കതയും ധനത്തിനുപകരം മഹിമയോടുള്ള സ്നേഹവും നല്ല കൂട്ടുകാർക്ക് പകരം നല്ല ജനതയും കഥായുക്തിപകരം കഴിവും നന്മസംഭാഷണത്തിനു പകരം പ്രതിമയും തിളക്കത്തിനു പകരം സത്യവും സുഖഭോഗങ്ങളുടെ മടുപ്പിനു പകരം സന്തോഷത്തിന്റെ പ്രസരിപ്പും മഹത്വത്തിൻെറ അല്പതരത്തിനു പകരം

മനുഷ്യൻെറ മഹിമയും നല്ല പെരുമാറ്റവും ഉപയോഗശൂന്യമായതും ദുഷിച്ചതുമായ ജനതയ്ക്ക് പകരം ദാനശീലരും സന്തോഷവാനായ ജനതകളും - ചുരുക്കിപറഞ്ഞാൽ രാജ്യഭരണത്തിൻെറ എല്ലാവിധ വ്യത്തികേടുകളേയും തിന്മകളെയും മാറ്റി റിപ്പബ്ലിക്കിൻെറ നന്മയേയും അത്ഭുതങ്ങളേയും കൊണ്ടുവരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## ഏകാധിപത്യ അഹങ്കാരം

റോബി സ്പിയർ ബാക്കിയുള്ള മനുഷ്യരാശിയുടേതിൽ നിന്നും എത്ര ഉന്നതിയിലാണ് അദേഹത്തെതന്നെ പ്രതിഷ്ഠിച്ചിരിക്കുന്നത്. അദ്ദേഹത്തിൻെറ വാക്കുകളിലെ അഹങ്കാരം പ്രകടമാണ്. അദ്ദേഹം മാനവധർമ്മത്തിൻെറ മഹത്തായ ഉയർത്തെഴുന്നേല്പിന് വേണ്ടിയല്ല നിലകൊള്ളുന്നത്. നല്ലരീതിയിൽ നടക്കുന്ന ഒരു ഭരണകൂടത്തിൽ നിന്നും അദ്ദേഹം അത് പ്രതീക്ഷിക്കുന്നില്ല. അദ്ദേഹത്തിന് സ്വയം മാനവരാശിയെ ഉടച്ചുവാർക്കണം. അതും ബലപ്രയോഗത്തിലൂടെ ഒരു വിപ്ലവ സർക്കാരിനെ നയിക്കേണ്ട ധാർമ്മികമൂല്യങ്ങളെ സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ ഒരു പ്രസംഗത്തിൽ നിന്നാണ് അദ്ദേഹത്തിൻെറ മേൽപറഞ്ഞ പഴകിയതും തമ്മിൽ പൊരുത്തപ്പെടാത്തതുമായ പ്രഖ്യാപനങ്ങൾ എടുത്തിട്ടുള്ളത്. റോബി സ്പിയറും ഏകാധിപത്യമെന്ന ആശയം ഒരു വിദേശ ശക്തിയുടെ ആക്രമണത്തെ ചെറുക്കുവാനും എതിരാളികളെ അടിച്ചമർത്തുവാനും മതിയായിട്ടുള്ളതല്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. യഥാർത്ഥത്തിൽ അദ്ദേഹത്തിൻെറ ധാർമ്മിക മൂല്യങ്ങൾ ബലമായി രാജ്യത്തുതന്നെ അടിച്ചേല്പിക്കുവാനുള്ള ഒരു ഉപാധിയായിട്ടാണ് ഏകാധിപത്യത്തെ കാണുന്നത്. അദ്ദേഹം അവകാശപ്പെടുന്നത് ഇപ്രകാരമുള്ള ഏകാധിപത്യം പുതിയ ഭരണഘടന വരുന്നതിനു മുമ്പുള്ള ഒരു താല്ക്കാലിക സംവിധാനമാണെന്നതാണ്. എന്നാൽ യഥാർത്ഥത്തിൽ അദ്ദേഹത്തിൻെറ ഉദ്ദേശ്യം ഫ്രാൻസിൽ നിന്നും ഭയത്തെ ഉപയോഗിച്ച് സ്വാർത്ഥതയും അഭിമാനവും ആചാരങ്ങളും സ്വഭാവങ്ങളും പരിഷ്കാരങ്ങളും ധനത്തോടുള്ള സ്നേഹം നല്ല കൂട്ടുചേരലുകളും നർമ്മവും ദാരിദ്ര്യവും  കാമാസക്തി ഇല്ലാതെയാക്കുക എന്നതിൽ കുറഞ്ഞ മറ്റൊന്നുമില്ല. റോബ് സ്പിയർ അദ്ദേഹംതന്നെ വിശേഷിപ്പിച്ച മേൽപ്രകാരമുള്ള അത്ഭുതങ്ങൾ വന്നല്ലാതെ നിയമവാഴ്ച വീണ്ടും പുലരുവാൻ അനുവദിക്കുകയില്ല.

## ഏകാധിപത്യത്തിലേയ്ക്കുള്ള നേരിട്ടല്ലാത്തതായിട്ടുള്ള ഒരു വഴി

എന്നാൽ മേൽപറഞ്ഞ മാന്യന്മാർ അതായത് പരിഷ്കർത്താക്കൾ, നിയമജ്ഞർ, എഴുത്തുകാർ തുടങ്ങിയവർ മനുഷ്യരാശിക്കുമേൽ നേരിട്ടുള്ള ഏകാധിപത്യം

അടിച്ചേല്പിക്കുവാൻ ആഗ്രഹിക്കുന്നവരല്ല. അവർ അപ്രകാരം നേരിട്ടുള്ള നടപടിയെടുക്കുവാൻ കഴിയാത്തത്ര മിതവാദികളും മനുഷ്യ സ്നേഹികളുമാണ്. അതിനാൽ അവർ അപ്രകാരമുള്ള ഒരു ഏകാധിപത്യത്തേയും സമഗ്രാധിപത്യത്തേയും ഏകശിലാ വാദത്തേയും നടപ്പിലാക്കാൻ നിയമത്തെ ഉപയോഗിക്കുന്നു. അവർ നിയമം ഉണ്ടാക്കുവാൻ മാത്രം ആഗ്രഹിക്കുന്നു.

ഇപ്രകാരമുള്ള ഭ്രാന്തൻ ആശയം ഫ്രാൻസിൽ നടമാടുന്നുണ്ടെന്ന് കാണിക്കുവാൻ എനിയ്ക്ക് മാബ്ലി - റെയ്നാൽ റൂസോ, ഫെനലോൺ തുടങ്ങിയവരുടെ മുഴുവൻ കൃതികളും മൊണ്ടെസ്കോയുടെയും ബോസെ തുടങ്ങിയവരുടേയും വലിയ ലേഖനങ്ങളും ഇവിടെ പകർത്തേണ്ടിവരും. അതുമാത്രമല്ല കൺവെൻഷനിലെ മുഴുവൻ നടപടികളും ഇവിടെ ഉദ്ധരിക്കേണ്ടിവരും. ഞാൻ അപ്രകാരം ചെയ്യുന്നില്ല. ഞാൻ അതിനെപ്പറ്റി പരാമർശിക്കുകമാത്രമേ ചെയ്യുകയുള്ളൂ.

## നെപ്പോളിയന് വേണ്ടത് ചലനാത്മകമല്ലാത്ത മനുഷ്യരാശി

നെപ്പോളിയനെ (Neppolean) ഇതേ ആശയങ്ങൾ വലിയതോതിൽ സ്വാധീനിച്ചിട്ടുണ്ടെന്ന കാര്യം അത്ഭുതപ്പെടുത്തുന്നതല്ല. അദ്ദേഹം ഈ ആശയങ്ങളെ നെഞ്ചോട് ചേർത്ത് വയ്ക്കുകയും വ്യാപകമായി ഉപയോഗിക്കുകയും ചെയ്തു. ഒരു രസതന്ത്രജ്ഞനെപ്പോലെ മുഴുവൻ യൂറോപ്യനേയും നെപ്പോളിയൻ തന്റെ പരീക്ഷണശാലയായി കണക്കാകിക. എന്നാൽ കുറച്ചുകാലം കഴിഞ്ഞപ്പോൾ പരീക്ഷണ പദാർത്ഥങ്ങൾ തന്നെ അദ്ദേഹത്തിനെതിരെ തിരിയുകയും ചെയ്തു.

വളരെയധികം മാനസികമായി തകർന്ന നെപ്പോളിയൻ സെൻറ് ഹെലീനയിൽ വച്ച് മനുഷ്യരാശിയുടെ സ്വന്തം കഴിവുകളിലെ ചിലതിനെ അംഗീകരിച്ചതായി കാണാം. അപ്രകാരം അദ്ദേഹം സ്വാതന്ത്ര്യത്തോടുള്ള തൻെറ എതിർപ്പ് കുറച്ചു. എന്നാലും അദ്ദേഹത്തിൻെറ മരണപത്രത്തിൽ തൻെറ മകനോട് പഠിക്കാനാവശ്യപ്പെടുന്ന പാഠം ഇപ്രകാരമായിരുന്നു "ഭരിക്കുക എന്നാൽ സന്തോഷവും വിദ്യാഭ്യാസവും ധാർമ്മിക മൂല്യങ്ങളും കൂട്ടുകയും വളർത്തുകയുമാണ്."

ഇതിനുശേഷം ഇതേ അഭിപ്രായമുള്ള മോറല്ലി (Morelly), ബാബൂഫ് (Babeuf), ഓവൻ (Owen), സെയിന്റ് സൈമൺ (Saint Simon), ഫോറിയെർ (Fourier) എന്നിവരുടെ വാചകങ്ങൾ ഇവിടെ പ്രതിപാദിക്കേണ്ടതില്ല. എന്നാൽ ലൂയിസ് ബ്ലാങ്ങി (Loui Blang)ൻെറ ഓർഗനൈസേഷൻ ഓഫ് ലേബർ (Organisation of Labour) എന്ന പുസ്തകത്തിലെ ചില വരികൾ ഇപ്രകാരമാണ്. "നമ്മുടെ പദ്ധതിപ്രകാരം സമൂഹത്തിന് ചലനാത്മകത വരുന്നത്

അധികാരത്തിൽ നിന്നാണ്" ഇപ്രകാരമുള്ള ചലനാത്മകത സമൂഹത്തിന് കിട്ടുന്നത് ലൂയിസ് ബ്ലാങ്ങിന്റെ അഭിപ്രായത്തിൽ ഒരു പദ്ധതിയിലൂടെയാണ്. അദ്ദേഹത്തിന്റെ പദ്ധതി സമൂഹത്തിൽ അടിച്ചേല്പിക്കലാണ്. സമൂഹമെന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യരാശിയാണ്. അങ്ങനെവരുമ്പോൾ മനുഷ്യരാശിക്ക് ചലനാത്മകത കിട്ടുന്നത് ലൂയിസ് ബ്ലാങ്ങിൽ നിന്നാണ്.

ജനങ്ങൾക്ക് ഇപ്രകാരമുള്ള പദ്ധതി നിരാകരിക്കാനോ, സ്വീകരിക്കാനോ അവകാശമുണ്ടെന്ന് വേണമെങ്കിൽ പറയാം. അതുപോലെതന്നെ ജനങ്ങൾക്ക് കിട്ടുന്ന ഉപദേശങ്ങൾ സ്വീകരിക്കാനും നിരാകരിക്കാനും അവകാശമുണ്ട്. എന്നാൽ ലൂയി ബ്ലാങ്ങിന്റെ് അപ്രകാരമുള്ള ഒരു വ്യവസ്ഥയെ മനസ്സിലാക്കുന്നില്ല. അദ്ദേഹത്തിന്റെ പദ്ധതിയെ നിയമപരമായി നിയമത്തിന്റെ ശക്തി ഉപയോഗിച്ച് ജനങ്ങളിൽ അടിച്ചേല്പിക്കാനാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്.

നമ്മുടെ പദ്ധതിയനുസരിച്ച് സർക്കാർ വ്യാവസായിക പുരോഗതി ഉറപ്പാക്കുന്ന നിയമങ്ങൾ മാത്രം ഉണ്ടാക്കിയാൽ മതി. മറ്റെല്ലാ കാര്യത്തിലും സ്വാതന്ത്ര്യം നിലനിറുത്തണം. സർക്കാർ സമൂഹത്തെ ഈ ചായ്‌വിൽ ഇറങ്ങാൻ തക്ക വിധത്തിൽ നിർത്തിയാൽ മാത്രം മതി. സ്വാഭാവിക ശക്തിയുടെ സഹായത്താൽ സമൂഹം താനേ ഊർന്നുവരികയും ഒരു വ്യവസ്ഥാപിത സംവിധാനം സ്വാഭാവികമായി പരിണമിക്കുകയും ചെയ്യും.

എന്നാൽ ലൂയിസ് ബ്ലാങ് ഉദ്ദേശിച്ച ഇറക്കം എന്താണ്? അത് ഒരു ദുരന്തത്തിലേയ്ക്ക് നയിക്കുന്നോ? അല്ലെങ്കിൽ നന്മയിലേയ്ക്ക് നയിക്കുന്നോ? അദ്ദേഹത്തിന്റെ ആശയം ശരിയാണെങ്കിൽ സമൂഹം എന്തുകൊണ്ട് സ്വമേധയാ അവിടേയ്ക്ക് ചലിക്കുന്നില്ല? (സമൂഹം ചലനാത്മകമല്ലെന്നും അതിനെ ചലിപ്പിക്കുകയേ നിവൃത്തിയുള്ളൂ എന്നുമാണല്ലോ) എന്തുപയോഗിച്ചാണ് ചലിപ്പിക്കുന്നത്? ("അധികാരം") ഈ അധികാരത്തിലേയ്ക്കുള്ള ശക്തി ആരു നല്കും? (സംശയം എന്ത് യന്ത്രത്തിന്റെ ഉപജ്ഞാതാവ് ഇക്കാര്യത്തിൽ ലൂയി ബ്ലാങ്).

## സോഷ്യലിസത്തിന്റെ ദൂഷ്യവലയം

ചലനാത്മകമല്ലാത്ത മനുഷ്യസമൂഹമെന്ന ആശയവും മഹാന്മാർ നിയമം ഉപയോഗിച്ച് ജനങ്ങളെ ചലിപ്പിക്കുന്ന ആശയവും ഈ രണ്ട് കാര്യങ്ങളിൽ നിന്നും നമുക്ക് മോചനമില്ല.

ഇപ്രകാരമുള്ള സമൂഹത്തിൽ സ്വാതന്ത്ര്യം ഉണ്ടാകുമോ? എന്ത് സ്വാതന്ത്ര്യമാണ് മിസ്റ്റർ ലൂയിസ് ബ്ലാങ് ? സ്വാതന്ത്ര്യമെന്നത് ആരും ദാനം ചെയ്യുന്ന അവകാശമല്ല.

അവസാനമായി പറയട്ടേ, സ്വാതന്ത്ര്യം എന്നത് ഒരു വ്യക്തിക്ക് നിയമത്തിൻെറ പരിരക്ഷണയിൽ നിയമവാഴ്ചയ്ക്കുള്ളിലും ഒരു മനുഷ്യൻെറ കഴിവുകൾ പ്രയോഗിക്കാനും അവ വികസിക്കാനുള്ള അവസരമാണ്.

ഇത് ഒരു വെറും നിരർത്ഥകമായ വ്യത്യാസമല്ല. ഇതിൻെറ അർത്ഥവ്യാപ്തി വളരെ ആഴമുള്ളതും ഇതിൻെറ ഫലം പ്രവചിക്കാൻ പറ്റാത്തതുമാണ്. ഒരു മനുഷ്യൻ യഥാർത്ഥത്തിൽ സ്വതന്ത്രനാകണമെങ്കിൽ അയാളുടെ കഴിവുകൾ ഉപയോഗിക്കുവാനും വികസിപ്പിക്കുവാനുമുള്ള അവസരങ്ങൾ കിട്ടണമെന്ന് സമ്മതിച്ചാൽ അപ്രകാരം സ്വയം വികസിക്കുവാനുള്ള അവസരം നേടാനുള്ള വിദ്യാഭ്യാസം സമൂഹത്തിലെ എല്ലാ പൗരന്മാർക്കും അവകാശപ്പെട്ടതാണ്. പൗരന്മാർക്ക് ഉത്പാദിപ്പിക്കാനുള്ള ആയുധങ്ങൾക്കുള്ള അവകാശം സമൂഹത്തിലെ എല്ലാ പൗരന്മാർക്കും സ്വാഭാവികമായും ഉണ്ടാകുന്നതാണ്. എന്തെന്നാൽ ഉത്പാദിപ്പിക്കുവാനുള്ള ആയുധങ്ങൾ ഇല്ലാതെ മനുഷ്യന് പ്രവർത്തി ചെയ്യാൻ സാധ്യമാകുന്നതല്ല. രാജ്യത്തിൻെറ നടപടികൾമൂലമല്ലാതെ സമൂഹത്തിനും വ്യക്തികൾക്കും മേൽപ്രകാരമാവശ്യമുള്ള വിദ്യാഭ്യാസവും നിർമ്മിക്കാനുള്ള ഉപകരണവും എങ്ങനെ കൊടുക്കുവാനാവും.

സ്വാതന്ത്ര്യം അധികാരമാണ്. എന്നാൽ ഈ അധികാരത്തിൽ എന്തൊക്കെ അടങ്ങിയിട്ടുണ്ട് ? വിദ്യാഭ്യാസത്തിനുള്ള അവകാശവും പണിയായുധങ്ങൾക്കുള്ള അവകാശവും. ആരാണ് വിദ്യാഭ്യാസവും ഉത്പാദനത്തിനുള്ള ആയുധങ്ങളും നല്കേണ്ടത്? എല്ലാവർക്കും കൊടുക്കാനുള്ള സമൂഹത്തിനാണ്. സമൂഹം എന്ത് നടപടികൾ പ്രകാരമാണ് ഉത്പാദനത്തിനുള്ള ആയുധങ്ങൾ അതില്ലാത്തവന് കൊടുക്കേണ്ടത്? ഭരണകൂട നടപടികൾ ഉപയോഗിച്ച് രാജ്യം ഭരണകൂടം ഇത് ആരിൽ നിന്ന് എടുത്തുകൊടുക്കും.

അതിനുത്തരം വായനക്കാർ നല്കട്ടേ. ഈ ചിന്ത നമ്മളെ എങ്ങോട്ടാണ് നയിക്കുന്നതെന്നും വായനക്കാർ മനസ്സിലാക്കട്ടെ.

## ജനാധിപത്യവാദികളുടെ സിദ്ധാന്തം

നമ്മുടെ മുൻഗാമികളെ അത് അത്ഭുതപ്പെടുത്തുമായിരുന്ന ഒരു പുതിയ സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്. ആ സിദ്ധാന്തം മൂന്ന് ഉദാഹരണങ്ങളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

1. മനുഷ്യ സമൂഹത്തിൻെറ മുഴുവനായിട്ടുള്ള നിശ്ചലാവസ്ഥ.
2. നിയമത്തിൻെറ സർവ്വശക്തി.
3. തെറ്റുപറ്റാത്ത നിയമ നിർമ്മാതാവ്.

അടിമുതൽ മുടിവരെ ജനാധിപത്യവാദികൾ പ്രഖ്യാപിക്കുന്നവരുടെ പരിപാവനമായ ചിഹ്നങ്ങളാണ് മേൽപറഞ്ഞ മൂന്ന് സിദ്ധാന്തങ്ങൾ.

ജനാധിപത്യവാദികളുടെ സാമൂഹികമായി ചിന്തിക്കുമെന്നും പ്രഖ്യാപിക്കുന്നവരാണ് ജനാധിപത്യവാദികളായതുകൊണ്ട് അവർക്ക് മനുഷ്യ സമൂഹത്തിൽ നിസ്സീമമായ വിശ്വാസമുണ്ട്. അവർ സാമൂഹികമായി ചിന്തിക്കുന്നുവെന്ന് അവകാശപ്പെടുന്നതുകൊണ്ട് അവർ മനുഷ്യരാശിയെ വെറും കളിമണ്ണിനേക്കാൾ കുറച്ചുകൂടി നല്ലതായിട്ടാണ് കണക്കാക്കുന്നത്. ഈ വൈവിദ്ധ്യങ്ങളെ കുറച്ചുകൂടി നന്നായി നമുക്ക് പരിശോധിക്കാം.

രാഷ്ട്രീയ അധികാരങ്ങളെപ്പറ്റിയുള്ള ചർച്ച നടക്കുമ്പോൾ ജനാധിപത്യവാദിയുടെ മനോഭാവം എന്തായിരിക്കും. നിയമനിർമ്മാതാവിനെ തെരഞ്ഞെടുക്കുമ്പോൾ ജനങ്ങളെ അയാൾ എങ്ങനെ പരിഗണിക്കും? അപ്പോൾ ജനാധിപത്യവാദികളുടെ ഉത്തരം ജനങ്ങൾക്ക് സ്വമേധയുള്ള ബുദ്ധിവൈഭവം ഉണ്ടെന്നും, അവർക്ക് കാര്യങ്ങളെ തിരിച്ചറിയാനുള്ള ഏറ്റവും നല്ല കഴിവുണ്ടെന്നും, അവരുടെ തീരുമാനം എപ്പോഴും ശരിയായിരിക്കുമെന്നും, പൊതുവായ ഒരു തീരുമാനം തെറ്റുകയില്ലായെന്നും മറ്റുമായിരിക്കും, എന്നാൽ സമ്മതിദായക അവകാശം മുഴുവനായും സാർവ്വത്രികമാക്കാൻ പറ്റുകയില്ല എന്നും പറയാം.

വോട്ട് ചെയ്യുന്ന സമയത്ത് ഒരു വോട്ടറോട് അയാൾക്ക് ബുദ്ധിശക്തിയുണ്ടെന്ന് ഉറപ്പുതരണമെന്ന് നിഷ്കർഷിക്കാൻ പറ്റുകയില്ല. ഒരു വോട്ടർക്ക് നല്ലയാളെ തിരഞ്ഞെടുക്കാനുള്ള ബുദ്ധിശക്തിയും തീരുമാനമെടുക്കാനുള്ള കഴിവുണ്ടെന്നും നമുക്ക് വിശ്വസിക്കാനേ പറ്റുന്നുള്ളൂ. എന്നാൽ ജനങ്ങൾക്ക് തെറ്റു പറ്റിയാലോ? നമ്മൾ പ്രബോധനത്തിൻെറ കാലഘട്ടത്തിലല്ലേ ജീവിക്കുന്നത്. ജനങ്ങളെ എപ്പോഴും കെട്ടിയിട്ടിരിക്കുകയാണോ? അവർ അവരുടെ അവകാശങ്ങൾ നേടിയെടുത്തത് മഹത്തായ പ്രവർത്തികൾ കൊണ്ടും ത്യാഗങ്ങൾ കൊണ്ടുമല്ലേ? അവർക്കുള്ള ബുദ്ധിശക്തിയും വിവേകവും അവർ നിരവധി തവണ തെളിയിച്ചിട്ടുണ്ടല്ലോ! അവർ പ്രായപൂർത്തിയായവരല്ലേ? അവർക്ക് സ്വന്തം തീരുമാനങ്ങളെടുക്കുവാൻ കഴിവുള്ളവരല്ലേ ? അവർക്ക് ഏറ്റവും നല്ലത് ഏതെന്ന് അറിവുള്ളവരല്ലേ ? ജനങ്ങൾക്കുവേണ്ടി തീരുമാനമെടുക്കാനും കാര്യങ്ങൾ ചെയ്യാനും കെൽപ്പുണ്ടെന്ന് സ്വയം പ്രഖ്യാപിച്ച് ജനങ്ങളുടെ മുകളിൽ സ്വയം പ്രതിഷ്ഠിക്കാൻ തൻേറടമുള്ള ഒരു വ്യക്തിയോ, ഒരുകൂട്ടം വ്യക്തികളുമുണ്ടോ? ഇല്ല, ഇല്ല. ജനങ്ങൾ സ്വതന്ത്രരാണ്, അല്ലെങ്കിൽ അവർ സ്വതന്ത്രരാവണം. അവർ അവരുടെ കാര്യങ്ങൾ നോക്കി നടത്താൻ ആഗ്രഹിക്കുകയും അവർ അത് ചെയ്യുകയും ചെയ്യും.

എന്നാൽ നിയമനിർമ്മാതാവിനെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ അയാളുടെ വാക്കുകളും സ്വരത്തിലും വലിയ മാറ്റങ്ങൾ വരും. ജനങ്ങൾ നിശ്ചലാവസ്ഥയിലേയ്ക്കും നിശ്ചേതനയിലേക്കും അബോധാവസ്ഥയിലേയ്ക്കും തിരിച്ചുപോവുകയും നിയമനിർമ്മാതാവ് അപ്രമാദിത്വത്തിലേക്കും കടക്കുകയും ചെയ്യും. നിയമനിർമ്മാതാവാണ് ഇനി കാര്യങ്ങൾ കാര്യങ്ങൾ സംഘടിക്കുകയും, തുടങ്ങുകയും, നിർദ്ദേശിക്കുകയും, ചലിപ്പിക്കുകയും ചെയ്യുന്നത്. ഏകാധിപത്യത്തിൻെറ മുഹൂർത്തമെത്തിയ സ്ഥിതിയിൽ മനുഷ്യ സമൂഹത്തിന് മുട്ടുമടക്കിയാൽ മാത്രം മതി. നമ്മൾ മേൽപറഞ്ഞ മാരകമായ ആശയം ശിരസ്സാവഹിക്കുന്നു. തെരഞ്ഞെടുപ്പ് സമയത്ത് ബുദ്ധിമാന്മാരും ധർമ്മിഷ്ഠരും എല്ലാം തികഞ്ഞതുമായിരുന്ന ജനത്തിന് ഇപ്പോൾ യാതൊരു ഗതിയുമില്ലാതെ അഥവാ എന്തെങ്കിലും ഗതിയുണ്ടെങ്കിൽ അത് പതനത്തിലേയ്ക്കുള്ള താഴോട്ടുള്ള ഇറക്കം മാത്രമായി തീരുന്നു.

## സ്വാതന്ത്ര്യമെന്ന ആശയം സോഷ്യലിസ്റ്റുകളുടെ കാഴ്ചപ്പാടിൽ

എങ്കിലും മനുഷ്യർക്ക് കുറച്ചൊക്കെ സ്വാതന്ത്ര്യം വേണ്ടേ? എന്നാൽ മിസ്റ്റർ കൺസിഡറന്റ് (Mr. Considerant) നമ്മളെ വിശ്വസിപ്പിച്ചിരിക്കുന്നത് സ്വാതന്ത്ര്യം കുത്തകവത്ക്കരണത്തിലേയ്ക്ക് തീർച്ചയായും നയിക്കുമെന്നാണ്.

സ്വാതന്ത്ര്യമെന്നാൽ മത്സരമാണെന്നുള്ളത് നമുക്ക് അറിവുള്ള കാര്യമാണ്. എന്നാൽ ലൂയിസ് ബ്ലാങിൻെറ അഭിപ്രായത്തിൽ മത്സരമെന്ന സംവിധാനം, കച്ചവടക്കാരെ നശിപ്പിക്കാനും ജനങ്ങളെ സർവ്വനാശത്തിലേക്കും നയിക്കുന്നതാണ്. അതുകൊണ്ടാണ് സ്വാതന്ത്ര്യത്തിൻെറ അളവനുസരിച്ച് സ്വതന്ത്ര മനുഷ്യർ നശിക്കുന്നതും ഇല്ലാതാകുന്നതും. (സ്വിറ്റസർലാന്റിലും, ഹോളണ്ടിലും, ഇംഗ്ലണ്ടിലും, അമേരിക്കൻ ഐക്യനാടുകളിലും മത്സരമുണ്ടാക്കിയ ഫലം മി. ലൂയിസ് ബ്ലാങിൻെറ തീർച്ചയായും പരിശോധിക്കേണ്ടതാണ്).

മിസ്റ്റർ ലൂയിസ് ബ്ലാങ് പറയുന്നത് മത്സരം കുത്തകവത്ക്കരണത്തിലേയ്ക്ക് നയിക്കും എന്നതാണ്. അതേകാരണങ്ങൾകൊണ്ട് അദ്ദേഹം നമ്മളോട് പറയുന്നത്. കുറഞ്ഞ വിലകൾ കൂടിയ വിലകളിലേയ്ക്ക് നയിക്കുമെന്നും ഉത്പാദക പ്രക്രിയയെ മത്സരം തകർച്ചയിലേയ്ക്ക് നയിക്കുമെന്നുമാണ്. കൂടാതെ മത്സരം വാങ്ങിക്കുവാനുള്ള ശേഷിയെ നശിപ്പിക്കുമെന്നും മത്സരശക്തികൾ ഉത്പാദന പ്രക്രിയയെ കൂട്ടുമെന്നും അതേസമയം ഉപഭോഗത്തെ കുറയ്ക്കുമെന്നുമാണ്. ഇപ്രകാരമാണെങ്കിൽ സ്വതന്ത്ര മനുഷ്യർ ഉല്പാദിപ്പിക്കുന്നത് ഉപഭോഗത്തിനല്ലെന്നും സ്വാതന്ത്ര്യം എന്നതിനർത്ഥം ജനങ്ങളുടെ ഭ്രാന്തും അടിച്ചമർത്തലു

മാണെന്നും അത് പരിഹരിക്കാൻ മി. ലൂയിസ് ബ്ലാങിൻെറ നിശ്ചയമായും വേണമെന്നുമാണ്.

## സോഷ്യലിസ്റ്റുകൾക്ക് എല്ലാ സ്വാതന്ത്ര്യത്തേയും ഭയമാണ്

എപ്രകാരമുള്ള സ്വാതന്ത്ര്യമാണ് ജനങ്ങൾക്ക് നിയമനിർമ്മാതാവ് സമ്മതിച്ചു കൊടുക്കേണ്ടത് ?

മനസാക്ഷിയനുസരിച്ച് ചിന്തിക്കുവാനുള്ള സ്വാതന്ത്ര്യമാണ്. (അപ്രകാരമുള്ള സ്വാതന്ത്ര്യം അനുവദിച്ചാൽ ജനങ്ങളെല്ലാം ഈ അവസരം ഉപയോഗിച്ച് നിരീശ്വരവാദികളാകുമെന്ന അവസ്ഥ നമ്മൾക്ക് കാണേണ്ടിവരും).

എങ്കിൽ വിദ്യാഭ്യാസത്തിനുള്ള സ്വാതന്ത്ര്യമാണോ കൊടുക്കേണ്ടത് ? (അപ്രകാരമായാൽ മാതാപിതാക്കൾ അദ്ധ്യാപകരെ പണംകൊടുത്ത് സ്വാധീനിച്ച് അവരുടെ കുട്ടികളെ അധാർമ്മികവും തെറ്റുമായ കാര്യങ്ങൾ പഠിപ്പിക്കാൻ ശ്രമിക്കും. മാത്രമല്ല ദെയേഴ്സിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസം ദേശീയമായി സ്വതന്ത്ര്യമാക്കിയാൽ അത് ദേശീയമല്ലാതാവുകയും നമ്മുടെ കുട്ടികളെ, നമ്മൾ തുർക്കികളുടേയും ഹിന്ദുക്കളുടേയും ആശയങ്ങൾ പഠിപ്പിക്കുകയും ചെയ്യും. എന്തായാലും നമ്മുടെ വിദ്യാഭ്യാസത്തിൽ നമുക്കുള്ള നിയമപരമായ ഏകാധിപത്യംമൂലം നമ്മുടെ കുട്ടികൾക്ക് റോമിന്റെ മഹത്തായ ആശയങ്ങൾ പഠിക്കുവാനുള്ള സൗഭാഗ്യം കൈവന്നിട്ടുണ്ട്.)

എങ്കിൽ തൊഴിൽപരമായ സ്വാതന്ത്ര്യമാണോ കൊടുക്കേണ്ടത്. (അപ്രകാരം വന്നാൽ മത്സരമായിരിക്കും ഫലം. ഉപഭോഗം ചെയ്യാത്ത ഉല്പന്നങ്ങൾമൂലം കച്ചവടങ്ങൾ നശിക്കുകയും ജനങ്ങൾതന്നെ ഇല്ലാതാവുകയും ചെയ്യും).

എങ്കിൽ കച്ചവട സ്വാതന്ത്ര്യമാണോ കൊടുക്കേണ്ടത്. (ചുങ്ക വീതത്തിൻെറ അപ്പസ്തോലന്മാർ വീണ്ടും വീണ്ടും തെളിയിച്ചതുപോലെ കച്ചവട സ്വാതന്ത്ര്യം അപ്രകാരം കച്ചവടം ചെയ്യുന്നയാളെത്തന്നെ നശിപ്പിക്കുമെന്നത് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് പുരോഗതി വേണമെങ്കിൽ കച്ചവട സ്വാതന്ത്ര്യത്തെ അടിച്ചമർത്തേണ്ടത് ആവശ്യമാണ്.)

എങ്കിൽ സംഘടിക്കാനുള്ള സ്വാതന്ത്ര്യമാണോ കൊടുക്കേണ്ടത്. (എന്നാൽ സോഷ്യലിസ്റ്റ് ചിന്താഗതിപ്രകാരം യഥാർത്ഥ സ്വാതന്ത്ര്യവും സ്വമേധയായുള്ള സംഘടനകളും വൈവിദ്ധ്യരൂപങ്ങളിലാണ് നിലയുറപ്പിച്ചിരിക്കുന്നത്. സോഷ്യലിസ്റ്റുകളെ സംബന്ധിച്ചിടത്തോളം സംഘടിക്കാനുള്ള അവകാശം അടിച്ചമർത്തിയതുകൊണ്ട് ജനങ്ങളെ യഥാർത്ഥ സ്വാതന്ത്ര്യത്തിനുവേണ്ടി ഒത്തുകൂടാൻ പ്രേരിപ്പിക്കുകയേയുള്ളൂ.)

മനുഷ്യസമൂഹം എല്ലാത്തരം നാശങ്ങളിലേക്കും അപകടങ്ങളിലേക്കും സദാ ചലിച്ചുകൊണ്ടിരിക്കുന്നയവസ്ഥയാണുള്ളത് എന്ന് സാമൂഹിക ജനാധിപത്യ വാദികൾ ഉറച്ച് വിശ്വസിക്കുന്നുണ്ട്. ജനങ്ങൾക്ക് യാതൊരുവിധ സ്വാതന്ത്ര്യം അനുവദിക്കാൻ ജനാധിപത്യ സാമൂഹ്യവാദികളുടെ മനസ്സ് അനുവദിക്കുന്നില്ല.

ഈ ചിന്താധാര നമ്മെകൊണ്ട് എത്തിക്കുന്നത് ചില വ്യക്തമായ ചോദ്യങ്ങളിലേക്കാണ്. ജനങ്ങൾ രാഷ്ട്രീയക്കാർ സൂചിപ്പിക്കുന്നതുപോലെ ഇത്രമാത്രം കഴിവുകെട്ടവരും അധാർമ്മികരും വിവരമില്ലാത്തവരുമാണെങ്കിൽ അവർക്ക് വോട്ട് ചെയ്യുവാനുള്ള അവകാശത്തെ എന്തിനാണ് ഇവർ ഇത്രമാത്രം ഉത്കൃഷ്ടമായ ആവേശത്തോടെ പരിരക്ഷിക്കുവാൻ വെമ്പുന്നത്.

## അമാനുഷികമായ ആശയം

മനുഷ്യത്വത്തിൻെറ സംഘാടകരെന്ന് പ്രഖ്യാപിക്കുന്ന മേൽപറഞ്ഞവരുടെ പ്രവൃത്തി, ഞാൻ അവരോട് പലപ്പോഴും ചോദിച്ചിട്ടുള്ളതും എനിക്ക് ഒരിക്കലും മറുപടി കിട്ടിയിട്ടില്ലാത്തതുമായ ചോദ്യത്തിലേയ്ക്കാണ് നമ്മെ നയിക്കുന്നത്. മനുഷ്യ സമൂഹത്തിൻെറ സ്വാഭാവിക ഗതി ഇത്രമാത്രം ചീത്തയായത് സ്വാതന്ത്ര്യം നല്കുന്നതും സുരക്ഷിതമല്ലാത്തതുമാണെങ്കിൽ ഈ സംഘാടകരുടെ സ്വഭാവവും ഗതിയും എല്ലായിപ്പോഴും ഇത്രനല്ലതാകുന്നത് എന്തുകൊണ്ട്? നിയമനിർമ്മാതാക്കളും അവർ നിയമിച്ച പ്രതിപുരുഷന്മാരും മനുഷ്യരാശിയിൽ പ്പെടുന്നവരല്ലേ? മനുഷ്യകുലം ഉണ്ടാക്കിയതിന് പുറമെ വിശിഷ്ടമായ മറ്റേതെങ്കിലും വസ്തുക്കൾകൊണ്ട് ഉണ്ടാക്കിയതാണോ, അവരെ ഉണ്ടാക്കിയിട്ടുള്ളത് സമൂഹത്തെ നിയന്ത്രിക്കാതിരുന്നാൽ അത് ജനങ്ങളുടെ സ്വാഭാവികമായ വഴിപിഴച്ചതായ സ്വഭാവംമൂലം അനിവാര്യമായ സർവ്വനാശത്തിലേക്ക് നയിക്കുമെന്നതാണ്, സംഘാടകരുടെ  അഭിപ്രായം നിയമനിർമ്മാതാക്കൾ അവകാശപ്പെടുന്നത് ഇപ്രകാരമുള്ള ആത്മഹത്യാപരമായ വഴിയിൽ നിന്ന് അവർ ജനങ്ങളെ നല്ല ദിശയിലേക്ക് നയിക്കുമെന്നതാണ് അപ്രകാരമാണെങ്കിൽ നിർമ്മാതാക്കൾക്കും സംഘാടകർക്കും മനുഷ്യസമൂഹത്തിന് മുകളിലായ അവരെ പ്രതിഷ്ഠിക്കാൻ അവർക്ക് സ്വർഗ്ഗത്തിൽ നിന്ന് ബുദ്ധിശക്തിയും നന്മയും കിട്ടിയിട്ടുണ്ടായിരിക്കണം. അപ്രകാരമുള്ള നന്മയും ബുദ്ധിശക്തിയും അവർക്കുണ്ടെങ്കിൽ അത് അവർ തെളിയിക്കട്ടെ.

നമ്മൾ ആടുകളും അവർ ആട്ടിടയന്മാരുമാകുന്ന സ്ഥിതിവിശേഷമുണ്ടാകും. ആ സ്ഥിതിവിശേഷത്തിൽ അവർക്ക് നമ്മളേക്കാൾ മേന്മ ഉണ്ടാകണമല്ലോ, ആയതിനാൽ നിമനിർമ്മാതാക്കളും സംഘാടകരും മേൽപറഞ്ഞ സ്വാഭാവിക മേന്മ

തെളിയിക്കണമെന്ന് ആവശ്യപ്പെടാൻ നമ്മൾക്ക് അവകാശമുണ്ട്.

## സ്വയം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ സോഷ്യലിസ്റ്റുകൾ നിരാകരിക്കുന്നു

സോഷ്യലിസ്റ്റുകൾക്ക് പുതിയ സാമൂഹ്യക്രമം കണ്ടുപിടിക്കുന്നതിനോ, പ്രചരിപ്പിക്കുന്നതിനോ, പരസ്യം ചെയ്യുന്നതിനോ, അതല്ല അവരിൽത്തന്നേയും അവരുടെ ചിലവിലും അവരുടെ ചേദത്തിലും നടപ്പിലാക്കുന്നതിനെ ഞാൻ എതിർക്കുന്നുവെന്ന് തെറ്റിദ്ധരിക്കരുത്. ഞാൻ എതിർക്കുന്നത് നിയമംമൂലം ബലമായി അവരുടെ ആശയങ്ങൾ അടിച്ചേല്പിക്കുന്നതിനേയും അതിനുള്ള ചിലവ് നമ്മൾ നല്കുന്ന നികുതി പണത്തിൽ നിന്നും ഈടാക്കുന്നതിനേയുമാണ്.

ഞാൻ മേൽപറഞ്ഞ വിവിധങ്ങളായ സാമൂഹ്യ ചിന്തകളുടെ പ്രയോക്താക്കളെ അതായത് ക്യബെനിസ്റ്റ്സുകൾ (Cabenists), ട്രോഡുഹെനാസെൻഡ് (Troduhenesd) കാവിറ്റീസ് (Cavitises), ഫോറിയറിസ്റ്റ്സ് (Fourierists), യൂണിവേഴ്സിറ്ററിസ്റ്റ്സുകൾ (Universitarists), പ്രൂഡോണിസ്റ്റ്സുകൾ (Proudhonists), അവരുടെ ആശയം വെടിയണമെന്നല്ല. ഞാൻ നിഷ്കർഷിക്കുന്നത് ഇവർക്കെല്ലാം പൊതുവായിട്ടുള്ള ഒരു ആശയം വെടിയണമെന്നു മാത്രമാണ്. അതായത് അവരുടെ വ്യാപാര നിയമങ്ങളും ഗ്രീക്ക്, റോമൻ ധാർമ്മിക മൂല്യങ്ങളും വായ്പാ ബാങ്കുകൾ എന്ന ആശയവും സാമൂഹ്യപദ്ധതികൾ എന്ന ആശയവും നമ്മുടെമേൽ അടിച്ചേല്പിക്കുകയും നമ്മളെ വിവിധതരം ഗണങ്ങളാക്കുകയും ചെയ്യുന്നത് അവസാനിപ്പിക്കണമെന്നുമാത്രമാണ്. മേൽപറഞ്ഞ പദ്ധതികൾ വേണമോ വേണ്ടയോ എന്നത് നമ്മൾതന്നെ തീരുമാനിക്കാനുള്ള അവകാശം നിഷേധിക്കരുതെന്നും നമ്മളുടെ മേൽ മേൽപറഞ്ഞ ആശയങ്ങൾ നേരിട്ടോഅല്ലാതെയോ അടിച്ചേല്പിക്കരുതെന്നും നമ്മൾക്ക് മേൽപറഞ്ഞ ആശയങ്ങൾ നമ്മുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്നോ, മനസാക്ഷിക്ക് വിരുദ്ധമാണെന്നോ, തോന്നുന്നുണ്ടെങ്കിൽ ആയത് നിരകാരിക്കാനള്ള അവകാശങ്ങൾ വേണം എന്നതുമാത്രമാണ്.

എന്നാൽ ഈ സംഘാടകർക്ക് നികുതി പണം നിർബന്ധമായി വേണമെന്നും അവരുടെ പദ്ധതികൾ നടപ്പിലാക്കാൻ നിയമത്തിന് ശക്തിവേണമെന്നും നിർബദ്ധമാണ്. ഈ ആഗ്രഹം നീതിരഹിതവും അടിച്ചമർത്തലും ആണെന്ന് മാത്രമല്ല, മനുഷ്യരാശി കഴിവുകെട്ടതാണെന്നും സംഘാടകർക്ക് തെറ്റുപറ്റിയില്ലായെന്നുമുള്ള ധാരണയിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതുമാണ്.

## ഫ്രഞ്ച് വിപ്ലവത്തിൻെറ കാരണങ്ങൾ

ആശയങ്ങളുടെ ഈ വൈരുധ്യങ്ങൾ സങ്കടകരമാണ് എന്ന് പറയട്ടേ, ഫ്രാൻസിലെ സംഭവങ്ങളിൽ സ്വാഭാവികമായും ഇത് കാണാം. ഉദാഹരണത്തിന് അവകാശങ്ങൾ കൃത്യമായി പറഞ്ഞാൽ രാഷ്ട്രീയ അവകാശങ്ങൾ നേടിയെടുക്കുന്നതിന് യൂറോപ്യൻകാരിൽ മുന്നിട്ടു നിന്നിരുന്നത് ഫ്രഞ്ചുകാരാണ്. എന്നാൽ ഈ വസ്തുത ഫ്രഞ്ച് പൗരന്മാരെ യൂറോപ്പിലെതന്നെ ഏറ്റവും കടിഞ്ഞാണിട്ടവരും വഞ്ചിക്കപ്പെട്ടവരും ഭരിക്കപ്പെട്ടവരുമാകുന്ന ജനതയാകുന്നതിൽ നിന്നും തടസ്സം നിന്നില്ല. മറ്റു രാജ്യങ്ങളിൽ നിന്നും വിഭിന്നമായി ഏതുസമയത്തും വിപ്ലവം വരാവുന്ന രാജ്യമായി ഫ്രാൻസ് മാറി. ഇത് ഒരു സ്വാഭാവിക പരിണാമം മാത്രമാണ്.

"അധികാരമാണ് സമൂഹത്തെ ചലിപ്പിക്കുന്നത്" എന്ന് മി. ലൂയിസ് ബ്ലാങ് പ്രഖ്യാപിച്ചത് മേൽപറഞ്ഞ ആശയങ്ങൾ രാഷ്ട്രതന്ത്രജ്ഞർ ഉൾക്കൊള്ളുന്നിടത്തോളം കാലം ഈ സ്ഥിതിവിശേഷം തുടരുകതന്നെ ചെയ്യും. മാനവർ നിശ്ചലരായിരിക്കുകയും അവരുടെ ക്ഷേമം വർദ്ധിപ്പിക്കുവാനും അവർക്ക് കഴിവില്ലായെന്ന് ധരിക്കുകയും അവരുടെ ബുദ്ധിശക്തിയും ഊർജ്ജവും കൊണ്ട് അവരുടെ സന്തോഷം വർദ്ധിപ്പിക്കാൻ അവർക്ക് സ്വയം കഴിവില്ലെന്ന് ധരിക്കുയും എല്ലാത്തിനും നിയമത്തെ ആശ്രയിക്കുകയും ചെയ്യുന്നതുമൂലം ഈ സ്ഥിതിവിശേഷം തുടരുകതന്നെ ചെയ്യും. ഈ അവസ്ഥ ആട്ടിൻപറ്റവും ആട്ടിടയനും തമ്മിലുള്ള ബന്ധംപോലെയാണ്.

## ഭരണകൂടത്തിന്റെ വിപുലമായ ശക്തി

ഈ ആശയം നിലവിലുള്ളിടത്തോളം ഭരണകൂടത്തിന്റെയും രാജ്യത്തിൻെറയും ഉത്തരവാദിത്വം വളരെ വലുതാണ്. രാഷ്ട്രീയഭരണത്തെ ആശ്രയിച്ചാണ് നല്ല ഫലങ്ങളും ചീത്ത ഫലങ്ങളും സ്വത്തും ദാരിദ്ര്യവും സമത്വവും അസമത്വവും നന്മയും തിന്മയും നിലകൊള്ളുന്നത്. രാജ്യത്തിൻെറയും ഭരണത്തിൻെറയും ചുമലിലാണ് എല്ലാം. എല്ലാം ചെയ്യുന്നതും ഏറ്റെടുക്കുന്നതും, അതുകൊണ്ടു തന്നെ എല്ലാത്തിനും ഉത്തരവാദി രാജ്യവും ഭരണകൂടവുമാണ്.

നമ്മൾക്ക് നല്ലത് വന്നാൽ അത് ഭരണത്തിന്റെ കഴിവും അതുവഴി നമ്മൾക്കുള്ള ചാരിതാർത്ഥ്യവും ഉണ്ടെന്ന് വരുകിൽ, അതുപോലെതന്നെ നമ്മൾക്ക് ആപത്തുവരുമ്പോൾ അതിൻെറ കുറ്റവും ഭരണവും രാജ്യവും വഹിക്കണം. എന്തുകൊണ്ടെന്നാൽ നമ്മുടെ വ്യക്തിത്വവും സ്വത്തുക്കളും രാജ്യത്തിൻെറ വിക്രിയത്തിലല്ലേ? നിയമം സർവ്വശക്തിയുള്ളതല്ലേ?

രാജ്യം വിദ്യാഭ്യാസത്തിലുള്ള കുത്തക ഏറ്റെടുക്കുമ്പോൾ കുടുംബനാഥന്മാർക്കുള്ള പ്രതീക്ഷകൾക്കും രാജ്യം ഉത്തരം പറയേണ്ടിവരും. അപ്രകാരമുള്ള പ്രതീക്ഷകൾ തകർന്നാൽ അതിന് ഉത്തരവാദിയുമായിരിക്കും? വ്യവസായങ്ങളെ ക്രമീകരിക്കുമ്പോൾ രാജ്യം പുരോഗതി ഉറപ്പുതരുന്ന കരാറിലാണ് ഏർപ്പെടുന്നത്. അല്ലെങ്കിൽ വ്യവസായങ്ങൾക്കുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്നത് വിഢ്ഢിത്തമാണ്. അപ്പോൾ വ്യവസായങ്ങൾ തകർന്നാൽ ആരായിരിക്കും ഉത്തരവാദി?

ചുങ്കങ്ങൾ ഏർപ്പെടുത്തി കച്ചവടത്തിൻെറ സമതുലനാവസ്ഥയിൽ ഇടപെടുന്ന സർക്കാർ കച്ചവടത്തെ അഭിവൃദ്ധിപ്പെടുത്താവുന്ന കരാറിലാണ് ഏർപ്പെടുന്നത്. അപ്രകാരമുള്ള കച്ചവടത്തിൽ നഷ്ടം സംഭവിച്ചാൽ ആരാണ് ഉത്തരവാദി?

സമുദ്രോല്പാദക വ്യവസായങ്ങൾക്ക് സ്വാതന്ത്ര്യത്തിനുപകരം സംരക്ഷണം വാഗ്ദാനംചെയ്യുന്ന സർക്കാർ ആ വ്യവസായത്തെ ലാഭകരമാക്കാമെന്ന് ഉറപ്പു നല്കുകയാണ് ചെയ്യുന്നത്. എന്നാൽ അത് നികുതിദായകന് ഒരു ബാദ്ധ്യത ആവുകയാണെങ്കിൽ അതിന് ഉത്തരവാദിയാരാണ് ?

അതുകൊണ്ട് എല്ലാ പരാതികൾക്കും സർക്കാർ ഉത്തരവാദികളാണ്. ഓരോ തോൽവിയും വീണ്ടും ഒരു ഫ്രഞ്ച് വിപ്ലവത്തിൻെറ സാധ്യത കൂട്ടുകയല്ലേ ചെയ്യുന്നത്.

ഇതിന് ഒരു പരിഹാരമെന്താണ്? നിയമത്തിൻെറ വ്യാപ്തി അനന്തമായി കൂട്ടിക്കൂട്ടി അതുവഴി സർക്കാരിൻെറ ഉത്തരവാദിത്വം വീണ്ടും കൂട്ടുകയാണോ.

സർക്കാർ വേതനം കൂട്ടാനും നിയന്ത്രണം ഏർപ്പെടുത്താനുമുള്ള ഉത്തരവാദിത്വം ഏറ്റെടുത്തശേഷം അതിന് സാധിക്കാതെ വന്നാൽ ആവശ്യമുള്ള എല്ലാവരുടേയും പരിരക്ഷണമേറ്റെടുത്ത് അതിന് സാധിക്കാതെവന്നാൽ തൊഴിൽ രഹിതർക്കുള്ള പിന്തുണ ഏറ്റെടുത്ത് അപ്രകാരം ചെയ്യാതിരുന്നാൽ പലിശ രഹിത വായ്പ നല്കാം. എന്ന് ഏറ്റെടുത്ത് അപ്രകാരം ചെയ്യാതിരുന്നാൽ എന്താണ് ഫലം. മി. ഡി. ലമാർട്ടിന്റെ (Mr. De. Lamartine) വാക്കുകൾ അതായത് രാജ്യത്തിൻെറ ഉദ്ദേശംതന്നെ ബോധവത്ക്കരണവും വികസനവും ശക്തിപ്പെടുത്തലും ആത്മീയമാക്കലും സർവ്വോപരി ജനങ്ങളുടെ മനസ്സിനെ ശുദ്ധീകരിക്കുകയുമാണ് എന്നാണ്. എന്നാൽ സർക്കാരിൻെറ ഓരോ പിഴവുകളും ഇതുമൂലം അനിവാര്യമായ വിപ്ലവത്തിലേയ്ക്ക് നയിക്കുകയില്ലേ ?

## രാഷ്ട്രീയവും ധനകാര്യവും

(ഈ ചർച്ചയുടെ തുടക്കത്തിൽ നമ്മൾ സ്പർശിച്ചുപോയ രാഷ്ട്രീയവും ധന കാര്യവും തമ്മിലുള്ള ബന്ധത്തെപ്പറ്റി കൂടുതൽ ചിന്തിക്കാം).

രാഷ്ട്രീയ തത്വശാസ്ത്രം യുക്തിക്കനുസൃതമായി ഉണ്ടാക്കുന്നതിനു മുമ്പ് ധനകാര്യ ശാസ്ത്രം വികസിപ്പിക്കേണ്ടതാവശ്യമാണ്. ധനതത്വശാസ്ത്രം മനുഷ്യ ൻെറ താല്പര്യങ്ങൾ വൈവിദ്ധ്യാത്മകമാണോ, ചേർച്ചയുള്ളതാണോ എന്ന് തീരുമാനിക്കുന്നതാണ്. ഒരു ഭരണകൂടത്തിൻെറ യഥാർത്ഥ ചുമതലകൾ തീരുമാനിക്കുന്നതിന് രാഷ്ട്രനീതിയുണ്ടാക്കുന്നതിനു മുമ്പ് മേൽപറഞ്ഞ ധനകാര്യശാസ്ത്രം അറിയേണ്ടതുണ്ട്.

ധനശാസ്ത്രം പുരോഗമിച്ചാൽ ഉടൻതന്നെ രാഷ്ട്രതന്ത്രം തുടങ്ങുന്ന സമയത്തു തന്നെയും ഈ പ്രധാനപ്പെട്ട ചോദ്യത്തിന് ഉത്തരം കിട്ടേണ്ടതുണ്ട്. എന്താണ് നിയമം? അത് എപ്രകാരമാണ് വേണ്ടത്? അതിൻെറ വ്യാപ്തിയും പരിമിതിയും എത്രത്തോളമാണ്. നിയമനിർമ്മാതാക്കളുടെ നീതികരിക്കാവുന്ന അധികാരങ്ങൾ യുക്തിപരമായി എവിടെ അവസാനിക്കണം.

ഇതിനുള്ള ഉത്തരം ഒരു സംശയവുമില്ലാതെ ഞാൻ പറയാം. നിയമമെന്നാൽ അനീതിയെ തടയുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പൊതുവായ ശക്തി യാണ്. ചുരുക്കിപറഞ്ഞാൽ നിയമം നീതിയാണ്.

## നിയമനിർമ്മാണത്തിൻെറ യഥാർത്ഥ ചുമതലകൾ

നിയമ നിർമ്മാതാവിനും നമ്മുടെ വ്യക്തിത്വത്തിന്മേലും ആസ്തിയ്ക്കുമേലും പരമമായ അധികാരമുണ്ട് എന്നുപറയുന്നത് ശരിയല്ല. വ്യക്തികളും സ്വത്തുക്കളും നിയമനിർമ്മാതാവിന് മുമ്പുതന്നെ നിലനിന്നിരുന്നു. നിയമ നിർമ്മാതാവിൻെറ ചുമതല വ്യക്തികളുടേയും സ്വത്തുക്കളുടേയും സുരക്ഷ ഉറപ്പുവരുത്തലാണ്.

നമ്മുടെ മനസ്സിനെയും ആശയങ്ങളേയും, ഉദ്ദേശങ്ങളേയും വിദ്യാഭ്യാസത്തേയും അഭിപ്രായങ്ങളേയും ജോലികളേയും വ്യാപാരത്തേയും കഴിവുകളേയും ഉല്ലാസങ്ങളേയും ക്രമീകരിക്കുക എന്നതല്ല നിയമത്തിൻെറ യഥാർത്ഥ ഉദ്ദേശ്യം. അപ്രകാരമുള്ള പ്രവർത്തികൾ ചെയ്യാനുള്ള സ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയും അതിന്മേലുള്ള കടന്നുകയറ്റത്തെ ചെറുക്കുകയുമാണ്.

അപ്രകാരം ചെയ്യാൻ നിയമത്തിന് ശക്തിയുടെ പിന്തുണ വേണമെന്നുള്ളതു കൊണ്ട് അതിൻെറ നിയമപരമായ നടപ്പിലാക്കൽ അപ്രകാരം ബലപ്രയോഗം

വേണ്ട സ്ഥലത്തുമാത്രമാണ്. ഇതാണ് നീതി.

സ്വയം പ്രതിരോധിക്കാൻവേണ്ടി ബലം പ്രയോഗിക്കുന്നതിന് എല്ലാവർക്കും അവകാശമുണ്ട്. അപ്രകാരംതന്നെ വ്യക്തികളുടെ മേൽപ്രകാരമുള്ള അവകാശത്തിൻെറ ഒത്തുകൂടൽ മാത്രമായ കൂട്ടായ ശക്തി നിയമപാലക മായി ഉപയോഗിക്കുന്നത് സമൂഹത്തെ സ്വയം പ്രതിരോധിക്കാൻ മാത്രമായി രിക്കണം. അതിനല്ലാതെ അപ്രകാരമുള്ള ശക്തി നിയമപരമായി മറ്റൊരു കാര്യത്തിന് ഉപയോഗിക്കുവാൻ പറ്റുകയില്ല.

നിയമം എന്നത് വ്യക്തികളുടെ സ്വയംപ്രതിരോധത്തിനുള്ള അവകാശത്തിന്റെ സംഘടിത രൂപമാണ്. അത് നിയമമുണ്ടാക്കുന്നതിന് മുൻപുതന്നെയുള്ള തുമാണ്. നിയമമെന്നാൽ നീതിയാണ്.

## നിയമവും സഹാനുഭൂതിയും ഒന്നല്ല

നിയമത്തിൻെറ ഉദ്ദേശ്യം വ്യക്തികളെ അമർച്ച ചെയ്യുകയും അവരുടെ സ്വത്തുക്കൾ കൊള്ളയടിക്കലുമല്ല. നിയമം മാനവോപകാരപരമായ കാര്യങ്ങൾ ചെയ്യുന്നുണ്ടാകാം. എന്നാൽ നിയമത്തിൻെറ പരമമായ ഉദ്ദേശ്യം വ്യക്തികളേയും സ്വത്തുക്കളേയും സംരക്ഷിക്കുക എന്നതാണ്.

നിയമത്തിൻെറ നടത്തിപ്പിൽ അത് വ്യക്തികളെ അടിച്ചമർത്തുകയും സ്വത്തു ക്കൾ കൊള്ള ചെയ്യുന്നുണ്ടെങ്കിൽ നിയമം മനുഷ്യസ്നേഹപരമാണെന്ന് പറയുവാൻ പറ്റുകയില്ല. ഇത് ഒരു വിരോധാഭാസമാണ്. വ്യക്തികളേയും സ്വത്തുക്കളേയും ബാധിക്കാതെ നിയമം നടപ്പിലാക്കാൻ സാധിക്കുകയില്ല. എന്നാൽ അപ്രകാരം സംരക്ഷണം നല്കാതെ നിയമം നടപ്പിലാക്കുമ്പോൾ അത് വ്യക്തിസ്വാതന്ത്ര്യത്തിൻേറയും സ്വത്തിൻെറ അവകാശത്തേയും നിരാകരി ക്കലാണ്.

നിയമം നീതിയാണ്. വ്യക്തവും ലളിതവും കൃത്യവും ബന്ധിതവുമാണ്. അത് എല്ലാവർക്കും കാണാവുന്നതും അനുഭവിക്കാവുന്നതുമാണ്. എന്തെന്നാൽ നീതി അളക്കാവുന്നത് സ്ഥിരമായ മാറ്റമില്ലാത്തതുമാണ്. നീതി ഇതിൽ കൂടുതലോ കുറവോ അല്ല.

എന്നാൽ ഈ പരിധിവിട്ട് നിയമം ഉണ്ടാക്കിയാൽ അതായത് നിയമത്തിന് മതപരമായോ, ഭ്രാന്തീയമായോ, ലോകോപകാരപ്രദമായോ, വ്യവസായികമായോ, സാഹിത്യപരമായോ തുല്യപ്പെടുത്താതെ കലാപരമായോ ഉള്ള നിറം കൊടുക്കു കയാണെങ്കിൽ അത് പരിധിവെക്കാത്ത സ്ഥലങ്ങളിൽ ചേക്കേറുകയും

വ്യക്തത ഇല്ലാത്തതും കൃത്യത ഇല്ലാത്തതും നടപ്പാക്കാൻപറ്റാത്ത സാങ്കല്പിക ലോകത്തെത്തുകയും അതിനുപുറമേ നിരവധിയായ സാങ്കല്പിക ലോകങ്ങളിൽ വ്യവഹരിക്കുകയും ഒന്ന് ഒന്നിനോട് മത്സരിക്കുകയും ചെയ്യുന്ന അവസ്ഥ യുണ്ടാകും. ഇതിന് കാരണം ലോകോപകാരപ്രദവും സാഹോദര്യവും എല്ലാം പരിധിയില്ലാത്ത ആശയങ്ങളാണ്. നീതി എന്നത് പരിധിയിൽ നില്ക്കേണ്ട വ്യവസ്ഥയുമാണ്. പരിധിയില്ലാതെ തുടങ്ങിയാൽ എവിടെയാണ് നിറുത്തുക. നിയമം അതിനെ എവിടെതന്നെ തളയ്ക്കും?

## കമ്മ്യൂണിസത്തിലേയ്ക്കുള്ള ഉത്കൃഷ്ട പാത

മി. ഡി. സെന്റ് ക്രൈയിക്ക് (Mr. De. Saint - Cricq), മി. എം.ആർ.ഡി. സാലിഡി (Mr. M.R.D. Saild) ന്റെ അഭിപ്രായത്തിൽ ലോകോപകാരം എന്നത് ചില വ്യ വസായിക ഗണങ്ങളിൽ മാത്രം നില്ക്കേണ്ടതാണ്. അദ്ദേഹത്തിന്റെ അഭിപ്രാ യത്തിൽ ഉപഭോക്താക്കളെ നിയന്ത്രിച്ച് ഉല്പാദകർക്ക് ഗുണമുണ്ടാക്കലാണ് നിയമത്തിന്റെ പ്രവർത്തി.

മി. കൺസിഡറന്റ് (Mr.Considerant) തൊഴിലാളി സംഘങ്ങളുടെ തലതൊ ട്ടപ്പനാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നിയമംകൊണ്ടുള്ള ഉദ്ദേശ്യം തൊഴിലാളികൾക്ക് ആവശ്യമായ വസ്ത്രങ്ങളും വീടുകളും ഭക്ഷണങ്ങളും അത് ആവശ്യമായ മറ്റു ജീവിതസൗകര്യങ്ങളും ഉറപ്പുവരുത്തുക എന്നതാണ്.

മി. ലൂയി ബ്ലാങ് (Mr.Loui Blaang) പറയുന്നത് മേൽപറഞ്ഞ ഏറ്റവും ചുരുങ്ങിയ ഉറപ്പുകൾ പരിപൂർണ്ണ സാഹോദര്യത്തിന്റെ തുടക്കം മാത്രമാണെന്നും എല്ലാ തൊഴിലാളികൾക്കും ഉല്പാദന സാമഗ്രികൾ, ചിലവില്ലാത്ത വിദ്യാഭ്യാസവും ഉറപ്പു വരുത്തുന്നതായിരിക്കണം നിയമമെന്നത്.

വേറെ ഒരാളുടെ നിരീക്ഷണത്തിൽ മേൽപറഞ്ഞ വ്യവസ്ഥകളെല്ലാം ഉണ്ടാക്കി യാലും പിന്നെയും അസമത്വവും നിലനില്ക്കുമെന്നും അതിനാൽ എല്ലാം അവർ ക്കും അതായത് എത്തിച്ചേരുവാൻ ഏറ്റവും ബുദ്ധിമുട്ടുള്ള സ്ഥലത്ത് ജീവിക്കുന്നയാൾക്കുവേണ്ടി ആഡംബരവും സാഹിത്യവും കലയും ഉറപ്പു വരുത്തുന്നതായിരിക്കണം നിയമം എന്നതാണ്.

മേൽപറഞ്ഞ വാദങ്ങൾക്കെല്ലാം കമ്മ്യൂണിസത്തിലേയ്ക്കുള്ള ഉത്കൃഷ്ട പാദങ്ങളാണ്. അപ്രകാരമാണെങ്കിൽ നിയമനിർമ്മാണമെന്നത് എല്ലാവരുടെയും ആർത്തിയുടേയും ഭാവനാശക്തിയുടേയും യുദ്ധക്കളമായി മാറും. ഇപ്പോൾ തന്നെ അപ്രകാരമാണ്.

## ഒരു സുസ്ഥിര ഭരണകൂടത്തിൻെറ അടിസ്ഥാനം

നിയമം നീതിതന്നെയാണ്. ഈ ആശയത്തിൽ ഒരു ലളിതവും നീു നില്ക്കുന്നതുമായ ഭരണകൂടത്തെ സങ്കല്പിക്കാവുന്നതാണ്. അനീതിയെ ഇല്ലാതാക്കുന്നതിനുമാത്രം ശ്രദ്ധിക്കുന്ന സംഘടിത ശക്തിയുള്ള ഒരു സർക്കാരിനെതിരെ ഏതെങ്കിലും ചെറിയതോതിലുള്ള എതിർപ്പോ, കലാപമോ, വിപ്ലവം തന്നെയുാകുമെന്ന് പ്രവചിക്കാൻ ആർക്കെങ്കിലും ധൈര്യമുാകുമോ.

അപ്രകാരമുള്ള ഭരണത്തിൻകീഴിൽ ഏറ്റവും കൂടുതൽ പുരോഗമനവും അഭിവൃദ്ധിയും ഉാവുകയും അത് സമമായും വിതരണം ചെയ്യപ്പെടുകയും ചെയ്യും. മനുഷ്യൻെറ ഒഴിച്ചുകൂടാൻപറ്റാത്ത ദീനങ്ങൾക്ക് അപ്പോൾ ആരും ഭരണകൂടത്തെ കുറ്റം പറയുകയുമില്ല. ഭരണകൂടത്തിൻെറ പ്രവർത്തി അനീതിയെ അടിച്ചമർത്തൽ മാത്രമായിരിക്കുമ്പോൾ മേൽപറഞ്ഞ ഉത്തരവാദിത്വം ഭരണകൂടത്തിനുാവുകയില്ല. കാലാവസ്ഥയുടെ മാറ്റത്തിന് ഭരണകൂടത്തിന് ഉത്തരവാദിത്വം ഇല്ലാത്തതുപോലെതന്നെ മേൽപറഞ്ഞവർക്ക് അത് ഉത്തരവാദിയാവുകയില്ല.

മേൽപറഞ്ഞ പ്രഖ്യാപനത്തിന് ഒരുദാഹരണം ഇപ്രകാരമാണ്. കൂടുതൽ കൂലി കിട്ടുന്നതിനോ, പലിശരഹിത വായ്പ കിട്ടുന്നതിനോ, നിർമ്മാണോപകരണങ്ങൾ കിട്ടുന്നതിനോ അനുകൂലമായ ചുങ്കത്തിനോ, സർക്കാർ ജോലിക്കോ വേി നീതിന്യായ കോടതികൾക്കെതിരെ ജനങ്ങൾ സമരം ചെയ്ത ചരിത്രമുോ? എന്തുകൊന്നാൽ നീതിന്യായ കോടതികളുടെ അധികാരപരിധിയിൽവേ മേൽപറഞ്ഞ കാര്യങ്ങളെന്നും എല്ലാവർക്കുമറിയാം. അതുപോലെതന്നെ ഭരണകൂടം അതിൻെറ യഥാർത്ഥ ചുമതലകളിൽ ഒതുങ്ങിനിന്നാൽ നിയമത്തിൻെറ പരിധിയിലുള്ള കാര്യങ്ങളെല്ലാം മേൽപറഞ്ഞ കാര്യങ്ങളെന്ന് എല്ലാവർക്കും ബോധ്യമാകും.

എന്നാൽ സാഹോദര്യത്തിൻെറ സിദ്ധാന്തത്തിലാണ് നിയമം ഉാക്കിയിരിക്കുന്നതെന്ന് പ്രഖ്യാപിച്ചും നിയമത്തിൽ നിന്നാണ് എല്ലാ നന്മയും തിന്മയും ഉാകുന്നതെന്ന് അവകാശപ്പെട്ടും വ്യക്തിപരമായ അപകടവും സാമൂഹിക അസന്തുലിതാവസ്ഥയ്ക്കും നിയമത്തെ ഉത്തരവാദിയാക്കുകയും ചെയ്താൽ പരാതികളുടേയും കുഴപ്പങ്ങളുടേയും അസ്വസ്തതകളുടേയും വിപ്ലവങ്ങളുടെതന്നെ അനന്തമില്ലാത്ത തുടർച്ചയ്ക്കുള്ള വാതിലുകൾ തുറക്കലായിരിക്കുമത്.

## നീതി എന്നതിനർത്ഥം അവകാശ സമത്വമാണ്

നിയമം എന്നാൽ നീതിയാണ്. നിയമം മറ്റേതെങ്കിലുമാകുമെങ്കിൽ അത് തികച്ചും

അസാധാരണവുമാണ്. എല്ലാ അവകാശങ്ങളും ഒരുപോലെയല്ലേ? എന്ത് അവകാശത്തിൻെറ ബലത്തിലാണ് എന്നോട് മി.മിമിറൽ (Mr. Mimeren), മി.ഡി. മിലൂൺ (Mr. D. Melun), മി.തിയർ (Mr. Thiers), മി. ലൂയി ബ്ലാങ്ങ് (Mr. LouicBlaang) എന്നിവരുടെ സാമൂഹ്യ പദ്ധതികൾക്കനുസൃതമാക്കാൻ ആവശ്യപ്പെടുന്നത്. നിയമത്തിന് അപ്രകാരമുള്ള ധാർമ്മിക അവകാശം ഉണ്ടെങ്കിൽ എന്തുകൊണ്ട് ഈ മാന്യന്മാരോട് എൻെറ പദ്ധതികൾ അംഗീകരിക്കാൻ ആവശ്യപ്പെട്ടുകൂടാ? എനിക്കുമാത്രം മേൽപറഞ്ഞ ആദർശരാഷ്ട്രം സ്വപ്നംകാണാൻ ഉള്ളത്ര ഭാവനാ വിലാസം പ്രകൃതി തന്നില്ലായെന്ന് എങ്ങനെ കരുതാം? പല ഭാവനാ വിലാസത്തിൽ ഒന്നിനെ നിയമം എങ്ങനെയാണ് തിരഞ്ഞെടുക്കുന്നതെന്ന് വ്യവസ്ഥാപിത ഭരണകൂടത്തെ അത് നടപ്പിലാക്കാൻ ഉപയോഗിക്കുന്നു.

നിയമം നീതിയാണ്. പൊതുവെ പറയുന്നതുപോലെ ഈ ആശയത്തിൻ കീഴിൽ നിയമം ഹൃദയമില്ലാത്തതും വ്യക്തിപരവും നിരീക്ഷരവാതപരവുമായ ഒന്നാണെന്ന് പറയില്ലേ? നിയമമാണ് മനുഷ്യരാശി എന്നു വിശ്വസിച്ച് ഭരണകൂടത്തെ ആരാധിക്കുവാൻ മാത്രം കഴിവുള്ള ഒരു വിഢ്ഢിത്ത സങ്കല്പമാണിത്.

എന്തൊരു വിഢ്ഢിത്തം! ഭരണകൂടത്തിൻെറ ആരാധകർ സ്വതന്ത്ര്യ മനുഷ്യരില്ലായെന്ന് വിശ്വസിക്കുന്നവരാണ്. നമ്മൾക്ക് നിയമത്തിൽ നിന്നും ഊർജ്ജം കിട്ടിയിട്ടില്ലെങ്കിൽ മറ്റൊരു ഊർജ്ജവും നമ്മൾക്കില്ലായെന്ന് വരുമോ? നമ്മുടെ കഴിവുകളുടെ സ്വതന്ത്രമായ ഉപയോഗത്തെ സംരക്ഷിക്കുവാൻ മാത്രമായി നിയമത്തെ പരിമിതപ്പെടുത്തിയാൽ നമ്മുടെ കഴിവുകൾ ഉപയോഗിക്കാൻ പറ്റാതെ വരുമോ ? നിയമം നമ്മളെ ചിലതരം മതങ്ങൾ സംഘടിത പ്രസ്താപനങ്ങളിലും വിദ്യാഭ്യാസ രീതികളിലും തൊഴിൽ നിയന്ത്രണങ്ങളിലും വ്യാപാര നിയന്ത്രണങ്ങളിലും ധർമ്മ പ്രവർത്തികളിലും ഏർപ്പെടാൻ നിർബന്ധിക്കാതിരുന്നാൽ നമ്മൾ നിരീശ്വരവാതത്തിലേയ്ക്കും ആർത്തിയിലേയ്ക്കും ഏകാന്തതയിലേയ്ക്കും ദുരിതത്തിലേയ്ക്കും കൂപ്പുകുത്തും എന്നാണോ വിവക്ഷിക്കേണ്ടത്? നമ്മൾ സ്വതന്ത്രരാണെങ്കിൽ ദൈവ ശക്തിയും ദൈവ നന്മയും നമ്മൾ തിരിച്ചറിയുകയില്ലായെന്നാണോ. മനുഷ്യർ തന്നേയും കൂട്ടുകൂടുകയില്ലെന്നുംപരസ്പരം സഹായിക്കുകയില്ലെന്നും സ്നേഹിക്കുകയില്ലെന്നും ഭാഗ്യഹീനരായ സഹോദരങ്ങളെ സ്നേഹിക്കുകയില്ലെന്നും പ്രകൃതിയുടെ രഹസ്യങ്ങളെപ്പറ്റി പഠിക്കുകയില്ലെന്നും നമ്മുടെ കഴിവുകൾ പരമാവധി കൂട്ടുകയില്ലെന്നുമാണോ ഇതിനർത്ഥം.

## അന്തസ്സിലേയ്ക്കും പുരോഗതിയിലേയ്ക്കുമുള്ള പാത

നിയമം നീതിയാണ്. ഈ നിയമത്തിൻെറ നീതിയിലൂടെയാണ് അതായത് അവകാശങ്ങളുടെ വാഴ്ചയും സ്വാതന്ത്ര്യത്തിൻെറ ശക്തിയും സുരക്ഷയും ഉത്തരവാദിത്വവും സ്ഥിരതയും എല്ലാവർക്കും കിട്ടുന്നത്. എല്ലാവരുടേയും യഥാർത്ഥ വിനയവും അന്തസ്സും തിരിച്ചറിയുന്നത് ഈ നീതിയുടെ നിയമത്തിലൂടെയാണ്. മനുഷ്യർ ഉറപ്പായിട്ടും എന്നാൽ സാവധാനത്തിലും ദൈവം നിശ്ചയിച്ചിട്ടുള്ള മാനവികതയുടെ സമാധാനപൂർണ്ണവും നിശ്ചിതവുമായ പുരോഗതിയിലേയ്ക്ക് നീങ്ങുന്നത് മനുഷ്യബന്ധങ്ങളിലുള്ള കുഴപ്പങ്ങൾക്കുള്ള പ്രതിവിധി സ്വാതന്ത്ര്യത്തിൽ കണ്ടെത്താനാകും. ഇത് സൈദ്ധാന്തികമായും ശരിയാണെന്ന് എനിക്ക് തോന്നുന്നു. ഏതു വിഷയത്തെപ്പറ്റിയുള്ള ചർച്ചയായാലും അത് മതപരമാകട്ടെ താത്വികമാകട്ടെ, രാഷ്ട്രീയമാകട്ടെ, സാമ്പത്തികമാകട്ടെ, അത് സമൃദ്ധിയെപ്പറ്റിയുള്ളതാകട്ടെ, ധാർമ്മികതയെപ്പറിയുള്ളതാകട്ടെ, സമത്വത്തെപ്പറ്റിയോ അവകാശത്തെപ്പറ്റിയോ, നീതിയെപ്പറ്റിയോ വികസനത്തെപ്പറ്റിയോ, ഉത്തരവാദിത്വത്തെപ്പറ്റിയോ, സഹകരണത്തെപ്പറ്റിയോ, സ്വത്തിനെപ്പറ്റിയോ, തൊഴിലിനെപ്പറ്റിയോ, വ്യാപാരത്തെപ്പറ്റിയോ, മൂലധനത്തെപ്പറ്റിയോ, കൂലിയെപ്പറ്റിയോ, ജനസംഖ്യയെപ്പറ്റിയോ, സാമ്പത്തികത്തിനെപ്പറ്റിയോ, ഭരണകൂടത്തെപ്പറ്റിയോ, ഏതു വിഷയത്തെപ്പറ്റിയും ഞാൻ എൻെറ ശാസ്ത്രീയ ചക്രവാളം തുറക്കുമ്പോൾ എല്ലാം ഒരേ ഒരു പരിസമാപ്തിയിലാണ് എത്തിച്ചേരുന്നത്. അത് സ്വാതന്ത്ര്യമാണ്. എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഉത്തരമാണ്.

## ഒരു ആശയത്തിൻെറ സാക്ഷ്യം

നമ്മുടെ അനുഭവങ്ങൾ മേൽപ്പറഞ്ഞ കാര്യം സാക്ഷ്യപ്പെടുന്നില്ലേ ? ലോകത്തിനെ മുഴുവൻ വീക്ഷിക്കുക ഏറ്റവും സമാധാനവും ധർമ്മവും സന്തോഷകരവുമായ ജനതയുമുള്ള രാജ്യങ്ങൾ ഏതാണ് ? വ്യക്തിപരമായ കാര്യങ്ങളിൽ ഏറ്റവും കുറച്ച് ഇടപെടുന്ന ഭരണകൂടങ്ങളുള്ള രാജ്യങ്ങളിലാണ് സമാധാനവും ധാർമ്മികവും സന്തോഷവുമുള്ള ജനതകളെ കാണാൻ സാധിക്കുക. അവിടെ ഭരണകൂടത്തെ വളരെ പരിമിതമായി മാത്രമെ അനുഭവപ്പെടുകയുള്ളൂ. വ്യക്തികൾക്ക് ഏറ്റവും വലിയ ലക്ഷ്യവും സ്വതന്ത്രമായ അഭിപ്രായത്തിന് ഏറ്റവും വലിയ സ്വാധീന ശക്തി, ഭരണപരമായ ശക്തി വളരെ കുറച്ച് ലളിതവും നികുതി വളരെ ലഘുവും ഏകാന്തവും സമത്വമുള്ളതുമായതും പൊതു പ്രതിഷേധം ഏറ്റവും കുറഞ്ഞതും ഏറ്റവും കുറച്ച് ന്യായീകരണമുള്ളതുമായ വ്യക്തികളും സംഘങ്ങളും ഉത്തരവാദിത്വങ്ങൾ പെട്ടെന്ന് ഏറ്റെടുക്കുന്നതുമായത് തന്മൂലം സ്വഥവേ വികലമായ ധാർമ്മിക മൂല്യങ്ങൾക്കുള്ള മനുഷ്യരുടെ

ധാർമ്മിക മൂല്യങ്ങളുടെ സ്ഥിരമായ വളർച്ചയും വ്യാപാരവും സംഘടനകളും വളരെ കുറച്ച് നിയന്ത്രണവും തൊഴിലിനും മൂലധനത്തിനും ജനങ്ങൾക്ക് ഏറ്റവും കുറച്ചുമാത്രമുള്ള നിർബന്ധിത മാറ്റങ്ങൾ മനുഷ്യൻ അവരുടെ സ്വാഭാവിക ശീലങ്ങൾക്കനുസരിച്ച് പെരുമാറുന്നത് മനുഷ്യന്റെ കണ്ടുപിടുത്തങ്ങൾ ദൈവ നീതിയോട് ചേർന്നുള്ളവയുമാകുന്നതുമാണ്. ചുരുക്കിപറഞ്ഞാൽ ഈ ആശയം പിന്തുടരുന്നവർ ലോകത്തിലെ ഏറ്റവും സന്തുഷ്ടരും ധാർമ്മികരും സമാധാനപ്രിയമുള്ളവരുമാകും. മനുഷ്യരാശി അപൂർണമാണെങ്കിലും എല്ലാ പ്രതീക്ഷയും അവകാശങ്ങളുടെ അതിർ വരമ്പുകളിൽ നിന്നുകൊണ്ടുള്ള മനുഷ്യരുടെ സ്വാതന്ത്ര്യവും സ്വാഭാവികവുമായ പ്രവർത്തിയിലാണ്. സാർവത്രിക നീതി നടപ്പിൽ വരുത്തുന്നതിനല്ലാതെ നിയമവും ശക്തിയും ഉപയോഗിക്കപ്പെടുവാൻ പാടുള്ളതല്ല.

## മറ്റുള്ളവരെ ഭരിക്കാനുള്ള ആഗ്രഹം

ഒരു കാര്യം പറയേണ്ടതുണ്ട് ലോകത്ത് വളരെ കൂടുതൽ "മഹാന്മാ"രുണ്ട്. നിയമ നിർമ്മാതാക്കൾ, സംഘാടകർ, നന്മ ചെയ്യുന്നവർ, ജന നേതാക്കൾ, രാഷ്ട്രപിതാക്കൾ അങ്ങിനെ പലരും മനുഷ്യകുലത്തിനു മുകളിൽ വളരെ കൂടുതൽ ആളുകൾ അവരെത്തന്നെ പ്രതിഷ്ഠിക്കുന്നുണ്ട്. അവർ അപ്രകാരം സംഘടിപ്പിക്കുന്നതും ഭരിക്കുന്നതും സഹായിക്കുന്നതും ഒരു തൊഴിലായി മാറ്റിയിരിക്കുകയാണ്.

അപ്പോൾ ചിലർ പറയും "നിങ്ങളും ഇതുതന്നെയല്ലെ ചെയ്യുന്നത്."

സമ്മതിച്ചു, പക്ഷേ ഞാൻ മറ്റൊരർത്ഥത്തിലാണ് ചെയ്യുന്നത് എന്ന് സമ്മതിക്കേണ്ടി വരും. ഞാൻ പരിഷ്കർത്താക്കളുടെ കൂടെ കൂടിയിട്ടുണ്ടെങ്കിലും അത് ജനതകളെ വെറുതെ വിടുവാൻ അത് അവരെ പ്രേരിപ്പിക്കുന്നതിനുവേണ്ടി യാണ്. ഞാൻ ജനങ്ങളെ വെൻക്കോസിൻ (Vancausion) അയാളുടെ ഓട്ടോമെറ്റോൺ (Automaton) നോക്കിയതുപോലെയല്ല നോക്കുന്നത്. എന്റെ ശരീര ശാസ്ത്രജ്ഞൻ മനുഷ്യ ശരീരത്തെ സ്വീകരിക്കുന്നതുപോലെയാണ് ഞാൻ ചെയ്യുന്നത്. ഞാൻ ജനങ്ങളെ അപ്രകാരംതന്നെ സീകരിക്കുന്നു. ഞാൻ പഠിക്കാൻ, ബഹുമാനിക്കാൻ മാത്രമേ ആഗ്രഹിക്കുന്നുള്ളൂ.

ഒരു വിഖ്യാത യാത്രികൻ പറഞ്ഞ ഒരു കഥയിലെപ്പോലെയാണ് എനിക്ക് മറ്റ് എല്ലാവരിലുമുള്ള സമീപനം. ഈ യാത്രികൻ ഒരു ദിവസം ഒരു കാട്ടാള കൂട്ടത്തിൽ ചെന്നുപെട്ടു. ഒരു പിഞ്ചുകുഞ്ഞ് അപ്പോൾ അവിടെ ജനിച്ചതേയു ള്ളൂ. ആ കുഞ്ഞിനെ അവിടെയുള്ള മാന്ത്രികരുടേയും മുറിവൈദ്യന്മാരുടെയും

ദൈവജ്ഞരുടേയും കൂട്ടം ചരടുകളും കമ്മലുകളും കൊളുത്തുമൊക്കെയായും ആ കുഞ്ഞിന് ചുറ്റും കൂടി. ഒരു കുട്ടിയുടെ മൂക്കിലെ ദ്വാരങ്ങൾ വിടർത്തിയില്ലെങ്കിൽ ആ കുട്ടിക്ക് സുഗന്ധ ദ്രവ്യങ്ങളുടെ മണം തിരിച്ചറിയില്ല. മറ്റൊരുത്തൻ പറഞ്ഞു. കുട്ടിയുടെ തോളറ്റംവരെ ചെവിയുടെ മാംസളമായ കീഴ്ഭാഗം വലിച്ച് നീട്ടിയില്ലെങ്കിൽ ഈ കുട്ടിയ്ക്ക് ചെവി കേൾക്കാൻ പറ്റുകയില്ല. ഈ കുട്ടിയുടെ കണ്ണ് ഞാൻ വ്യത്യാസപ്പെടുത്തിയില്ലെങ്കിൽ കുട്ടിയ്ക്ക് സൂര്യരശ്മികളെ ഒരിക്കലും കാണാൻ കഴിയില്ല. മറ്റൊരുത്തൻ കുട്ടിയുടെ കാല് താൻ വളച്ചില്ലെങ്കിൽ അവന് ഒരിക്കലും നേരെ നില്ക്കാൻ പറ്റുകയില്ലെന്നും ഇനിയൊരുത്തൻ കുട്ടിയുടെ തലയിൽ അടിച്ചില്ലായെങ്കിൽ ചിന്തിക്കാൻ പറ്റുകയില്ലെന്നും പറഞ്ഞു.

യാത്രികൻ ക്ഷോഭത്തോടെ ഈ വർത്തമാനം നിറുത്തുവാനാവശ്യപ്പെട്ടു. തുടർന്ന് അയാൾ ഇപ്രകാരം പറഞ്ഞു "ദൈവം എന്തൊക്കെ ചെയ്തിട്ടുണ്ടോ അതെല്ലാം നല്ലതായിട്ടാണ് ചെയ്തിട്ടുള്ളത് ദൈവത്തേക്കാൾ അറിവുണ്ടെന്ന് അവകാശപ്പെടല്ലേ. ഈ, സാധു ജീവിക്കുന്നതിന് ആവശ്യമായ അവയവങ്ങൾ ദൈവം നല്കിയിട്ടുണ്ട് അവ ഉപയോഗിച്ചും അറിഞ്ഞും വ്യായാമം ചെയ്തും സ്വതന്ത്രമായും വികസിക്കുകയും ശക്തിപ്പെടുകയും ചെയ്യട്ടെ."

## നമുക്ക് സ്വാതന്ത്ര്യം എന്താണെന്ന് മനസിലാക്കാം

ഓരോ മനുഷ്യർക്കും അവരുടെ വിധിയനുസരിച്ച് സാക്ഷാത്ക്കരിക്കാനുള്ള കഴിവുകൾ ദൈവം നല്കിയിട്ടുണ്ട്. ദൈവം ഒരു സാമൂഹിക ഘടനയും മാനുഷിക ഘടനയും ഒരുക്കിയിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായുവിൽ ഈ സാമൂഹിക ഘടകങ്ങൾ സ്വച്ഛന്ദമായി വികസിക്കാനുള്ള കഴിവും അവയ്ക്ക് ദൈവം നല്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ മുറിവൈദ്യന്മാരുടെയും സംഘാടകരുടേയും സഹായം ആവശ്യമില്ല. അവരുടെ ചങ്ങലകളും കുടുക്കുകളും ചവണകളും മനുഷ്യനാവശ്യമില്ല. അപ്രകാരമുള്ള കൃത്രിമമായ സംവിധാനങ്ങൾ പുറത്തുപോകട്ടെ. ഭരണക്കാരുടെ തോന്ന്യവാസങ്ങളും അവരുടെ സാമൂഹിക പദ്ധതികളും അവരുടെ കേന്ദ്രീകൃത വ്യവസ്ഥയും അവരുടെ ചുങ്കങ്ങളും സർക്കാർ സ്ക്കൂളുകളും സർക്കാർ മതങ്ങളും സ്വാതന്ത്ര്യ ധനസഹായവും ബാങ്ക് കുത്തകകളും അവരുടെ ചട്ടങ്ങളും പരിമിതപ്പെടുത്തലുകളും നികുതിമൂലമുള്ള സമത്വവൽക്കരണവും അവരുടെ ധാർമ്മികമായ സദാചാര്യ മൂല്യങ്ങളും പുറത്തുപോകട്ടെ.

നന്മദാതാക്കളും നിയമനിർമ്മാതാക്കളും സമൂഹത്തിന്മേൽ അടിച്ചേല്പിച്ച പലവിധ സംവിധാനങ്ങൾ കാരണം അവർ തുടങ്ങിയിടത്തുതന്നെ തിരിച്ചെത്തിയിട്ടുണ്ടാകും. എല്ലാം മേൽപ്രകാരമുള്ള എല്ലാ സംവിധാനങ്ങളേയും നിരാകരിക്കുക. സ്വാതന്ത്ര്യത്തെ പരീക്ഷിക്കുക. സ്വാതന്ത്ര്യം എന്നാൽ ദൈവത്തോടുള്ള വിശ്വാസത്തേയും ദൈവത്തിന്റെ പ്രവർത്തികളോടുള്ള അംഗീകാരമാണ്.